പുസ്തകം 77
ലക്കം 9
ഒക്ടോബർ 2005
ഇഖാഅ് 1384
ശഅബാൻ - റമദാൻ 1426



**ചീഫ് എഡിറ്റർ**
മൗലവി മുഹമ്മദ് ഇസ്മായിൽ

**എഡിറ്റർ**
ഏ. എം. മുഹമ്മദ് സലിം

**എഡിറ്റോറിയൽ ബോർഡ്**
പ്രൊഫ. മഹ്മൂദ് അഹ്മദ്
(ചെയർമാൻ)
കെ.വി. ഈസക്കോയ
കെ. വി. ഹസ്സൻ കോയ
പി. എം. ബഷീർ അഹ്മദ്
ഐ. കെ. അഹ്മദ്കുട്ടി

**മാനേജർ**
എം.കെ. ഇമ്പിച്ചിക്കോയട്ടി

**സെക്രട്ടറി**
പി. എം. അഹ്മദ് ഹസ്സൻ

**സർക്കുലേഷൻ മാനേജർ**
എസ്. മുഹമ്മദ് സലിം



വരിസംഖ്യ - 100 ക.
ഒറ്റപ്രതി - 10 ക.



*വിലാസം*
**സത്യദൂതൻ**
**ജി. എച്ച്. റോഡ്, കോഴിക്കോട്.**
**ഫോൺ :** 0495 (Mob.) / 95495 (Land) } 5520733
**ഫാക്സ് :** 0495 - 2721609
e-mail: sathyadoothan@ahmadiyya.com



**സ്ഥാപിതം**
**1925**


# സത്യദൂതൻ

**മുക്കാൽ നൂറ്റാണ്ട് പിന്നിട്ട മലയാളത്തിലെ ഏക ഇസ്‌ലാമിക പ്രസിദ്ധീകരണം**


4 *യുഗശബ്ദം*
5 *മുഖക്കുറിപ്പ്*

**ലേഖനം**

6 *പ്രബോധനത്തിന്റെ സാത്വികമാനങ്ങൾ*
ഖലീഫത്തുൽ മസീഹ് V

9 *റമദാൻ മനുഷ്യനെ പരിശുദ്ധനാക്കുന്ന പുണ്യമാസം*
മുഹമ്മദ് ഉമർ എച്ച്.എ.

14 *പരിപൂർണ്ണ മനുഷ്യന്റെ മഹത്വത്തിന്റെ നിദാനങ്ങൾ*
എൻ.ഇ. ഹഖ്

22 *ദൈവവിശ്വാസം മതത്തിന്റെ അടിത്തറ*
മഹ്മൂദ് കൽക്കുളം

26 *ശരീഅത്ത്നിയമാധിഷ്ഠിത ഭരണം സാധ്യമാണോ?*
എസ്. മുഹമ്മദ് സലീം

30 *റസൂൽ തിരുമേനി(സ)യുടെ 'ഇസ്റാഉം മിഅ്റാജും'*
ഏ. പി. കുഞ്ഞാമു

**പുസ്തക പരിചയം**

25 *വാഗ്ദത്ത മസീഹിന്റെ അത്ഭുത ദൃഷ്ടാന്തങ്ങൾ*
പി.വി. അഹ്മദ് കോയ

**കവിത**

24 *പേനയുടെ വിലാപം*
കെ.പി.എ. പുന്നോൽ

33 *കുറിപ്പുകൾ, വാർത്തകൾ, അനുസ്മരണം*


**_മുഖചിത്രം :_ 19-ാം നൂറ്റാണ്ടിൽ പാരമ്പര്യരീതിയിൽ പണിത**
**5 നിലകളുള്ള ജുമാമസ്ജിദ് സിംഗാറാക്ക്, സുമാത്ര**


Printed & Published by A. P. Kunhamoo, for the Kerala Ahmadiyya Jama-at at Geethanjali Offset Press, Feroke, Calicut.
Edited by A. M. Muhammed Salim. Typeset, Layout & Cover Design : Victory Creations, CLT - 1.

## ഖുർആനിൽ നിന്ന്

വിശ്വസിച്ചവരേ നിങ്ങൾക്ക് മുമ്പുള്ളവർക്ക് നിർബന്ധമാക്കപ്പെട്ടത് പോലെ നിങ്ങൾക്കും വ്രതാനുഷ്ഠാനം നിർബന്ധമാക്കപ്പെട്ടിരിക്കുന്നു.


(വി. ഖുർആൻ 2:184)

## നബിവചനം

ഹദ്റത്ത് അബുഹുറയ്റ(റ)യിൽ നിന്നും നിവേദനം ചെയ്യുന്നു. കള്ളം പറയുന്നതിൽ നിന്നും അതുപോലുള്ള പ്രവൃത്തികളിൽ നിന്നും മുക്തനാകാത്ത ഒരാൾ തന്റെ ആഹാരപാനീയങ്ങൾ ഉപേക്ഷിക്കുന്നതുകൊണ്ട് അല്ലാഹുവിന് യാതൊരു കാര്യവുമില്ല.

***മുഹമ്മദ് നബി (സ) (ബുഖാരി)***

# വ്രതാനുഷ്ഠാനം



**വാഗ്ദത്ത മസീഹ്**

ഈ മാസം ഹൃദയപ്രകാശത്തിനുള്ള ഉത്തമമായ മാസമാണെന്നും അതിൽ അധികമായി ആത്മീയ ദർശനങ്ങൾ ഉണ്ടായിരിക്കുന്നതാണെന്നും സൂഫിവര്യന്മാർ എഴുതുന്നു. നമസ്കാരം ആത്മാവിന് സംസ്കരണവും വ്രതം ഹൃദയത്തിന് പ്രകാശവും പ്രദാനം ചെയ്യുന്നു. ആത്മസംസ്കരണം എന്നാൽ ദോഷപ്രവണമായ ആത്മാവിന്റെ ദേഹേച്ഛകളിൽ നിന്നും ദുരപ്പെടുക എന്നും, ഹൃദയപ്രകാശം എന്നാൽ ആത്മദർശനത്തിനുള്ള കവാടം തുറന്നു ദൈവ ദർശനം ലഭ്യമാകുക എന്നുമാണ്.

***(മൽഫൂസാത്ത്)***

മുഖക്കുറിപ്പ്

# വ്രതം : ആത്മസംസ്കരണത്തിന്റെ പ്രാചീനമാർഗ്ഗം

മനുഷ്യന്റെ സ്ഥൂല ശരീരത്തെ തളർത്തുകയും ആത്മീയ ശരീരത്തെ ഉണർത്തുകയും ചെയ്യുന്ന പുണ്യ കർമ്മമാണ് നോമ്പ്. ഭക്ഷണമുപേക്ഷിക്കുമ്പോൾ മനുഷ്യശരീരത്തിലുണ്ടാകുന്ന വിപരീത പരിതസ്ഥിതികളെ ആത്മ നിയന്ത്രണത്തിലൂടെ അടക്കിനിർത്തുകയും ആരാധനയിലൂടെയും ദൈവസ്മരണയിലൂടെയും, മറ്റ് പുണ്യകർമ്മ ങ്ങളിലൂടെയും നോമ്പുകാരൻ ആത്മീയാഭിവൃദ്ധി നേടുകയും ചെയ്യുന്നു. മനുഷ്യന്റെ ആത്മീയാഭിവൃദ്ധിക്കായി അല്ലാഹു പുരാതനകാലം മുതൽക്കെ ഏർപ്പെടുത്തിയ ഒരു സമ്പ്രദായമാണ് വ്രതാനുഷ്ഠാനം: ഖുർആൻ പറ യുന്നു:

"വിശ്വാസികളെ! നിങ്ങൾക്ക് മുമ്പുള്ളവർക്ക് നിർബന്ധമാക്കപ്പെട്ടിരുന്നത്പോലെ നിങ്ങൾക്കും വ്രതാനു ഷ്ഠാനം നിർബന്ധമാക്കപ്പെട്ടിരിക്കുന്നു. നിങ്ങൾ (ധാർമ്മികവും ആത്മീയവുമായ ന്യൂനതകളിൽ നിന്നു സുരക്ഷി തരാകുംവിധം) ദോഷബാധയെ സൂക്ഷിക്കുന്നതിന് വേണ്ടി (2:184).

വിവിധ മതങ്ങളിൽ വ്രതാനുഷ്ഠാനത്തിന്റെ വിഭിന്നരൂപങ്ങൾ കാണാവുന്നതാണ്. 'ഉപ ആവൃത്തസ്തുപാ പേഭ്യോ വാസോഗുണൗസഹ ഉപവാസ:' (സ്കന്ദ പുരാണം) 'പാപത്തിൽ നിന്നും പിന്തിരിഞ്ഞ് ഗുണത്തോടൊപ്പം വസിക്കുന്നത് ഉപവാസം' എന്നാണ് ഹിന്ദുമതത്തിൽ വ്രതത്തെപറ്റി പറയുന്നത്. യാഗഹോമാദികളായ അനു ഷ്ഠാനങ്ങൾ, വിവാഹാദിഷോഡശക്രിയകൾ, മരണാനന്തരമുള്ള അപരക്രിയകൾ മറ്റു ശ്രുതസ്മാർത്താദി ക്രിയ കൾ എന്നിവയൊക്കെ ചെയ്യുമ്പോൾ ഉപവാസമനുഷ്ഠിക്കണമെന്ന് ശ്രുതി സ്മൃതികൾ അനുശാസിക്കുന്നു. ശിവ രാത്രി, പ്രദോഷം തുടങ്ങിയ പുണ്യദിനങ്ങളിലും ഹിന്ദുക്കൾ വ്രതമനുഷ്ഠിക്കുന്നു. ഈ വ്രതങ്ങളിൽ ചിലത് ഒരു നേരം മാത്രം ഭക്ഷണം കഴിക്കുന്നതാണ്. ഈ രീതിക്ക് 'ഒരിക്കൽ' എന്നാണ് പറയുക. ബുദ്ധ മതാനുയായികൾ സുഖഭോഗനിവർത്തനവും വിരക്തിയുമാണ് ഉപവാസത്തിൽ ഊന്നുന്നത്. യഹൂദരിൽ പ്രവാസ ജീവിതത്തിന് ശേഷമാണ് പ്രത്യേക ദിനങ്ങളിൽ ഉപവാസം ആചരിക്കൽ നിജപ്പെടുത്തിയത്. പരസ്യോപവാസം എന്നറിയപ്പെ ടുന്ന ഈ ഉപവാസത്തിലെ കപടഭക്തിയെ ചില പ്രവാചകന്മാർ അപലപിക്കുന്നുണ്ട്. പുതിയ നിയമകാലത്ത് ഭക്തരായ പരീശന്മാർ ആഴ്ചയിൽ രണ്ടുതവണ ഉപവസിച്ചിരുന്നു. (മാർക്ക് 2:18) പ്രകടനാത്മകമായ കപട ഉപവാ സത്തെ യേശു കഠിനമായി അപലപിക്കുന്നതായും ബൈബിളിൽ കാണാം.

ഉപവാസത്തിന്റെ ആരോഗ്യപരമായ മേന്മ ആയുർവേദം പണ്ടേ അംഗീകരിച്ചതാണ്. ബൃഹണം (തടിപ്പി ക്കൽ) ലംഘനം (മെലിയിക്കൽ) എന്നീ ചികിത്സാരീതിയിൽ രണ്ടാമത് പറഞ്ഞതിനാണ് ഉപവാസം നിർദേശിച്ച ത്. ഈയടുത്ത കാലത്ത് അലോപ്പതി വൈദ്യശാസ്ത്രവും പലവിധ രോഗത്തിന്നുള്ള ശമനത്തിനും ഉപവാസത്തി ന്നുള്ള മാസ്മരികമായ കഴിവ് അംഗീകരിച്ചിട്ടുണ്ട്.

ഇസ്ലാം മതമാണ് ഉപവാസത്തെ അഥവാ വ്രതാനുഷ്ഠാനത്തെ ചന്ദ്രമാസത്തിലെ ഒരു മാസക്കാലമായി നിജപ്പെടുത്തി മതത്തിന്റെ നിർബന്ധ കർമ്മമാക്കി മാറ്റിയത്. നോമ്പ് മുസ്ലിം സമുദായത്തിൽ ചെലുത്തുന്ന സ്വാധീനം അളന്നു തിട്ടപ്പെടുത്താൻ കഴിയാത്തതാണ്. വ്രതാനുഷ്ഠാനത്തെപറ്റി വാഗ്ദത്ത മസീഹ് ഹദ്റത്ത് അഹ്മദ് (അ) പറയുന്നു:

'റമദ' എന്ന പദത്തിന്റെ അർത്ഥം സൂര്യതാപം എന്നാണ്. റമദാൻ മാസത്തിൽ ഒരു ഭാഗത്ത് ജനങ്ങൾ ഭക്ഷണപാനീയങ്ങളും മറ്റെല്ലാം ശാരീരിക സുഖങ്ങളും ത്യജിക്കുകയും മറുഭാഗത്ത് ദൈവികകല്പനകൾ അനു സരിക്കുന്നതിൽ ശ്രദ്ധയും ആവേശവും വളർത്തിക്കൊണ്ടുവരികയും ചെയ്യുന്നു. ആത്മീയവും ഭൗതികവുമായ ഈ ജ്വലനങ്ങളുടെ സംഗമമാണ് റമദാൻ. നോമ്പനുഷ്ഠാനം ആദ്യം ഒരു ഉഷ്ണമാസത്തിൽ ആരംഭിച്ചതുകൊ ണ്ടാണ് റമദാൻ എന്ന പേരുണ്ടായത് എന്ന ചില നിഘണ്ടുകർത്താക്കളുടെ നിഗമനം ശരിയല്ല എന്നാണെന്റെ അഭിപ്രായം. അത് അറബികൾക്ക് മാത്രമുള്ള പ്രത്യേക കാര്യമല്ല. ആത്മീയാർത്ഥത്തിൽ 'റമദ്' എന്നാൽ ആത്മീ യമായ ആവേശവും ആത്മജ്വലനവുമാണ്. കല്ലുകളേയും ഇതര വസ്തുക്കളെയും ചൂടുപിടിപ്പിക്കുന്ന ഉഷ്ണത്തിനും 'റമദ്' എന്നു പറയുന്നു.

........ നമസ്കാരം മനുഷ്യഹൃദയത്തെ ദോഷബാധകളിൽ നിന്ന് ശുദ്ധീകരിക്കുമ്പോൾ നോമ്പ് മനുഷ്യാ ത്മാവിനെ പ്രഭാപൂരിതമാക്കി തീർക്കുന്നു. ഹൃദയത്തിന്റെ ശുദ്ധീകരണം എന്നാൽ അനിയന്ത്രിതമായ അധമപ്രവ ണതകളുടെ ബന്ധനങ്ങളിൽ നിന്നുള്ള വിമുക്തിയത്രെ. ആത്മാവിന്റ പ്രകാശവത്ക്കരണം നിമിത്തം ഒരു സത്യവി ശ്വാസി ആത്മീയദർശനങ്ങളിൽ അനുഗൃഹീതനായി തീരുന്നു. (മൽഫൂസാത്ത്)

□

(ഖുത്ബ)

സൺസ്പീറ്റ് (ഹോളണ്ട്)ൽ 30 – 9 – 05 ന് നിർവ്വഹിച്ചത്

# പ്രബോധനത്തിന്റെ സാത്വികമാനങ്ങൾ

ഖലീഫത്തുൽ മസീഹ് V

## പ്രബോധകന്റെ ജീവിത വിശുദ്ധിയാണ് വാക്കുകളെ അർത്ഥവത്തും ആകർഷണീയവുമാക്കുന്നത്.

وَمَنْ أَحْسَنُ قَوْلًا مِّمَّن دَعَا إِلَى اللَّهِ وَعَمِلَ صَالِحًا وَقَالَ إِنَّنِي مِنَ الْمُسْلِمِينَ

**അ**ല്ലാഹുവിലേക്ക് ജനങ്ങളെ ക്ഷണിക്കുകയും സൽകർമ്മമനുഷ്ഠിക്കുകയും ഞാൻ അനുസരണമുള്ളവരിൽപെട്ടവൻ തന്നെയാണെന്ന് പറയുകയും ചെയ്യുന്ന ഒരുവനെക്കാൾ നല്ലവാക്ക് പറയുന്നവൻ ആരുണ്ട്? (*41:34*)

ഈ വചനത്തിൽ അല്ലാഹു നമ്മോട് പറയുന്നു: നിങ്ങൾ വിശ്വസിച്ചവരാണ്. കുറച്ച് ദീനീബോധമുള്ളവരാണ്. മുസ്‌ലിമായി എന്ന് നിങ്ങൾ വാദിക്കുന്നുമുണ്ട്. നാമമാത്ര മുസ്‌ലിമാകാതെ യഥാർത്ഥത്തിൽ നിങ്ങൾ മുസ്‌ലിംകളാണെങ്കിൽ, എന്നല്ല പരിപൂർണ്ണമായ അനുസരണത്തിന്റേയും ആജ്ഞാപാലനത്തിന്റേയും ആവേശമുൾക്കൊണ്ടുകൊണ്ടാണ് നിങ്ങൾ ഇസ്‌ലാം സ്വീകരിച്ചിട്ടുള്ളതെങ്കിൽ നിങ്ങൾക്ക് കുറച്ച് ഉത്തരവാദിത്തമുണ്ടെന്ന കാര്യം നിങ്ങൾ ഓർമ്മിക്കുക. അവയിലൊരു ഉത്തരവാദിത്തം മതപ്രചാരണവുമാണ്. നിങ്ങളുടെ കർമ്മവും പരിശുദ്ധമാകുമ്പോഴാണ് തബ്ലീഗ് അഥവാ മതപ്രബോധനം ഫലപ്രദവും ഫലവത്തുമായിത്തീരുന്നത്. സമ്പൂർണ്ണരായ അനുസരണശാലികളിൽ ഉൾപ്പെടുന്നതിനും നബി(സ) തിരുമേനിയുടെ കല്പനയനുസരിച്ച് പ്രവർത്തിക്കുന്നതിനും വേണ്ടി മാത്രമാണ് ഇക്കാലത്തെ നീതിമാനായ വിധികർത്താവായ ഹസ്റത്ത് മസീഹ് മൗഊദ്(അ)നെ വിശ്വസിച്ചിട്ടുള്ളതെന്ന് ഒരഹ്മദി വാദിക്കുന്നു. എന്നുമാത്രമല്ല ഇന്ന് അല്ലാഹുവിനോളം എത്താനുള്ള വഴി കാണിച്ചുതന്നത് ഹസ്റത്ത് മസീഹ് മൗഊദ്(അ) ആണെന്നും അതുകൊണ്ടാണ് ആ മഹാത്മാവിനെ വിശ്വസിക്കുന്നതെന്നും വാദിക്കുന്ന ഒരഹ്മദി, നബി(സ) തിരുമേനി പറഞ്ഞിട്ടുള്ള എല്ലാ കല്പനകളുമനുസരിച്ച് പ്രവർത്തിച്ചെങ്കിൽ മാത്രമേ സകല ദൈവികാനുഗ്രഹങ്ങളും ലഭിക്കുകയുള്ളൂ എന്ന കാര്യം എപ്പോഴും ഓർമ്മവയ്ക്കേണ്ടതാണ്. ഇക്കാലത്ത് ഹസ്റത്ത് മസീഹ് മൗഊദ്(അ) നമ്മുടെ ശ്രദ്ധ ക്ഷണിച്ചതും അതിലേക്കാണ്. തന്റെ സന്ദേശം ലോകത്തുള്ളവർക്കെല്ലാം എത്തിച്ചുകൊടുക്കാൻ നബി(സ) തിരുമേനിയോട് അല്ലാഹു പറഞ്ഞിരുന്നു. നബിതിരുമേനിയെ ഏറ്റവും വലിയ ദാഈഇലല്ലാഹ്, അല്ലാഹുവിലേക്ക് ക്ഷണിക്കുന്ന ആളായിട്ട് അല്ലാഹു പ്രഖ്യാപിച്ചു. പറയുന്നു:

وَدَاعِيًا إِلَى اللَّهِ بِإِذْنِهِ وَسِرَاجًا مُّنِيرًا

അല്ലാഹുവിന്റെ കല്പനയനുസരിച്ച് അവനിലേക്ക് ക്ഷണിക്കുന്ന ആളായും പ്രകാശിക്കുന്ന ഒരു സൂര്യനുമാക്കി അയച്ചിരിക്കുന്നു.

ഈ പ്രകാശിക്കുന്ന സൂര്യൻ എല്ലായിടത്തും അല്ലാഹുവിന്റെ അധ്യാപനങ്ങളുടെ പ്രകാശം പരത്തുകയുണ്ടായി. തന്റേതെല്ലാം ഈ വഴിയിൽ ബലിയർപ്പിച്ചു. അന്ധകാരങ്ങളെ അകറ്റി. അല്ലാഹുവിലേക്ക് ജനങ്ങളെ ക്ഷണിച്ചുകൊണ്ട് സ്വയം ആ അന്ധകാരങ്ങളെ അകറ്റുക മാത്രമല്ല ചെയ്തത്, അല്ലാഹുവിന്റെ കല്പനയനുസരിച്ച്, '***വമൻ അഹ്സനു ഖൗലൻ മിമ്മൻ ദആഇലല്ലാഹ്***' അനുസരിച്ച് തന്നെ വിശ്വസിക്കുന്നവരോടും അല്ലാഹുവിന്റെ സന്ദേശം എത്തിച്ചുകൊണ്ടേയിരിക്കുക എന്ന് അവിടന്ന് ഉപദേശിക്കുകയും ചെയ്തു. നിങ്ങൾ സംസാരിക്കുന്ന കാര്യങ്ങളിൽ ഏറ്റവുമധികം പ്രിയങ്കരവും മനോഹരവുമായ സംസാരം അല്ലാഹുവിന്റെ സന്ദേശമെത്തിക്കുമ്പോൾ പറയുന്ന കാര്യങ്ങളാണ്. പക്ഷേ, ഇതിനോടൊപ്പം എപ്പോഴും ഓർമ്മയിൽവയ്ക്കേണ്ട ഒരു കാര്യമുണ്ട്. അതായത്, അല്ലാഹുവിലേക്കുള്ള ക്ഷണവും പ്രബോധനവും അല്ലാഹുവിന്റേയും അവന്റെ റസൂലിന്റേയും പക്കൽ നന്മയായി ഗണിക്കപ്പെടുന്നത് നിങ്ങളുടെ കർമ്മങ്ങളും നല്ലതായിരിക്കുമ്പോഴാണ്. നിങ്ങളുടെ കർമ്മങ്ങൾ അല്ലാ

ഹുവും അവന്റെ റസൂലും കല്പിച്ചതനുസരിച്ചല്ലെങ്കിൽ നിങ്ങൾ പാപികളായിത്തീരും. അത്തരം പ്രബോധനങ്ങളിൽ ഒരിക്കലും അനുഗ്രഹവുമുണ്ടാവുകയില്ല. നിങ്ങൾ പറയുന്ന കാര്യങ്ങൾ കേട്ടിട്ട് താൽക്കാലികമായി ആരെങ്കിലും ആകർഷിക്കപ്പെട്ടേക്കാം. പക്ഷേ, നിങ്ങളുടെ ഇടയിൽ അവർ വരികയുംനിങ്ങളിൽ ചേരുകയും ചെയ്തിട്ട് നിങ്ങളുടെ പ്രവർത്തികൾ കാണുമ്പോൾ, ജമാഅത്തിൽ പ്രവേശിച്ച ആ വ്യക്തിയുടെമേൽ അല്ലാഹുവിന്റെ പ്രത്യേകമായ അനുഗ്രഹമില്ലെങ്കിൽ, നിങ്ങളുടെ വാക്കും പ്രവർത്തിയും രണ്ടായ കാരണത്താൽ അയാളുടെ വിശ്വാസത്തിന് ആഘാതമേല്ക്കാൻ ഇടയുണ്ട്. അയാൾ പറയും: ശരി തന്നെ. അദ്ധ്യാപനങ്ങളെല്ലാം നല്ലതാണ്. അതനുസരിച്ച് പ്രവർത്തിക്കാൻ ഞാൻ ശ്രമിക്കേണ്ടതാണ്. വളരെ മനോഹരമായ അദ്ധ്യാപനങ്ങളാണെന്ന് ഞാൻ വിശ്വസിക്കുന്നു. പക്ഷേ, ജമാഅത്തിൽ ചേരേണ്ട ആവശ്യം എനിക്കില്ല. എന്തുകൊണ്ടെന്നാൽ, ഇതിൽ ചേർന്നിട്ടുള്ളവരിൽ അധികം പേരുടേയും കർമ്മങ്ങൾ ഈ അദ്ധ്യാപനങ്ങൾക്ക് നിരക്കാത്തതാണ് ഈ അദ്ധ്യാപനങ്ങൾക്ക് വിരുദ്ധമാണ്.

ഈ യാത്രയിൽ സ്കാൻഡിനേവിയൻ രാജ്യങ്ങളിലെ ഒരു സ്ത്രീ എന്നോട് പറഞ്ഞു. അവർ അഹ്മദിയ്യത്തിനോട് വളരെ അടുത്തവരാണ്. വളരെ നല്ല ജമാഅത്തായിട്ടാണ് അവർ നമ്മെ കാണുന്നത്. ജുമുആ നിസ്കരിക്കുന്നതും മിക്കപ്പോഴും നമ്മോടൊപ്പമാണ്. പക്ഷേ, അവർ ബയ്അത്ത് ചെയ്യാൻ ആഗ്രഹിക്കുന്നില്ല. കാരണം അവർ പറയുന്നു: "ഞാൻ കണ്ടുകൊണ്ടിരിക്കുന്ന ഒരു കാര്യമുണ്ട്. അനഹ്മദിസ്ത്രീകളെപോലെ യാണ് ചില അഹ്മദിസ്ത്രീകളുടെ പ്രവൃത്തികളും തമ്മിൽത്തമ്മിൽ എതിരിലുള്ള സംസാരങ്ങളും. പിന്നെ ഞാൻ ജമാഅത്തിൽ ചേരേണ്ട ആവശ്യമെന്താണ്? ചിലപ്പോൾ ബയ്അത്ത് ചെയ്യണമെന്ന് തോന്നും. ചിലപ്പോൾ വേണ്ട എന്നു തോന്നും. വല്ലാത്ത അവസ്ഥയിലാണ് ഞാനുള്ളത്."

അല്ലാഹുവിലേക്ക് ക്ഷണിക്കുന്നതുമായി സൽക്കർമ്മങ്ങൾക്ക് വളരെ ബന്ധമുണ്ട്. അല്ലാഹുവിനോടും അവന്റെ സൃഷ്ടികളോടുമുള്ള കടമകൾ നിർവഹിക്കുന്നതിലേക്ക് ഒരുപാട് ശ്രദ്ധിക്കേണ്ട ആവശ്യമുണ്ട്. ഇല്ലെങ്കിൽ, പറയുന്നതൊക്കെ നല്ലതാണെങ്കിൽ തന്നെയും ചീത്ത മാതൃക കാരണത്താൽ സൽഫലമുളവാകുകയില്ല. നിങ്ങളുടെ ജ്ഞാനപരമായ തെളിവുകൾ നിങ്ങൾക്ക് പ്രയോജനപ്പെടുന്നത് നിങ്ങളുടെ കർമ്മങ്ങളും നല്ലതായിരിക്കുമ്പോഴാണെന്ന് ഹസ്റത്ത് മസീഹ് മൗഊദ് (അ) പറഞ്ഞിട്ടുണ്ട്. മറ്റുള്ളവരെ ആകർഷിക്കുന്ന കർമ്മങ്ങളാണ് സൽകർമ്മങ്ങൾ. അതുകൊണ്ട് ഇന്നത്തെ ചെറിയ ഖുത്വ്ബയിൽ ഈ ഭാഗത്തേക്ക് നിങ്ങളുടെ ശ്രദ്ധ ക്ഷണിക്കുകയാണ്. ഒന്ന് അല്ലാഹുവിലേക്ക് ജനങ്ങളെ ക്ഷണിക്കുന്ന കാര്യത്തിൽ നിങ്ങൾ ശ്രദ്ധ ചെലുത്തുക. ഹോളണ്ട്വാസികളിൽ ചിലർ- ചെറിയൊരു വിഭാഗം തീവ്രവാദികളും ഇവരിലുണ്ട്- മുസ്ലിംകൾക്കെതിരാണ്. എന്നാൽ, വലിയൊരു വിഭാഗം മതകാര്യങ്ങളിൽ താല്പര്യമുള്ളവരുമാണ്. അവർ ഇസ്ലാമിനെക്കുറിച്ച് കേൾക്കാൻ ഇഷ്ടപ്പെടുന്നു. ചെറിയൊരു രാജ്യമാണിത്. ഞാൻ പറഞ്ഞതുപോലെ ഇവിടത്തെ ജനങ്ങളിൽ അധികവും മാന്യന്മാരാണ്. അറേബ്യ ഉൾപ്പെടെയുള്ള മറ്റു രാജ്യങ്ങളിൽനിന്ന് ജനങ്ങൾ ഇവിടെ കുടിയേറിപ്പാർത്തിട്ടുണ്ട്. നിങ്ങൾ പരിപാടികൾ തയ്യാറാക്കിക്കൊണ്ട് അവരെ തബ്ലീഗ് ചെയ്താൽ, നിങ്ങളുടെ കർമ്മങ്ങളും അവരെ ആകർഷിക്കത്തക്കവിധം ഉറപ്പുള്ളതാക്കിത്തീർത്താൽ തദ്ദേശവാസികളിലും വിവിധ ജനതകളിലും നിങ്ങൾക്ക് വിജയംവരിക്കാൻ സാധിക്കുന്നതാണ്. ഇസ്ലാം- അഹ്മദിയ്യത്തിന്റെ സന്ദേശം ഫലപ്രദവും ഫലവത്തുമായ നിലയിൽ എത്തിക്കാനുള്ള അവസരം ലഭിക്കുന്നതാണ്. ഇൻശാഅല്ലാഹ്. മാസത്തിലോ അല്ലെങ്കിൽ വല്ലപ്പോഴുമോ ഒരു ബുക്ക് സ്റ്റാൾ സംഘടിപ്പിച്ചാൽ, എക്സിബിഷൻ പരിപാടികളിൽ ഒരു ബുക്ക്സ്റ്റാൾ ഇട്ടാൽ അതുമതിയായ തബ്ലീഗാണെന്ന് നാം മനസ്സിലാക്കുന്നു. ഇത് തബ്ലീഗിനുള്ള ഒരു മാർഗ്ഗമാണെന്നത് ശരിതന്നെ. നബി(സ) തിരുമേനിയും ഈ രീതിയിൽ തബ്ലീഗ് ചെയ്യാറുണ്ടായിരുന്നു. ഹജ്ജിന്റെ അവസരങ്ങളിലും മറ്റു മേളകൾ നടക്കുമ്പോഴും അവിടെ പോയി ജനങ്ങളെ അല്ലാഹുവിലേക്ക് ക്ഷണിക്കാറുണ്ടായിരുന്നു. പീഢനങ്ങളും നബിതിരുമേനിക്ക് സഹിക്കേണ്ടി വന്നിട്ടുണ്ട്. പക്ഷേ, ഇതുകൂടാതെയും തബ്ലീഗിന് ഒരുപാട് വഴികളുണ്ട്. നബി(സ) തിരുമേനി തബ്ലീഗിന്റെ എല്ലാ വഴികളും സ്വായത്തമാക്കിയിരുന്നു. ഇവിടത്തെ ഗ്രാമവാസികളുമായിട്ടുള്ള ബന്ധം നിങ്ങൾ മെച്ചപ്പെടുത്തുക. ഗ്രാമങ്ങളിൽ മറ്റിടങ്ങളെ അപേക്ഷിച്ച് കുലീനരായ ആളുകളാണുണ്ടാവുക. വിവിധ നാടുകളിൽ നിന്ന് ഇവിടെ കുടിയേറിപ്പാർത്ത അറബികളുമുണ്ട്. അവരുടെ അടുക്കലും പോവുക. നമ്മുടെ കുട്ടികൾ പഠിക്കുന്ന യൂണിവേഴ്സിറ്റികളിലും കേളേജുകളിലും സെമിനാർ തുടങ്ങിയവ സംഘടിപ്പിക്കുക. മിക്ക രാജ്യങ്ങളും തബ്ലീഗിന്റെ ഈ ഭാഗത്തേക്ക് ശ്രദ്ധിക്കുന്നുണ്ട്. ശ്രദ്ധിച്ചുവരുന്നുണ്ട്. അവിടങ്ങളിൽ യഥാർത്ഥ ഇസ്ലാമിന്റെ മനോഹരമായ അദ്ധ്യാപനങ്ങൾ പരിചയപ്പെടുത്തിക്കൊടുക്കുന്നുമുണ്ട്. ഡൻമാർക്കിലും ഇത് നടന്നുവരുന്നു. ഇതും ചെറിയൊരു രാജ്യമാണ്. നിങ്ങളുടെ ജമാഅത്തിലുള്ളതിനേക്കാൾ അംഗസംഖ്യ കുറവായിരിക്കാം അവിടെ. എന്റെ പര്യടനവേളയിൽ അവിടെയും യുവാക്കൾ, വിവിധ ജോലികളുമായി ബന്ധപ്പെട്ട നമ്മുടെ യുവാക്കൾ, അല്ലെങ്കിൽ കോളേജിലോ യൂണിവേഴ്സിറ്റികളിലോ പഠിച്ചുകൊണ്ടിരിക്കുന്ന നമ്മുടെ യുവാക്കൾ തങ്ങളുടെ ഫ്രൊഫസർമാരേയും വിദ്യാസമ്പന്നരേയും പാർലമെന്റംഗങ്ങളേയും ഹോട്ടലിൽ സംഘടിപ്പിച്ച ഒരു പരിപാടിയിലേക്ക് ക്ഷണിച്ചു. എല്ലാവരിലും അത് നല്ല സ്വാധീനമുണ്ടാക്കി. മുമ്പേതന്നെ അവർക്ക് നമ്മുടെ യുവാക്കളുമായി ബന്ധമുണ്ടായിരുന്നു. അതുകൊണ്ട് അഹ്മദിയ്യത്തിനെക്കുറിച്ച് കുറച്ചൊക്കെ നേരത്തെതന്നെ അവർ മനസ്സിലാക്കുകയും ചെയ്തിരുന്നു. എന്നാൽ, ഈ പരി

ഗ്രന്ഥങ്ങൾ ഭാഷാന്തരം ചെയ്തിട്ടുണ്ടെന്നും സ്വയം ചില പുസ്തകങ്ങൾ രചിച്ചിട്ടുണ്ടെന്നും ഞാൻ അവരെ അറിയിച്ചു. പക്ഷേ, അവർക്ക് ഈ കാര്യങ്ങൾ അറിയില്ലായിരുന്നു. കോടതി കെട്ടിടത്തിൽ ലൈബ്രറിയുണ്ട്. അവർ ആ ലൈബ്രറിയെ പരിചയപ്പെടുത്തിക്കൊണ്ടിരുന്നപ്പോൾ ഞാൻ ചോദിച്ചു. ചൗദ്‌രി സാഹിബിന്റെ ഗ്രന്ഥങ്ങൾ നിങ്ങളുടെ ലൈബ്രറിയിൽ വയ്ക്കാൻ കഴിയുമോ? ഇവിടെ നിയമഗ്രന്ഥങ്ങളാണല്ലോ ഉള്ളത്. മതപരമായ ഗ്രന്ഥങ്ങളുമുണ്ടോ? മതപരമായ ഗ്രന്ഥങ്ങൾ ഉണ്ടെന്നും ഏത് പുസ്തകവും വയ്ക്കാമെന്നും അവർ പറഞ്ഞു. എന്തായാലും, ആ സ്ത്രീക്കും ലൈബ്രറിക്കും വേണ്ടുന്ന പുസ്തകങ്ങൾ കൊടുക്കാനുള്ള ഏർപ്പാട് ചെയ്യാൻ ഞാൻ അമീർ സാഹിബിനോട് പറഞ്ഞു.

നമ്മുടെ ജോലി നന്മ നിറഞ്ഞതും പരിശുദ്ധവുമായ അല്ലാഹുവിന്റെ കാര്യങ്ങൾ ജനങ്ങളിലേക്കെത്തിക്കുക എന്നതാണ്. സ്വയം പരിശുദ്ധരായിക്കൊണ്ട്, സ്വന്തം കർമ്മങ്ങളുടെ നില മെച്ചപ്പെടുത്തിക്കൊണ്ട് പ്രാർത്ഥനയോടുകൂടി ഈ സന്ദേശം എത്തിച്ചുകൊടുക്കുക എന്നതാണ്. തുടർന്ന് അല്ലാഹു അവന്റെ അനുഗ്രഹം ചൊരിയുകയും സൽപ്രകൃതക്കാരായവർ ഇവിടേക്ക് വരികയും ചെയ്യും. ഇൻശാഅല്ലാഹ്. സന്മാർഗ്ഗം നല്കുക അല്ലാഹുവിന്റെ പ്രവൃത്തിയാണ്. പക്ഷേ, നാം വെറും പദ്ധതികൾ ആസൂത്രണം ചെയ്തുകൊണ്ടേയിരുന്നാൽ എന്താണ് ചെയ്യേണ്ടതെന്ന് ഓർത്ത് മാസങ്ങളും വർഷങ്ങളും നഷ്ടപ്പെടുത്തിക്കളഞ്ഞാൽ കേവലം ചിന്തയിൽ കഴിയുകയും പ്രവർത്തിക്കാതിരിക്കുകയും ചെയ്താൽ നാം പാപികളായിത്തീരും.

നിങ്ങൾ ഇവിടെ വന്നിട്ട് സുദുദ്ദേശ്യത്തോടെ ഈ ഭാഗത്തേക്കും ശ്രദ്ധിച്ചിരുന്നെങ്കിൽ- ഞങ്ങളുടെ കേസ് ജയിക്കുന്നില്ലെന്നും അങ്ങനെയായെന്നും ഇങ്ങനെയായെന്നും ഇത്ര വർഷമായെന്നും നാലുപാടും പ്രശ്നങ്ങളാണെന്നുമൊക്കെ ചിലർ പറയാറുണ്ട്- അല്ലാഹു നിങ്ങളുടെ എല്ലാ പ്രശ്നങ്ങളും പരിഹരിക്കുമായിരുന്നു. കാരണം അവനതിന് കഴിവുണ്ട്. എല്ലാ ശക്തികളുടേയും ഉടമസ്ഥനാണവൻ. ഈ നന്മ കാരണത്താൽ നിങ്ങളുടെ പ്രശ്നങ്ങൾ അവൻ പരിഹരിച്ചുതരുമായിരുന്നു. അതുകൊണ്ട് പരിപൂർണ്ണമായ അനുസരണവും ആജ്ഞാപാലനവും നിങ്ങളിൽനിന്ന് ആഗ്രഹിക്കുന്നത് നിങ്ങൾ ഈ ഭാഗത്തേക്ക് ശ്രദ്ധിക്കണമെന്നാണ്. മൈതാനങ്ങൾ ഇപ്പോഴും ശൂന്യമായിക്കിടക്കുകയാണ്. ഓരോ ജനവിഭാഗത്തിലും അഹ്മദിയ്യത്ത് അഥവാ യഥാർത്ഥ ഇസ്‌ലാമിന്റെ സന്ദേശമെത്തിക്കണം. ഇന്ന് ഇസ്‌ലാമിന്റെമേൽ എല്ലാ ഭാഗത്തുനിന്നും ആക്രമണമുണ്ടായിക്കൊണ്ടിരിക്കുന്നു. നിർഭാഗ്യവശാൽ മുസ്‌ലിംകളെന്നു പറയുന്നവരുടെ തെറ്റുകൾ കൊണ്ടാണ് ഇത് സംഭവിച്ചുകൊണ്ടിരിക്കുന്നത്. ഇന്ന് ഇസ്‌ലാമിന്റെ മനോഹരമായ ചിത്രത്തെ ആർക്കെങ്കിലും സമർപ്പിക്കാൻ കഴിയുമെങ്കിൽ അത് അഹ്മദി

*(ശേഷം 21-ാം പേജിൽ)*

പാടി മുഖേന ജമാഅത്തിനെക്കുറിച്ച് കൂടുതൽ പരിചയപ്പെടാൻ അവർക്ക് സന്ദർഭം ലഭിച്ചു. ഇതെല്ലാമുണ്ടാകുന്നത് പഴയ ബന്ധങ്ങൾ മുഖേനയാണ്. നിരന്തരം ബന്ധമുണ്ടാകേണ്ടതാണ്. അതുകൊണ്ട് നിങ്ങൾ നിങ്ങളുടെ ബന്ധങ്ങൾ വിശാലമാക്കുക. അതിനോടൊപ്പം നിങ്ങളുടെ സൽമാതൃകയും നിങ്ങളുടെ മാന്യതയും അല്ലാഹുവുമായിട്ടുള്ള നിങ്ങളുടെ ബന്ധവും അവരിൽ പ്രകടമാകുമ്പോൾ പ്രബോധനത്തിനുള്ള മൈതാനം കൂടുതൽ വിശാലമാകുന്നതാണ്. ഇതിനു പുറമേയും നിങ്ങളുടെ പ്രാദേശിക അവസ്ഥയ്ക്കനുസരിച്ച് വിവിധ വഴികൾ അന്വേഷിച്ചുകണ്ടെത്തുക. വ്യക്തമായ വഴി ഞങ്ങൾക്ക് പറഞ്ഞുതന്നു. അതിലൂടെ മാത്രമേ പ്രവർത്തിക്കാവൂ എന്ന നിബന്ധനയൊന്നുമില്ല. ഒരു താല്പര്യത്തോടെ, ക്ഷമയോടെ തബ്‌ലീഗ് പരമായി ബന്ധം സ്ഥാപിക്കുകയാണെങ്കിൽ ജനങ്ങൾക്ക് സന്ദേശമെത്തിച്ചുകൊടുക്കുകയാണെങ്കിൽ, സ്വകർമ്മങ്ങൾകൊണ്ട് അവരിൽ നല്ലൊരു സ്വാധീനമുണ്ടാക്കുകയാണെങ്കിൽ, എല്ലാത്തിനേക്കാളുമുപരി പ്രാർത്ഥിച്ചുകൊണ്ട് പ്രവർത്തിക്കുകയാണെങ്കിൽ ഇൻശാഅല്ലാഹ് അല്ലാഹു സൽഫലം നല്കി അനുഗ്രഹിക്കുന്നതാണ്.

ഇവിടത്തെ ജനങ്ങളിൽ ഞാൻ ഉത്സാഹം കണ്ടിരിക്കുന്നു. ഞങ്ങളുടെ സംഘത്തിൽപ്പെട്ട പലരും അത് മനസ്സിലാക്കിയിട്ടുണ്ട്. ഇവിടെ വിവിധ സ്ഥലങ്ങൾ ഞാൻ സന്ദർശിക്കുകയുണ്ടായി. ആളുകൾ വളരെ താല്പര്യത്തോടെ മതപരമായ കാര്യങ്ങൾ ചോദിക്കുന്നു. ചിലർ ഞങ്ങളുടെ സംഘത്തിലെ ആളുകളോട് ജമാഅത്തിന്റെ വെബ്സൈറ്റിനെക്കുറിച്ചും ചോദിച്ചു. പുസ്തകങ്ങൾ വായിക്കുക പ്രയാസമുള്ള കാര്യമാണെന്നും അതുകൊണ്ട് വെബ്സൈറ്റ് വിലാസം പറഞ്ഞുതന്നാൽ തങ്ങൾ സ്വയമന്വേഷിച്ച് കാര്യങ്ങൾ മനസ്സിലാക്കിക്കൊള്ളാമെന്നും അവർ പറഞ്ഞു. വെബ്സൈറ്റിൽനിന്ന് അവർക്ക് ഒരുപാട് വിവരങ്ങൾ ലഭിക്കുന്നതാണ്. ഇൻശാഅല്ലാഹ്. തങ്ങൾ തീർച്ചയായും വെബ്സൈറ്റ് സന്ദർശിക്കുമെന്നും വിവരങ്ങൾ ശേഖരിക്കുമെന്നും അവർ വാഗ്ദാനം ചെയ്തിട്ടുണ്ട്. ഇതിനുപുറമെ 'പീസ് പാലസ്' എന്ന് പറയപ്പെടുന്ന ലോകകോടതി കാണുന്നതിനുവേണ്ടി ഞാൻ പോയി. അവിടേയും ഞങ്ങൾക്ക് ഗൈഡുണ്ടായിരുന്നു. വിവിധ സ്ഥലങ്ങളിലെ ഫോട്ടോകൾ വെച്ചിരിക്കുന്ന സ്ഥലത്തേക്ക് അവർ ഞങ്ങളെ കൂട്ടിക്കൊണ്ടുപോയി. അവയിൽ ചൗദ്‌രി സഫറുല്ലാ ഖാൻ സാഹിബിന്റെ ചിത്രവുമുണ്ട്. ആ ഗൈഡ് വിദ്യാസമ്പന്നയായിരുന്നു. അവർ ചൗദ്‌രി സാഹിബിനെക്കുറിച്ച് ചോദിച്ചു: 'അദ്ദേഹം അഹ്മദിയായിരുന്നുവെന്ന് ഞാൻ കേട്ടിട്ടുണ്ട്. അദ്ദേഹം ദൃഢവിശ്വാസിയായിരുന്നുവോ?' അവരിത് ചോദിക്കാൻ കാരണം അവരുടെ നോട്ടത്തിൽ ലൗകികസ്ഥാനങ്ങളിലുള്ളവർ ഉറച്ച മതവിശ്വാസികളാകാൻ തരമില്ല! അദ്ദേഹം ദൃഢവിശ്വാസിയായിരുന്നുവെന്ന് മാത്രമല്ല ജമാഅത്തിൽ വലിയ സ്ഥാനമാണ് അദ്ദേഹത്തിനുണ്ടായിരുന്നതെന്ന് ഞാൻ അവരോട് പറഞ്ഞു. അദ്ദേഹം വാഗ്ദത്ത മസീഹിന്റെ

## ലേഖനം

# റമദാൻ: മനുഷ്യനെ പരിശുദ്ധനാക്കുന്ന പുണ്യമാസം

**മുഹമ്മദ് ഉമർ എച്ച്.എ.**

**ഭക്ഷണം കുറക്കുമ്പോൾ ആത്മീയദർശനങ്ങൾക്ക് മനുഷ്യൻ സജ്ജമാകുന്നു എന്നത് ഒരു സൂഫി അനുഭവമാണ്.**

ആത്മീയപ്പൂങ്കാവനത്തിലെ വസന്തകാലമായ റമദാൻ എണ്ണിയാലൊടുങ്ങാത്ത അനുഗ്രഹങ്ങളോടും ആശിസ്സുകളോടും കൂടി നമ്മുടെ ജീവിതത്തിലിതാ വീണ്ടും സമാഗതമായിരിക്കുന്നു.

വ്രതാനുഷ്ഠാനം, ദൈവസ്മരണ(ദിക്റെ ഇലാഹി), ഖുർആൻ പാരായണം, തറാവീഹ്, തഹജ്ജുദ്, എന്നീ ആരാധനകൾ നിറഞ്ഞ ഈ ആത്മീയ വസന്തകാലത്തിന്റെ ആരംഭഘട്ടത്തിൽ റഹ്മത്തും മദ്ധ്യഘട്ടത്തിൽ മഗ്ഫിറത്തും (പാപപ്പൊറുതി) അവസാനഘട്ടത്തിൽ പ്രതിഫലവും ലഭിക്കുന്ന പുണ്യദിനരാത്രങ്ങളടങ്ങിയതാണീ പരിശുദ്ധ മാസം.

റമദാനെ സ്വാഗതം ചെയ്യാൻ ഒരു വർഷം മുഴുവനും സ്വർഗം തന്നെ അലങ്കരിച്ചുകൊണ്ടിരിക്കുന്നുവെന്നും ആ പുണ്യമാസം സയ്യിദുശ്ശുഹൂർ മാസങ്ങളുടെ നേതാവാണെന്നും ഹദ്റത്ത് നബീകരിം (സ) അരുൾ ചെയ്യുന്നു.

വ്രതമനുഷ്ഠിക്കുന്ന ആളുടെ വ്രതം തസ്ബീഹും (ദൈവസ്തുതിയും) അയാളുടെ നിദ്ര ഇബാദത്തും (ദൈവാരാധന) അയാളുടെ പ്രാർത്ഥന സ്വീകരിക്കപ്പെട്ടതും അയാളുടെ കർമ്മഫലം ഇതരമാസങ്ങളെ അപേക്ഷിച്ച് ശത ഗുണീഭവിക്കപ്പെട്ടതും ആണെന്നും തിരുനബി (സ) അരുൾ ചെയ്യുന്നു.

റമദാൻ മാസത്തിന്റെ മാഹാത്മ്യത്തെക്കുറിച്ച് ഹദ്റത്ത് നബികരിം (സ) തിരുമേനിയുടെ ഒരു പ്രഭാഷണം ഹദ്റത്ത് സൽമാനുൽ ഫാരിസി(റ) നിവേദനം ചെയ്യുന്നത് ഇപ്രകാരമാണ്.

''ശഅബാൻ മാസാവസാനത്തിൽ ഹദ്റത്ത് റസൂലുല്ലാഹി (സ) ഞങ്ങളെ അഭിമുഖീകരിച്ചുകൊണ്ട് ഒരു പ്രഭാഷണം നടത്തുകയുണ്ടായി. അതായത് അല്ലയോ ജനങ്ങളെ! മഹത്വമേറിയ ഒരു മാസം നിങ്ങൾക്ക് തണലേകുവാൻ ഇതാ സമാഗതമാകുന്നു. അനുഗ്രഹീതമാസമാണിത്. ആ മാസത്തിൽ ആയിരം മാസത്തെക്കാൾ ശ്രേഷ്ഠമായ ഒരു രാവുണ്ട്. ആ മാസത്തിൽ വ്രതമനുഷ്ഠിക്കുന്നത് നിങ്ങൾക്ക് അല്ലാഹു നിർബ്ബന്ധമാക്കിയിരിക്കുന്നു. ആ മാസത്തിലെ രാവുകളിൽ ഐച്ഛികമായുള്ള ഇബാദത്തും നിശ്ചയിക്കപ്പെട്ടിരിക്കുന്നു. ദൈവസാമീപ്യം പ്രാപിക്കേണമെന്ന ഉദ്ദേശ്യത്തോടുകൂടി ആ മാസത്തിൽ ചെയ്യപ്പെടുന്ന ആരാധനകൾക്ക് സാധാരണ ദിവസങ്ങളിൽ ചെയ്യപ്പെടുന്ന നിർബന്ധമായ ആരാധനകൾക്ക് തുല്യമായ പ്രതിഫലം ലഭിക്കുന്നതാണ്. ഈ മാസത്തിൽ ചെയ്യപ്പെടുന്ന നിർബന്ധ (ഫർളായ) ഇബാദത്തുകൾക്ക് എഴുപതിരട്ടി പ്രതിഫലം ലഭിക്കുന്നതാണ്. അത് ക്ഷമയുടെയും സഹനത്തിന്റെയും മാസമാണ്. അതു സഹതാപത്തിന്റെയും സഹാനുഭൂതിയുടെയും മാസമാണ്. അതായത് പാവപ്പെട്ടവന്റെ വിശപ്പിന്റെ കാഠിന്യം അറിയുന്ന മാസമാണ്. ആ മാസത്തിൽ വിശ്വാസികളുടെ റിസ്ഖ് വർദ്ധിപ്പിക്കപ്പെടുന്നു. ആ മാസത്തിൽ നോമ്പനുഷ്ഠിച്ച ആളുടെ നോമ്പ് തുറപ്പിക്കുകയാണെങ്കിൽ അത് അയാളുടെ പാപപ്പൊറുതിക്കും നരകാഗ്നിയിൽ നിന്നുള്ള മോചനത്തിനും കാരണമായിത്തീരുന്നതാണ്. മാത്രമല്ല നോമ്പുകാരന്റെ അത്ര തന്നെ പ്രതിഫലം അയാൾക്കു ലഭിക്കുന്നതാണ്. എന്നാൽ നോമ്പ് തുറപ്പിക്കപ്പെടുന്ന ആളുടെ പ്രതിഫലത്തിൽ ഒരു കുറവും ഉണ്ടാകുന്നതല്ല. അപ്പോൾ ഞങ്ങൾ, 'യാ റസൂലല്ലാഹ്, ഞങ്ങളിൽ ആർക്കും തന്നെ ഇപ്രകാരം നോമ്പ് തുറപ്പിക്കാനുള്ള കഴിവില്ലല്ലോ എന്നു പറഞ്ഞു. അതിന്നു പ്രത്യുത്തരമായി ഹദ്റത്ത്

സൽമാൻ മിന്നാ അഹ്‌ലൻ ബൈത്തി, സൽമാനുൻ അഹ്‌ല്ലൽ ബൈത്തിൽ പെട്ടയാളാണെന്ന് അരുൾ ചെയ്തിട്ടുണ്ട്. സൽമാൻ എന്ന വാക്കിന്ന് രണ്ടു വിധത്തിലുള്ള സമാധാനം, രഞ്ജിപ്പു എന്നാണർത്ഥം. അതായത് ആന്തരീകവും ബാഹ്യവും ആയ രണ്ടുവിധത്തിലുള്ള സമാധാന സ്ഥാപനം. ആ ആൾ (വാഗ്ദത്ത മസീഹ്) കാരുണ്യവും അനുകമ്പയും മുഖേനയായിരിക്കും രണ്ടു വിധത്തിലുള്ള സമാധാനം സ്ഥാപിക്കുന്നത്. വാൾമുഖേനയല്ല.

സൗമ്യതയും കാരുണ്യവും വഴിയായിരിക്കും എന്നു ഇതിൽ നിന്നും മനസ്സിലാകുന്നു. ഈ ദർശനം വ്രതാനുഷ്ഠാനത്തിലേക്കു സൂചന നൽകുന്നുവെന്നെനിക്ക് തോന്നി. അങ്ങനെ ഞാൻ ആറുമാസക്കാലം തുടർച്ചയായി നോമ്പനുഷ്ഠിച്ചു. ഇതിന്നിടയിൽ പ്രകാശങ്ങളുടെ സ്തൂപങ്ങൾ ആകാശത്തിലേക്ക് ഉയർന്നുപോവുന്നതായി എനിക്ക് കാണുവാൻ സാധിച്ചു. ആ പ്രകാശസ്തൂപങ്ങൾ ഭൂമിയിൽ നിന്ന് ആകാശത്തിലേക്ക് ഉയരുകയാണോ അതല്ല എന്റെ ഹൃദയത്തിൽ നിന്നും ഉയർന്നു പോവുകയാണോ എന്ന് എനിക്ക് മനസ്സിലാക്കാൻ സാധിച്ചില്ല. (മൽഫൂസാത്ത് വാല്യം 4, പേജ് 256, 257)

''സാധിക്കുന്നേടത്തോളം അല്ലാഹു നിർദ്ദേശിച്ച കടമകൾ നിർവഹിക്കുവാൻ മനുഷ്യൻ ബാധ്യസ്ഥനാണ്. വ്രതാനുഷ്ഠാനത്തെക്കറിച്ച് അല്ലാഹു പറയുന്നത് 'വ അൻതസൂ

വ്രതാനുഷ്ഠാനത്തിന്റെ മാഹാത്മ്യത്തെക്കുറിച്ചു ഹദ്റത്ത് വാഗ്ദത്ത മഹ്ദീ മസീഹ് (അ) അരുൾ ചെയ്യുന്നു.

'റമദാൻ മാസത്തിലാണ് വിശുദ്ധ ഖുർആൻ ഇറക്കപ്പെട്ടത്' (2:186) എന്ന വചനത്തിൽ നിന്ന് പരിശുദ്ധ റമളാന്റെ മഹത്വം മനസ്സിലാവുന്നു. ഈ മാസം ഹൃദയപ്രകാശത്തിന്നുള്ള ഉത്തമമായ മാസമാണെന്നും അതിൽ അധികമായി ആത്മീയ ദർശനങ്ങൾ ഉണ്ടാകുന്നതാണെന്നും സൂഫികൾ എഴുതുന്നു. നമസ്കാരം ആത്മാവിന്നു സംസ്കരണവും നോമ്പ് ഹൃദയത്തിന്നു പ്രകാശവും പ്രദാനം ചെയ്യുന്നു. ആത്മസംസ്കരണമെന്നാൽ ദോഷപ്രവണമായ ആത്മാവിന്റെ ദേഹേച്ഛകളിൽ നിന്നു ദൂരപ്പെടലും ഹൃദയപ്രകാശമെന്നാൽ ആത്മദർശനത്തിന്നുള്ള കവാടം തുറന്ന് ദൈവത്തെ കാണുവാൻ സാധിക്കുക എന്നുമാണ് ഉദ്ദേശ്യം. 'ഉൻസിലഫീഹിൽ ഖുർആൻ' എന്ന ദിവ്യവചനം. ഇതിലേക്ക് സൂചന നൽകുന്നു. വ്രതാനുഷ്ഠാനത്തിന്നുള്ള പ്രതിഫലം മഹത്തായ താണെന്നതിൽ സംശയമില്ല. എന്നാൽ വിവിധ തരത്തിലുള്ള രോഗങ്ങൾ മനുഷ്യനെ ഈ അനുഗ്രഹത്തെ നഷ്ടപ്പെടുത്തുന്നു. എനിക്കോർമ്മയുണ്ട്. എന്റെ യൗവനകാലത്ത് വ്രതാനുഷ്ഠാനം അഹ്‌ല്ലൽ ബൈത്തിന്റെ ചര്യയിൽപെട്ടതാണെന്ന് ഞാൻ ഒരു ദർശനത്തിൽ കാണുകയുണ്ടായി. എന്നെക്കുറിച്ച് ഹദ്റത്ത് റസൂൽ തിരുമേനി(സ)

നബീ കരിം(സ) അരുൾ ചെയ്തു. നിങ്ങളിൽ ആരെങ്കിലും ഒരു കവിൾ പാലോ ഒരു കാരക്കയോ അല്ലെങ്കിൽ ഒരിറക്ക് വെള്ളമോ കൊടുക്കുകയാണെങ്കിലും അല്ലാഹു അയാൾക്ക് അതിന്നുള്ള പ്രതിഫലം നൽകുന്നതാണ്. എന്നാൽ ഏതൊരാൾ നോമ്പനുഷ്ഠിക്കുന്ന ആൾക്ക് വയറുനിറയെ (സുഭിക്ഷമായി) നോമ്പ് തുറപ്പിക്കുന്നുവോ ആ ആൾക്ക് അല്ലാഹു ഹൌളുൽ കൌസറിൽ നിന്നും ജലപാനം ചെയ്യിക്കുന്നതായിരിക്കും. അങ്ങനെയുള്ളയാൾക്ക് സ്വർഗ്ഗത്തിൽ പ്രവേശിക്കുന്നത് വരെ ദാഹമുണ്ടായിരിക്കുന്നതല്ല. ആ മാസത്തിന്റെ ആദ്യ മദ്ധ്യഘട്ടം പാപപ്പൊറുതിയും അവസാനം നരകത്തിൽ നിന്നുള്ള മോചനവും ആയിരിക്കും. (മിശ്കാത്ത്)

ഹദ്റത്ത് റസൂൽ കരിം(സ) അരുൾ ചെയ്തതായി ഹസ്റത്ത് അബൂ ഹുറയ്റ (റ) നിവേദനം: 'വ്രതാനുഷ്ഠാനമൊഴികെ മനുഷ്യന്റെ ഓരോ കർമവും അവന്നുള്ളതാണ്. നോമ്പുകാരന്ന് ഞാൻ നേരിട്ടു പ്രതിഫലം നൽകുന്നു. (മറ്റൊരർത്ഥമനുസരിച്ച് അവന്നുള്ള പ്രതിഫലം ഞാൻ തന്നെയാണ്) നോമ്പ് പാപകർമ്മങ്ങളിൽ നിന്നും രക്ഷപ്പെടാനുള്ള ഒരു പരിചയാകുന്നു. നിങ്ങളിലാരെങ്കിലും വ്രതമനുഷ്ഠിക്കുകയാണെങ്കിൽ കലഹിക്കുകയോ സഭ്യേതരമായ വാക്കുകൾ പറയുകയോ അരുത്. ആരെങ്കിലും അസഭ്യം പുലമ്പുകയോ ശണ്ഠക്കു വരികയോ ആണെങ്കിൽ താൻ നോമ്പനുഷ്ഠിച്ചിരിക്കുന്നു എന്ന് അയാൾ പറയട്ടെ. ഏതൊരുവന്റെ കയ്യിലാണോ മുഹമ്മദിന്റെ ജീവനിരിക്കുന്നത്. അവനാണ! നോമ്പനുഷ്ഠിച്ച ആളുടെ വായിൽ നിന്നു വരുന്ന ഗന്ധം അല്ലാഹുവിന്റെ പക്കൽ കസ്തൂരിയുടെ സുഗന്ധത്തെക്കാൾ പവിത്രമാണ്. നോമ്പനുഷ്ഠിക്കുന്ന ആൾ രണ്ടു ആനന്ദങ്ങൾ അനുഭവിക്കുന്നു. ഒന്നു നോമ്പ് തുറക്കുമ്പോൾ ഉള്ള ആനന്ദം. മറ്റൊന്നു വ്രതാനുഷ്ഠാനം നിമിത്തം ദൈവത്തെ കണ്ടുമുട്ടുമ്പോഴുള്ള ആനന്ദം." (ബുഖാരി, മുസ്‌ലിം)

## ജന്തുലോകവും മനുഷ്യസമൂഹം പോലെ

ഭൂമിയിൽ നടക്കുന്ന ഏത് മൃഗവും, രണ്ട് ചിറകുകൾ കൊണ്ട് പറക്കുന്ന ഏത് പറവയും നിങ്ങളെ പോലുള്ള സമൂഹങ്ങൾ തന്നെയാണ്.

***(വി. ഖുർആൻ 6:39)***

മുഖൈറുൻ ലക്കും' (2:185) നിങ്ങൾ നോമ്പനുഷ്ഠിക്കുകയാണെങ്കിൽ അത് നിങ്ങൾക്ക് നന്മയാണെന്നാണ്. എന്തിന്നാണ് ഫിദ്‌യ നിശ്ചയിക്കപ്പെട്ടിരിക്കുന്നതെന്ന് ഒരിക്കൽ എന്റെ ഹൃദയത്തിൽ തോന്നുകയുണ്ടായി. അപ്പോൾ വ്രതാനുഷ്ഠാനത്തിന്നുള്ള കഴിവും സൗഭാഗ്യവും ലഭിക്കുന്നതിന്നായിട്ടാണെന്ന് എന്റെ അന്തരംഗം എനിക്ക് മറുപടി തന്നു. മനുഷ്യന്നു തൌഫീഖു നൽകുന്നവൻ അല്ലാഹുവാണ്. അതുകൊണ്ടു ഓരോ കാര്യവും അല്ലാഹുവിനോടാണാവശ്യപ്പെടേണ്ടത്. സർവ്വശക്തനായ അല്ലാഹു ഇച്ഛിക്കുകയാണെങ്കിൽ ഒരു ക്ഷയരോഗിക്കു കൂടി വ്രതാനുഷ്ഠാനത്തിന്നുള്ള ശക്തിയും കഴിവും പ്രദാനം ചെയ്യുന്നതാണ്. ഫിദ്‌യ നിശ്ചയിച്ചിരിക്കുന്നതിന്റെ ഉദ്ദേശ്യം ആ ശക്തി സംജാതമാക്കുകയാണ്. ഇത് ദൈവാനുഗ്രഹം ഒന്നുകൊണ്ടു മാത്രമെ ലഭ്യമാകുകയുള്ളൂ. അതുകൊണ്ടു എന്റെ അഭിപ്രായത്തിൽ മനുഷ്യൻ അല്ലാഹുവിനോട് ഇപ്രകാരം പ്രാർത്ഥിച്ച് സഹായം തേടേണ്ടതാണ്. "അല്ലാഹുവേ! ഇത് നിന്റെ അനുഗ്രഹീതമാസമാണ്. എന്നാൽ ഞാൻ ആ അനുഗ്രഹത്തെ ഉൾക്കൊള്ളാൻ സാധിക്കാതെ നഷ്ടപ്രാപ്തനായിരിക്കുകയാണ്. അടുത്ത വർഷവും ഞാൻ ജീവനോടെ ജീവിച്ചിരിപ്പുണ്ടാകുമോ? ഈ ഒഴിഞ്ഞുപോയ നോമ്പുകൾ എനിക്കു നോറ്റുവീട്ടുവാൻ സാധിക്കുമോ എന്നെനിക്കെന്തറിയാം?"

ഇങ്ങനെ അല്ലാഹുവിനോടു തൌഫീഖ് ആവശ്യപ്പെടുകയാണെങ്കിൽ അങ്ങനെയുള്ള ഹൃദയങ്ങൾക്കു അല്ലാഹു തീർച്ചയായും തൌഫീഖ് നൽകും എന്നു എനിക്കുറച്ച വിശ്വാസമുണ്ട്.... ഈ അവസ്ഥയിൽ അയാൾ റമദാനിൽ രോഗഗ്രസ്തനായിത്തീരുകയാണെങ്കിൽ, ഈ രോഗം അയാൾക്കു അല്ലാഹുവിന്റെ കാരുണ്യത്തിന്നുള്ള നിമിത്തമായിത്തീരുന്നതാണ്. കാരണം ഓരോ കർമ്മത്തിന്റെയും നിദാനം ഉദ്ദേശ്യത്തിലാണുള്ളത്. ഒരു വിശ്വാസി, തന്നെ ദൈവ വഴിയിൽ ധൈര്യശാലിയാണെന്ന് സ്ഥാപിക്കേണ്ടതാണ്. നോമ്പനുഷ്ഠിക്കാൻ സാധിക്കാത്ത ആളുടെ ഹൃദയത്തിൽ ഞാൻ ആരോഗ്യമുള്ളവനായിരുന്നെങ്കിൽ നോമ്പെടുക്കുമായിരുന്നു എന്ന ഉള്ളുരുക്കത്തോടുകൂടിയിരിക്കുകയാണെങ്കിൽ അവർക്കുവേണ്ടി മലക്കുകൾ വ്രതമനുഷ്ഠിക്കുന്നതാണ്. അവർ ഒഴികഴിവു പറയാത്തവരാണെങ്കൽ അല്ലാ ഹു അവരുടെ പ്രതിഫലം നഷ്ടപ്പെടുത്താതെ അവർക്ക് നൽകുന്നതാണ്. വളരെ സൂക്ഷ്മവും ലോലവും ആയ കാര്യമാണിത്. ഒരാൾക്കു അയാളുടെ മനസ്സിന്റെ ആലസ്യം കാരണം നോമ്പു ഭാരമായിത്തോന്നുകയും താൻ നോമ്പനുഷ്ഠിക്കുകയാണെങ്കിൽ – ഒരു നേരത്തെ ഭക്ഷണം ഉപേക്ഷിക്കുകയാണെങ്കിൽ – ഇന്നയിന്ന രോഗങ്ങൾ പിടിപെടുന്നതാണെന്നു ശങ്കിക്കുകയും അങ്ങനെ നോമ്പ് ഉപേക്ഷിക്കുകയും ചെയ്യുകയാണെങ്കിൽ അയാൾ അല്ലാഹുവിന്റെ അനുഗ്രഹത്തെ സ്വന്തം കരങ്ങൾ കൊണ്ടു തട്ടിമാറ്റുകയാണു ചെയ്യുന്നത്. അയാൾക്ക് അല്ലാഹുവിൽ നിന്ന് എങ്ങനെയാണ് പ്രതിഫലത്തിന്നർഹനായിത്തീരുവാൻ സാധിക്കുക. എന്നാൽ ഏതൊരാളുടെ ഹൃദയം റമദാൻ മാസത്തിന്റെ ആഗമനത്തിൽ ആനന്ദം അനുഭവിക്കുകയും റമദാൻ വരികയും നോമ്പനുഷ്ഠിക്കുകയും ചെയ്യുന്നതിന്നായി പ്രതീക്ഷിച്ചിരിക്കുകയും എന്നാൽ തക്കസമയത്ത് രോഗം വന്ന് നോമ്പെടുക്കാൻ സാധിക്കാത്ത നിർബ്ബന്ധിതാവസ്ഥ വരികയാണെങ്കിൽ ഉപരിലോകത്ത് അയാൾ നോമ്പനുഷ്ഠിച്ചവരുടെ കൂട്ടത്തിൽപെടുന്നതാണ്. അല്ലാഹു മനുഷ്യഹൃദയത്തിൽ കുടികൊള്ളുന്ന സത്യതയെയും ആത്മാർത്ഥമായ ഉദ്ദേശ്യത്തെയും ആണ് വീക്ഷിക്കുന്നത്. അവന്റെ ഹൃദയത്തിൽ വേദന വിങ്ങിപ്പൊട്ടുന്നുവെന്ന് അല്ലാഹുവിന്നറിയാം. അങ്ങനെയുള്ള ആൾക്കു അല്ലാഹു അധികമായ പ്രതിഫലവും പുണ്യവും നൽകുന്നതാണ്. കാരണം ഹൃദയവേദനയും ഉള്ളുരുക്കവും വിലമതിക്കാത്ത ഒന്നാണ്. എന്നാൽ ഒഴികഴിവു മനസ്ഥിതിയുള്ള ആൾ പല വ്യാഖ്യാനങ്ങളിലും അഭയം തേടുന്നു. അല്ലാഹുവിന്റെ പക്കൽ ഈ അഭയം ഒന്നുമല്ല. അതിന്നൊരു യാഥാർത്ഥ്യവും ഇല്ല തന്നെ. ഞാൻ ആറു മാസം തുടർച്ചയായി നോമ്പനുഷ്ഠിച്ചപ്പോൾ ഒരിക്കൽ നബിമാരുടെ ഒരു കൂട്ടം ആത്മദർശനത്തിൽ വന്ന് എന്നോടു നിങ്ങളെന്തിനാണ് നിങ്ങളുടെ ആത്മാവിന്നു ഇത്രയധികം വിഷമം കൊടുക്കുന്നത്. ഇതിൽ നിന്നും പുറത്തു കടക്കുക എന്നു പറഞ്ഞു. ഇതേ പ്രകാരം ഒരു മനുഷ്യൻ അല്ലാഹുവിന്നുവേണ്ടി സ്വയം കഷ്ടത്തിലും പ്രയാസത്തിലും പെടുത്തുകയാണെങ്കിൽ അവൻ സ്നേഹമുള്ള മാതാപിതാക്കളെപ്പോലെ അയാളോടു കരുണ കാണിച്ചുകൊണ്ട് നീ എന്തിനിങ്ങനെ കഷ്ടപ്പെടുന്നു എന്നു പറയുന്നു. എന്നാൽ ഇത്തരം പ്രയാസങ്ങളിൽ നിന്നും ഒഴികഴിവു പറഞ്ഞു രക്ഷപ്പെടുവാൻ ശ്രമിക്കുന്നവരെ അല്ലാഹു മറ്റുവിധത്തിലുള്ള പ്രയാസങ്ങളിൽപെടുത്തുന്നതാണ്. അവയിൽ നിന്നു പുറത്തുവരാൻ അയാൾക്കു സാധിക്കുന്നതല്ല. എന്നാൽ സ്വയം പ്രയാസങ്ങളിൽ പെടുന്നവരെ അല്ലാഹു തന്നെ സംരക്ഷിക്കുന്നതാണ്. അതുകൊണ്ടു തന്റെ നഫ്സിനോടു അനുകമ്പ കാണിക്കാതെ അല്ലാഹുവിന്റെ അനുകമ്പക്ക് പാത്രമാകാൻ ശ്രമിക്കുക. കാരണം തന്റെ നഫ്സിനോടു അനുകമ്പ കാണിക്കുന്നത് അതിന്നു നരകമായിരിക്കും. അല്ലാഹുവിൽ നി ന്നുള്ള അനുകമ്പ സ്വർഗ്ഗവും. ഹദ് റത്ത് ഇബ്രാഹിം (അ)ന്റെ സംഭവം തന്നെ നോക്കുക. അഗ്നിയിൽ സ്വയം പ്രവേശിക്കുവാൻ തയ്യാറാകുന്നവരെ അല്ലാഹു അഗ്നിയിൽ നിന്ന് രക്ഷപ്പെടുത്തുന്നു. അഗ്നിയിൽ നിന്നും സ്വയം രക്ഷപ്പെടാൻ ആഗ്രഹിക്കുന്നവർ അഗ്നിയിൽ ഇടപ്പെടുന്നതാണ്. ഇതിന്നാണു ഇസ്‌ലാം എന്നു പറയപ്പെടുന്നത്. അല്ലാഹുവിന്റെ വഴിയിൽ എന്ത് തന്നെ വന്നു ഭവിക്കുകയാണെങ്കിലും അതിനെ നിഷേധിക്കരുത്. ഹദ്റത്ത് റസൂൽ

കരിം (സ) തിരുമേനി തന്റെ സ്വയം സംരക്ഷക്കായി പാടുപെട്ടിരുന്നുവെങ്കിൽ, അതിനെക്കുറിച്ച് ചിന്തിച്ചുകൊണ്ടിരുന്നുവെങ്കിൽ "അല്ലാഹു നിന്നെ ജനങ്ങളിൽ നിന്നും സംരക്ഷിക്കുന്നതാണെന്ന'(5:68) തിരുവചനം ഇറങ്ങുമായിരുന്നില്ല. അല്ലാഹുവിന്റെ സംരക്ഷണ രഹസ്യം ഇതിലാണടങ്ങിയിരിക്കുന്നത് (മൽഫൂസാത്ത് വാള്യം 4. പേജ് 256, 260).

ഹദ്റത്ത് മസീഹ് മഊദ് (അ) അരുൾ ചെയ്യുന്നു. കുറഞ്ഞ ഭക്ഷണവും വിശപ്പു സഹനവും ഹൃദയപരിശുദ്ധിക്ക് വളരെ ആവശ്യമാണ്. ഇതിനാൽ ദിവ്യദർശനശക്തി വർദ്ധിക്കുന്നു. മനുഷ്യൻ വെറും ആഹാരം കൊണ്ടുമാത്രം ജീവിക്കുന്നില്ല. ശാശ്വതവും നിരന്തരവും ആയ ജീവിതത്തെക്കുറിച്ചുള്ള ചിന്ത തീരെ ഉപേക്ഷിക്കുന്നത് തങ്ങളുടെ മേൽ ദൈവം ഇറങ്ങുന്നതിന്നുള്ള നിമിത്തമായിത്തീരുന്നതാണ്. എന്നാൽ വ്രതാനുഷ്ഠാനം കൊണ്ട് വെറും വിശന്നിരിക്കുകയാണുദ്ദേശമെന്ന് നോമ്പനുഷ്ഠിക്കുന്ന ആൾ കരുതരുത്. മറിച്ച് ദൈവസ്മരണ (ദിക്റെ ഇലാഹി) യിൽ മുഴുകിയിരിക്കേണ്ടതാണ്. ഹദ്റത്ത് നബികരിം (സ) പരിശുദ്ധ റമദാനിൽ ഒരുപാട് ദൈവാരാധനകൾ ചെയ്യാറുണ്ടായിരുന്നു. ഈ ദിവസങ്ങളിൽ ഭക്ഷണപാനീയങ്ങളിൽ നിന്ന് ശ്രദ്ധ തിരിച്ചുകൊണ്ട് അല്ലാഹുവിങ്കലേക്കുള്ള സമർപ്പണത്തിൽ ലയിച്ചിരിക്കേണ്ടതാണ്. ഭൗതികമായ ആഹാരം ലഭിച്ച മനുഷ്യൻ ആത്മീയാഹാരത്തെക്കുറിച്ച് അശ്രദ്ധ കാണിക്കുന്നത് ദൗർഭാഗ്യമാണ്. ഭൗതികാഹാരം കൊണ്ടു ശരീരത്തിന്ന് ശക്തി ലഭിക്കുന്നതുപോലെ ആത്മീയാഹാരം ആത്മാവിന്നു ശക്തി പകർന്നു കൊടുക്കുന്നു. അതിന്റെ ഫലമായി ആത്മീയശക്തി തീവ്രത പ്രാപിക്കുന്നു. അത് കൊണ്ടു അല്ലാഹുവിങ്കൽ നിന്നും വിജയം കരസ്ഥമാക്കാൻ ശ്രമിക്കുക. എല്ലാ കവാടങ്ങളും അവന്റെ തൌഫീഖ് ഉണ്ടെങ്കിൽ മാത്രമെ തുറക്കപ്പെടുകയുള്ളൂ. (ബദർ 18-1-1907)

യാത്രയിൽ വ്രതാനുഷ്ഠാനത്തെക്കുറിച്ചുള്ള കല്പനയെന്താണെന്ന് ഹദ്റത്ത് വാഗ്ദത്ത മസീഹി(അ) നോട് ചോദിക്കപ്പെട്ടപ്പോൾ ഇപ്രകാരം അരുൾ ചെയ്തു: 'വിശുദ്ധ ഖുർആനിൽ നിന്നും മനസ്സിലാകുന്നത് രോഗിയും യാത്രികനും ഇതര ദിവസങ്ങളിൽ നോമ്പിന്റെ എണ്ണം പൂർത്തിയാക്കട്ടെ എന്നാണ്. (യാത്രയിലും രോഗിയായ സ്ഥിതിയിലും) നോമ്പെടുക്കാൻ സാധിക്കുന്നവർ നോമ്പെടുക്കട്ടെ എന്നോ സാധിക്കാത്തവർ നോമ്പെടുക്കാതിരിക്കാതിരിക്കട്ടെ എന്നോ അല്ലാഹു ഇവിടെ പറയുന്നില്ല. എന്റെ അഭിപ്രായത്തിൽ യാത്രികന്നു നോമ്പനുഷ്ഠിക്കേണ്ടുന്ന ആവശ്യമില്ലെന്നാണ്?

മറ്റൊരവസരത്തിൽ ഹ: മസീഹ് മൗഊദ് (അ) ഇപ്രകാരം അരുൾ ചെയ്തു. "യാത്രയിൽ വളരെ പ്രയാസപ്പെട്ടു നോമ്പനുഷ്ഠിക്കുന്നയാൾ തന്റെ ബലം കാണിച്ചു അല്ലാഹുവിനെ തൃപ്തിപ്പെടുത്താൻ നോക്കുകയാണ്. തന്റെ അനുസരണഭാവം കൊണ്ട് അവനെ തൃപ്തിപ്പെടുത്താനല്ല ആഗ്രഹിക്കുന്നത്. ഇതു തെറ്റാണ്. അല്ലാഹുവിന്റെ വിധിവിലക്കുകളെ അനുസരിക്കുന്നതിലാണ് യഥാർത്ഥ ഈമാൻ നിലകൊള്ളുന്നത്. (മൽഫൂസാത്ത് 1:293).

നോമ്പിന്റെ കല്പനകളെയും വിധിവിലക്കുകളെയും പറ്റി 'ഹക്കമൻ അദലൻ' (ന്യായസ്ഥനായ വിധികർത്താവ് ) ആയി അവതീർണ്ണരായ ഹദ്റത്ത് വാഗ്ദത്ത മഹ്ദിമസീഹ് (അ) ചെയ്ത ചില 'ഫത്‌വ'കൾ ചുവടെ ചേർക്കുന്നു.

''വിശുദ്ധ ഖുർആൻ അനുവദിച്ചു തന്ന ഇളവുകളെ പ്രയോജനപ്പെടുത്തേണ്ടത് 'തഖ്‌വ'യിൽ പെട്ടകാര്യമാണ്. അല്ലാഹു യാത്രക്കാർക്കും രോഗികൾക്കും വേറെ ദിവസങ്ങളിൽ നോമ്പനുഷ്ഠിക്കാനുള്ള അനുവാദവും അവധിയും തന്നിരിക്കുന്നതിനെ പ്രയോജനപ്പെടുത്തേണ്ടതാണ്. യാത്രയിലോ രോഗാവസ്ഥയിലോ നോമ്പനുഷ്ഠിക്കുക പാപകർമ്മമായിരിക്കുമെന്ന് പല മഹാത്മാക്കളും പറഞ്ഞിരുന്നതായിട്ടെനിക്ക് വായിക്കുവാൻ സാധിച്ചിരിക്കുന്നു. കാരണം വ്രതാനുഷ്ഠാനത്തിന്റെ ഉദ്ദേശ്യം തന്നെ അല്ലാഹുവിന്റെ പ്രീതിയും തൃപ്തിയും ലഭിക്കുക എന്നതാണ്. ദൈവത്തിന്റെ പ്രീതിയും തൃപ്തിയും ലഭിക്കുവാനുള്ള മാർഗ്ഗം സ്വന്തം ഇഷ്ടമനുസരിച്ച് അവന്റെ കല്പനകൾക്ക് വിശദീകരണവും വ്യാഖ്യാനവും കൊടുക്കുന്നത് ശരിയല്ല. (മൽഫൂസാത്ത് വാല്യം'പേജ് 72, 73)

തീരെ നോമ്പനുഷ്ഠിക്കാൻ കഴിയാത്ത ഒരാൾ അതിന്നു പകരമായി സാധുക്കൾക്ക് ഭക്ഷണം കൊടുക്കുകയോ അല്ലെങ്കിൽ ആ ഭക്ഷണത്തിന്നുപകരം അതിന്റെ തുക ഖാദിയാനിലേക്ക് അയക്കുകയോ എന്താണ് വേണ്ടത്? എന്നു ചോദിച്ചതിന്ന് തന്റെ നാട്ടിലെ ഒരു ദരിദ്രന്നു ആഹാരം കൊടുക്കുകയോ അല്ലെങ്കിൽ ഖാദിയാനിലേക്ക് അയക്കുകയോ ചെയ്യാമെന്ന് മറുപടി ഉണ്ടായി. നോമ്പനുഷ്ഠിക്കുന്ന ആൾക്ക് കണ്ണാടി നോക്കാൻ പാടുണ്ട്. തലയിൽ എണ്ണ തേക്കാവുന്നതുമാണ്. സുറുമ ഇടുവാനോ കണ്ണിൽ മരുന്നു ഇറ്റിക്കുവാനോ പാടുണ്ടോ എന്നു ചോദിച്ചപ്പോൾ ചോദ്യം ഉത്ഭവിക്കുന്നില്ല. അസുഖമുള്ള ആൾക്ക് നോമ്പ് നോൽക്കുവാൻ കല്പനയില്ല എന്നു

## അത്താഴം

നോമ്പു ആരംഭിക്കുന്നതിന് മുമ്പ് അത്താഴം കഴിക്കുക. അത്താഴത്തിൽ അനുഗ്രഹമുണ്ട്.

***മുഹമ്മദ് നബി (സ) (ബുഖാരി, മുസ്‌ലിം)***

# ദുഃഖങ്ങളിൽ ക്ഷമ കൈക്കൊള്ളുക

## ഹദ്റത്ത് അഹ്മദ് (അ)

ലോകം കഷ്ടതകളുടേയും കഠിനതകളുടേയും ഇടമാണ്. ഒരു സഹീഹായ ഹദീസിൽ ഇങ്ങിനെ വന്നിരിക്കുന്നു. 'പ്രവാചക സന്താന മായാലും ശരി കഷ്ടങ്ങളിൽപ്പെടാത്ത ഒരാൾ മോക്ഷപ്രാപ്തനാകുക ദുഷ്കരമാണ്. മറ്റൊരു ഹദീസിൽ ഇങ്ങനെയുണ്ട് 'അവസാനനാളിൽ കഷ്ടനഷ്ടങ്ങൾ സാധിച്ചവർക്ക് പ്രതിഫലം നൽകപ്പെടുമ്പോൾ ഞങ്ങളുടെ ശരീരങ്ങളും ആയുധങ്ങങ്ങളാൽ മുറിവേൽപ്പിക്കപ്പെട്ടിരുന്നുവെങ്കിൽ ഇന്നു നമ്മളും പ്രതിഫലം നൽകപ്പെടുന്നവരിൽ ഉൾപ്പെടുമായിരുന്നുവല്ലോയെന്ന് വേദനയോടെ ജനം പറയുന്നതാണ്.' വേറൊരു ഹദീസ് ഇപ്രകാരമാണ്. 'ഏതൊരു വിശ്വാസിയുടെ ഹൃദയത്തിൽ കഠിനമായ മരണത്തിന്റെ കറ വീഴുകയും ക്ഷമ കൈക്കൊള്ളുകയും ചെയ്യുന്നുവോ ഉന്നതനായ അല്ലാഹു അദ്ദേഹത്തിന് ഇരട്ടി പ്രതിഫലം നൽകുന്നതാണ്. ഒന്ന് ദുനിയാവിലും രണ്ട് പരലോകത്തും'! ചുരുക്കത്തിൽ വിശ്വാസിക്ക് കഷ്ടനഷ്ടങ്ങളിൽ നിന്നും മോചനമില്ല തന്നെ. ഉന്നതനായ അല്ലാഹു ഏതൊരു വിശ്വാസിയെ സ്നേഹിച്ചാലും അയാളെ ഏതെങ്കിലും തരത്തിൽ പരീക്ഷണ വിധേയനാക്കുന്നു. ഒരു സഹീഹായ ഹദീസിൽ ഇങ്ങനെ വന്നിരിക്കുന്നു. 'വഫാത്തായ സന്താനം തന്റെ മാതാപിതാക്കളെ സ്വർഗ്ഗത്തിലെത്തിക്കാനുള്ള ഉപാധിയുണ്ടാക്കുന്നു.'

അതുകൊണ്ട് ഉന്നതനായ അല്ലാഹു പൊറുത്തുതരട്ടെ. അപ്രകാരം അതിന്റെ പ്രതിഫലവും പ്രദാനം ചെയ്യട്ടെ. കഷ്ടങ്ങളിൽ അതിരുകടന്ന് അക്ഷമ കാണിക്കുന്നത് അബദ്ധചിന്താഗതിയാണ്.

(വാഗ്ദത്ത മസീഹിന്റെ ഒരു ശിഷ്യന്റെ മകൻ മരണമടഞ്ഞപ്പോൾ തന്റെ അനുചരനെ സമാശ്വാസിപ്പിച്ചുകൊണ്ട് അയച്ച കത്തിൽ നിന്ന്. 1886 മെയ് 3ന് എഴുതിയ കത്ത് 'അൽ ഹഖം ലക്കം 21 ഭാഗം 7ൽ പ്രസിദ്ധീകരിച്ചത്.

**സമ്പാ: അമീൻ മുഹമ്മദ് എച്ച്.എ. ചാവക്കാട്.)**

---

ഹുസൂർ (അ) അരുൾ ചെയ്യുകയുണ്ടായി. കണ്ണിൽ സുറുമ ഇടുന്നത് മക്റൂഹ് (ചെയ്താൽ കുറ്റമില്ല ചെയ്യുന്നത് ആശാസ്യമല്ലാത്ത പ്രവൃത്തി) ആണെന്നു പറഞ്ഞു. പകലിൽ സുറുമ ഇടേണ്ട നിർബന്ധമെന്താണ് രാത്രി ഇടാമല്ലോ എന്നും ചൂണ്ടിക്കാട്ടി. നോമ്പനുഷ്ഠിച്ച ആൾ എന്തെങ്കിലും വാസനിപ്പിക്കുന്നത് വിരോധിക്കപ്പെട്ടതല്ല.

(മൽഫൂസാത്ത് വാല്യം 9. ഭാഗം 171, 172)

റമദാൻ മാസത്തിൽ സമയ നിശ്ചയമില്ലാതെ വീട്ടിന്നകത്ത് നിന്നു അത്താഴം കഴിച്ചു പുറത്തു നോക്കിയപ്പോൾ പ്രകാശം പരന്നിരിക്കുന്നതായിക്കണ്ടു. നോമ്പ് വീണ്ടും അനുഷ്ഠിക്കണമോ എന്ന് ഒരാൾ എഴുതിച്ചോദിച്ചതിന്ന് അറിയാതെ ഭക്ഷിക്കുകയും കുടിക്കുകയും ചെയ്യുന്നത് കൊണ്ട് പകരമായി വേറെ നോമ്പ് അനുഷ്ഠിക്കേണ്ടതില്ല എന്നു മറുപടി നൽകുകയുണ്ടായി.

(മൽഫൂസാത്ത് വാല്യം 9. ഭാ: 186)

റമദാനിൽ തറാവീഹ് നമസ്കാരം രാത്രി എട്ടു റക്ക് അത്ത് പള്ളിയിൽ വെച്ചു ജമാഅത്തായി അനുഷ്ഠിക്കേണമോ അതല്ല രാത്രിയുടെ അന്ത്യയാമത്തിൽ തനിച്ച് വീട്ടിൽ വെച്ചു നമസ്കരിക്കാമോ എന്ന ചോദ്യത്തിന്ന് ഹ: വാഗ്ദത്ത മസീഹ് ഇപ്രകാരം അരുൾ ചെയ്തു.

തറാവീഹ് നമസ്കാരം വാസ്തവത്തിൽ എട്ടു റക്ക് അത്ത് തഹജ്ജുദിന്നു പകരമുള്ള ഒന്നാണ്. ചോദ്യത്തിൽ പറഞ്ഞ രണ്ടുതരത്തിലും ഇതാകാവുന്നതാണ്. ഈ രണ്ടു വിധത്തിലും റസൂൽ തിരുമേനി(സ) നമസ്ക്കരിക്കാറുണ്ടായിരുന്നു. എന്നാൽ തിരുമേനി (സ) അധികവും രാത്രിയുടെ അന്ത്യയാമത്തിൽ ആയിരുന്നു നമസ്കരിക്കാറുണ്ടായിരുന്നത്. (മൽഫൂസാത്ത് വാ. 10 ഭാ. 178).

തഹജ്ജുദ് വിത്ർ അടക്കം പതിനൊന്നോ പതിമൂന്നോ റക്ക്അത്തുകളാണല്ലോ. ആ സ്ഥിതിയിൽ തറാവീഹിൽ 20 റക്ക് അത്തുകൾ നമസ്ക്കരിക്കുന്നതിനെക്കുറിച്ച് എന്താണു നിർദ്ദേശം എന്നുചോദിച്ചപ്പോൾ ഹുസൂർ തിരുമനസ്സ് (അ) അരുൾ ചെയ്തു. ഹദ്റത്ത് റസൂൽ തിരുമേനിയുടെ സ്ഥായിയായ സുന്നത്ത് എട്ടു റക്ക്അത്തുകൾ തഹജ്ജുദ്, രാത്രിയുടെ അന്ത്യയാമത്തിൽ നമസ് കരിക്കലായിരുന്നു. ശ്രേഷ്ഠതയും ഇതു തന്നെ. എന്നാൽ രാത്രിയുടെ ആദ്യഘട്ടത്തിൽ (ഇശാക്കുശേഷം) നമസ്കരിക്കുന്നതും അനുവദനീയമാണ്. ഒരു രിവായത്തനുസരിച്ച് രാത്രിയുടെ ആദ്യയാമത്തിൽ തിരുമേനി(സ) നമസ്ക്കരിച്ചിരുന്നു. ഇരുപത് റക്അത്തുകൾ പിന്നീടുണ്ടായതാണ്. റസൂൽ തിരുമേനിയുടെ ചര്യ ആദ്യം പറഞ്ഞത് പോലെ (8 റക്ക്അത്തുകൾ)യാണ്. (മൽഫൂസാത്ത് വാ. 10, പേജ് 113). □

ലേഖനം

# പരിപൂർണ്ണ മനുഷ്യന്റെ മഹത്വത്തിന്റെ നിദാനങ്ങൾ

എൻ.ഇ. ഹഖ്

## ദൈവിക വർണ്ണങ്ങൾ പൂർണ്ണമായും സ്വാംശീകരിച്ച മാനുഷതയുടെ പാരമ്യമാണ് റസൂൽ തിരുമേനി (സ)

ആരാണ് യഥാർത്ഥമായ അഭിനന്ദനവും പ്രശംസയും മഹത്വവും അർഹിക്കുന്നത്? ഒരാളുടെ സഹജമായ കഴിവുകളുടെയും സിദ്ധികളുടെയും ഫലമായി കൈവരുന്ന നേട്ടവും ഔന്നത്യവും അയാളെ യഥാർഥമായ പ്രശംസയ്ക്കും മഹത്വത്തിനും അർഹനാക്കി തീർക്കുന്നുണ്ടോ? അതോ, ആരുടെയും പ്രേരണ കൂടാതെ, ആരെയും കാണിക്കാനായിട്ടല്ലാതെ, ദൈവപ്രീതിക്കായി മാത്രം ചെയ്യുന്ന നിസ്വാർത്ഥസേവനങ്ങളും നിഷ്കാമകർമ്മങ്ങളുമാണോ ഒരാളെ യഥാർത്ഥത്തിലുള്ള പ്രശംസയ്ക്കും മഹത്വത്തിനും അർഹമാക്കുന്നത്?

ഈ ലോകത്ത് പ്രയത്നത്തിന്റെ അടിസ്ഥാനത്തിൽ മാത്രമല്ല നേട്ടങ്ങളും വിജയങ്ങളും കൈവരുന്നത് എന്നു നമുക്കറിയാം. കഴിവിന്റെയും പ്രാപ്തിയുടെയും കാര്യത്തിലാകട്ടെ ചിലർ മറ്റു ചിലരെക്കാൾ കൂടുതൽ അനുഗൃഹീതരുമാണ്. ശാരീരികമായ കഴിവുകളിൽ മാത്രമല്ല, മാനസികമായ കഴിവുകളിലും ഇതു പ്രകടമാണ്. ഈ കഴിവുകൾ തന്നെയാണ് അവരുടെ പ്രവൃത്തിയുടെ ഫലം നിർണ്ണയിക്കുന്നത്. അതുകൊണ്ടു തന്നെ ഭൗതികമായ ഒരു കാര്യത്തിനുവേണ്ടി നടത്തപ്പെടുന്ന പരിശ്രമത്തിന്റെ അളവിനെക്കാൾ അതിന്റെ ഫലത്തിന്റെയും പരിണതിയുടെയും അടിസ്ഥാനത്തിൽ മാത്രമാണ് പലപ്പോഴും നാം കാര്യങ്ങൾ വിലയിരുത്തുകയും നേട്ടങ്ങൾ കാണുകയും ചെയ്യാറുള്ളത്. ഒരു കാര്യത്തിലുള്ള ഒരാളുടെ പരാജയം അക്കാര്യത്തിലുള്ള അയാളുടെ പരിശ്രമത്തെ വിസ്മൃതമാക്കുന്നു.

### ദൈവത്തിന്റെ ഔദാര്യം:

അപ്പോൾ യാഥാർത്ഥ്യം എന്താണ്? മനുഷ്യന് നൈസർഗികമായുള്ള കഴിവുകളും സിദ്ധികളും അനുഗ്രഹങ്ങളും അവൻ സ്വയം കരുപ്പിടിപ്പിച്ചെടുത്തതോ അവന്റെ മുമ്പത്തെ അദ്ധ്വാനത്തിന്റെ പരിണതിയോ അല്ല. ഈ അനുഗ്രഹങ്ങളുടെ കഴിവുകളും അതുവഴിയുള്ള എല്ലാ സൽഫലങ്ങളും സ്രഷ്ടാവായ ദൈവത്തിന്റെ കേവലമായ ഔദാര്യങ്ങൾ മാത്രമാണ്. ഇതുതന്നെയാണ് വിശുദ്ധ ഖുർആനിലെ മഹത്തായ ഫാത്തിഹാ സൂക്തം ഉണർത്തുന്നത്. വാഗ്ദത്ത മസീഹ്, ഹദ്റത്ത് മിർസാ ഗുലാം അഹ്മദ് (അ) അത് ഇപ്രകാരം വിവരിച്ചുതരുന്നു:

"ലോകത്തു കാണപ്പെടുന്ന എല്ലാ വസ്തുക്കളിലുമുള്ള സ്തുത്യർഹമായ എല്ലാ ഗുണങ്ങളും സത്യത്തിൽ ദൈവത്തിന്റെതാണ്. അതുപോലെതന്നെ ഓരോ വസ്തുവിലും നിലനിൽക്കുന്ന സ്തുത്യർഹമായ എല്ലാ മേന്മയും അതിന്റെ രൂപസന്ദായകനാരോ അവനിൽ നിന്നുള്ളതാണ്. എന്നുപറഞ്ഞാൽ, ലോകത്തെ പ്രകാശമാനമാക്കുന്നതെന്തോ അത് സൂര്യനല്ല; സത്യത്തിൽ ദൈവമാണ് അതിനെ പ്രകാശിപ്പിക്കുന്നത്. രാത്രിയിലെ അന്ധകാരം അകറ്റുന്നത് ചന്ദ്രനല്ല. സത്യത്തിൽ ദൈവമാണ് അത് അകറ്റുന്നത്. ജലം വർഷിക്കുന്നത് മേഘങ്ങളല്ല; സത്യത്തിൽ ദൈവമാണ് അത് വർഷിക്കുന്നത്. ഇപ്രകാരം നമ്മുടെ കണ്ണുകൾ മുഖേന കാണുന്നത്, ദൈവം നൽകിയ ദർശനോപഹാരം വഴിയാകുന്നു. നമ്മുടെ ശ്രവണപുടങ്ങൾ കേൾക്കുന്നത്, ദൈവത്തിന്റെ ശ്രവണോപഹാരം വഴിയാകുന്നു. ധിഷണ കണ്ടെത്തുന്നതെന്തോ അതും അവൻ മുഖേന തന്നെയാണ്.... ഇങ്ങനെ വ്യക്തമായും അവൻ യഥാർത്ഥ ഔദാര്യമുടയവനും എല്ലാ ഔന്നത്യവും ആശ്ലേഷിച്ചിരിക്കുന്ന അനുഗ്രഹദാതാവുമാണ്. ഇതിലേക്കുതന്നെയാണ് ഫാത്തി

ഹാ തുടക്കത്തിൽ തന്നെ നമ്മുടെ ശ്രദ്ധ തിരിക്കുന്നത്. 'സർവ്വ സ്തുതി കീർത്തനങ്ങളും സകലലോകങ്ങളുടെയും സ്രഷ്ടാവും പരിപാലകനുമായ അല്ലാഹുവിനാകുന്നു. അവൻ പരമകാരുണീകനും നിതാന്തമായി കരുണ ചൊരിയുന്നവനും പ്രതിഫലം നൽകുന്ന ദിനത്തിന്റെ അധിപതിയുമാകുന്നു." (അൽഹഖം, ജൂൺ 24, 1904).

## റഹ്മാനായ ദൈവം:

മഹത്തായ ഈ പ്രാർഥന പഠിപ്പിച്ചുകൊണ്ട് ഫാത്തിഹാസൂക്തം ദൈവത്തിന്റെ അടിസ്ഥാന ഗുണങ്ങൾ നമുക്ക് പരിചയപ്പെടുത്തിത്തരുക മാത്രമല്ല, ഈ ഗുണഭാവങ്ങൾ പ്രതിഫലിപ്പിക്കുകയും മാനുഷികമായ സകലശ്രേഷ്ഠതകളും സമീകരിക്കുകയും ചെയ്തിട്ടുള്ള ഒരു മനുഷ്യപൂർണ്ണന്റെ മഹത്വത്തിന്റെ നിദാനങ്ങൾ അനാവരണം ചെയ്യുകയുമാണ് ചെയ്യുന്നത്. ഈ ഗുണങ്ങളിൽ ഏറ്റവും പ്രധാനമാണ് റഹ്മാൻ, റഹീം എന്നീ ഗുണങ്ങൾ. 'റഹ്മാൻ' എന്നാൽ ആരുടെയും പ്രവൃത്തിയുടെ ഫലമായിട്ടല്ലാതെ കേവലമായ കാരുണ്യത്തിന്റെ അടിസ്ഥാനത്തിൽ മാത്രം സകല ജീവജാലങ്ങൾക്കും അവയുടെ പിറവിയ്ക്കുമുമ്പായി ത്തന്നെ എല്ലാ അനുഗ്രഹങ്ങളും പ്രദാനം ചെയ്തിരിക്കുന്നവനും റഹീം എന്നാൽ അവൻ നൽകിയ കർമ്മശേഷിയെ വിവേചനാപൂർവ്വം വിനിയോഗിച്ചവർക്ക് അനുയുക്തമായ ഫലം നൽകുന്നവനുമാകുന്നു. ഇതേ കാര്യം ഖുർആൻ മറ്റൊരിടത്ത് പറയുന്നു:

"പറയുക, നിങ്ങളെ രാവും പകലും സംരക്ഷിച്ചുനിറുത്തുന്നത് ആരാണ്, റഹ്മാനായ അല്ലാഹുവല്ലാതെ?" – (21:43). "നിങ്ങൾക്കു മുകളിൽ ചിറകു വിടർത്തിയും ചിറകു കൂട്ടിപ്പിടിച്ചും പറക്കുന്ന പക്ഷികളെ അവർ നോക്കുന്നില്ലേ? റഹ്മാനല്ലാതെ മറ്റാരാണ് അവയെ താങ്ങി നിറുത്തുന്നത്" –

അങ്ങനെയുള്ള റഹ്മാന്റെ മുമ്പിൽ കീഴ്വണങ്ങാൻ, പറയപ്പെടുമ്പോൾ മുഖം തിരിച്ചുകൊണ്ട് "ഏതാണീ റഹ്മാൻ? നീ ഞങ്ങളോട് കല്പിക്കുന്നുവെന്നു വെച്ച് ഞങ്ങൾ പ്രണാമം അർപ്പിക്കുകയോ?'' – എന്നു ചോദിക്കുന്നുവെന്ന് ഖുർആൻ ചൂണ്ടിക്കാട്ടുന്നു. തുടർന്ന് റഹ്മാനായ ദൈവത്തെ പരിചയപ്പെടുത്തി കൊണ്ട് വിശുദ്ധ ഖുർആൻ പറയുകയാണ്:

"പറയുക, അനുഗ്രഹങ്ങളുടെയും അവിരാമമായ നന്മകളുടെയും സ്രോതസ്സാകുന്നു റഹ്മാൻ. ആകാശത്ത് നക്ഷത്രമണ്ഡലങ്ങൾ ഉണ്ടാക്കുകയും, അതിൽ സൂര്യനെ ഒരു വിളക്കായും ചന്ദ്രനെ പ്രതിബിംബമായും, വിശ്വാസിയെന്നോ അവിശ്വാസിയെന്നോ ഭേദമില്ലാതെ സകലർക്കും വെളിച്ചം വിതറിക്കൊണ്ട് സൃഷ്ടിക്കുകയും ചെയ്തിട്ടുള്ളവൻ. അവൻ തന്നെയാണ് നിങ്ങൾക്കായി നിരന്തരം മാറിക്കൊണ്ടിരിക്കുന്ന രാവിനെയും പകലിനെയും സൃഷ്ടിച്ചിട്ടുള്ളത്. അതുവഴി ഉൾക്കാഴ്ചയുള്ളവർ ഇതിന്റെ പിന്നിലുള്ള സംവിധാനത്തെക്കുറിച്ച് ചിന്തിച്ചു മനസ്സിലാക്കാനും അജ്ഞതയുടെ അന്ധകാരത്തിൽ നിന്നു മുക്തിനേടാനും നന്ദി കാണിക്കാനുദ്ദേശിക്കുന്നവർക്ക് നന്ദികാട്ടാനുമായി കൊണ്ടുതന്നെ." – (25:61–63).

സ്രഷ്ടാവിന്റെ ഈ നിരുപാധികമായ ഔദാര്യഗുണം – റഹ്മാനിയത്ത് – മനുഷ്യരിൽ നിന്നു കൃതജ്ഞതാപരമായ ചില നീതിബാദ്ധ്യതകൾ ആവശ്യപ്പെടുന്നു എന്നർത്ഥം. ഈ ഔദാര്യത്തെ ശരിയായ രീതിയിൽ നീതിപൂർവ്വം പ്രയോജനപ്പെടുത്തുക എന്നതാണിത്. അപ്പോഴാണ് മനുഷ്യൻ ദൈവത്തിന്റെ മറ്റൊരു തരത്തിലുള്ള ഔദാര്യത്തിന് – റഹീമിയത്തിന് – അർഹനായി തീരുന്നത്. ഇക്കാര്യത്തിൽ മനുഷ്യന്റെ ഭാഗത്തുനിന്നു ഉണ്ടാവേണ്ട അടിസ്ഥാന നീതി, റഹ്മാനായ ദൈവത്തിന് കീഴ്വണങ്ങുകയും അവന് പങ്കുകാരാരെയും കല്പിക്കാതിരിക്കുകയും ചെയ്യുക എന്നുള്ളതാണ്. അതോടൊപ്പം, തങ്ങളുടെ കഴിവനുസരിച്ച് സൽകർമ്മങ്ങൾ ചെയ്യുകയും 'റഹ്മാന്റെ' ആത്മീയ പ്രതിഫലനമാവുകയും ചെയ്യേണ്ടതുമാണ്. അതുകൊണ്ടാണ് വിശുദ്ധ ഖുർആൻ ഇപ്രകാരം ഉണർത്തുന്നത്

"റഹ്മാനായ അല്ലാഹുവിന്റെ ദാസന്മാർ ഭൂമിയിൽ വിനയത്തോടെ നടക്കുന്നവരാണ്. വിവരമില്ലാത്തവർ അവരുമായി നേരിട്ടാൽ, 'നിങ്ങൾക്കു സമാധാനം' എന്നു പറഞ്ഞു അവർ ഒഴിഞ്ഞുമാറുന്നതാണ്. അങ്ങനെ വിദ്വേഷത്തെ മാന്യത കൊണ്ടും ഭത്സനങ്ങളെ ആശംസകൾ കൊണ്ടും നേരിട്ട് അവർ റഹ്മാനിയത്തിന്റെ പ്രതിഫലനങ്ങളായി മാറ്റുന്നു" – (25;65).

വീണ്ടും : "നന്മയിൽ മുൻകടക്കുന്നവരാരോ അവർക്കാണ് അല്ലാഹുവിന്റെ റഹീമിയത്ത് വളരെ തൊട്ടടുത്തായുള്ളത്"

## മുഹമ്മദും അഹ്മദും:

മനുഷ്യൻ ദൈവത്തോടു ബാദ്ധ്യതപ്പെട്ട ഈ നീതിനിർവ്വഹണത്തിന്റെ അടിസ്ഥാനത്തിൽ സമസൃഷ്ടികൾക്കായുള്ള നിസ്വാർത്ഥ സേവനങ്ങളുടെയും നിഷ്കാമകർമ്മങ്ങളുടെയും അടിസ്ഥാനത്തിൽ മനുഷ്യരിൽ വെച്ച് അല്ലാഹുവിന്റെ റഹ്മാൻ, റഹീം എന്നീ ഗുണങ്ങളുടെ പരിപൂർണ്ണ ആവിഷ്കാരമായിരുന്നത് മുഹ

### രഹസ്യഭാഷണം

ഇബ്നു മസ്ഊദ് (റ)ൽ നിന്നും നിവേദനം:

'നിങ്ങൾ മൂന്നു പേരൊന്നിച്ചുള്ളപ്പോൾ മൂന്നാമനെ ഒഴിവാക്കിക്കൊണ്ട് നിങ്ങളിൽ രണ്ടുപേർ സ്വകാര്യം പറയരുത്. അയാളെ (മൂന്നാമനെ) അത് വിഷമിപ്പിച്ചേക്കാം.

മുഹമ്മദ് നബി(സ) (ബുഖാരി)

മ്മദ് മുസ്തഫാ, അഹ്മദ് മുജ്തബാ (സ) തിരുമേനിയല്ലാതെ മറ്റാരുമല്ല. അതിനാലാണ് അദ്ദേഹത്തിന് 'മുഹമ്മദ്' എന്നും 'അഹ്മദ്' എന്നുമുള്ള പേർ നൽകപ്പെട്ടത്. ആത്മീയമായ ഈ രണ്ടു അവസ്ഥകൾ അവിടുത്തെ മഹത്വത്തിന്റെ അനുഗൃഹീതമായ രണ്ടു വശങ്ങളാണ്. നബി (സ) തിരുമേനിയുടെ സമുന്നതമായ ഈ ആത്മീയ ഔന്നത്യത്തിന്റെ അടിസ്ഥാന വശം വാഗ്ദത്ത മസീഹ്, ഹദ്റത്ത് മിർസാ ഗുലാം അഹ്മദുൽ ഖാദിയാനി (അ) നമുക്ക് ഇപ്രകാരം മനസ്സിലാക്കി തരുന്നു:

"ഒരു തരത്തിലുള്ള പ്രയത്നവും കൂടാതെ, തങ്ങൾക്ക് വിവിധ രൂപത്തിലുള്ള അനുഗ്രഹങ്ങൾ പ്രദാനം ചെയ്യുന്നവൻ ജനങ്ങളുടെ സ്തുതി കീർത്തനങ്ങൾക്ക് പാത്രമായി തീരുന്നു. ഇതു മനുഷ്യപ്രകൃതിയിൽ അന്തർലീനമായ ഒരു സ്വഭാവമാണ്. ഈ സ്തുതി അതിന്റെ പരിപൂർണ്ണതയിൽ ഔദാര്യത്തിന്റെ പൂർണ്ണതയിലോളം ചെന്നെത്തുമ്പോഴാണ് മികവുറ്റ സ്നേഹത്തിന്റെ രൂപം കൈകൊള്ളുന്നത്. അങ്ങനെ ആ ഔദാര്യവാൻ സ്തുതിക്കുന്നവരുടെ കണ്ണിൽ തങ്ങളുടെ സ്നേഹപാത്രമായ 'മുഹമ്മദ്' (പ്രിയപ്പെട്ടവൻ) ആയിതീരുന്നു. ഇതുതന്നെയാണ് 'റഹ്മാൻ' എന്ന ഗുണത്തിന്റെ പരമമായ ദശ.....

''ഒരു ഭക്തദാസന്റെ നിഷ്കാമമായ കർമ്മങ്ങൾ അതിന്റെ പൂർണ്ണതയിലെത്തിയാൽ, അതിനനുസൃതമായി ദിവ്യമായ പ്രശംസയും അതിന്റെ പൂർണ്ണതയിലെത്തിച്ചേരുന്നു. അപ്പോൾ അല്ലാഹു 'അഹ്മദ്' (സ്നേഹിക്കുന്നവൻ) ആയിതീരുകയും ഭക്തദാസൻ 'മുഹമ്മദ്' (സ്നേഹഭാജനം) ആയി മാറുകയും ചെയ്യുന്നു.....

''ചുരുക്കത്തിൽ, അല്ലാഹുവിനെ ഒരു മുഹമ്മദായും (പ്രേമഭാജനം) ആരാധനാപാത്രമായും, അവന്റെ സൃഷ്ടിയെ തന്റെ കമിതാവിനായി സദാ കാമിക്കുന്ന അഹ്മദായും (പ്രേമി) മാറ്റുകയെന്നതാണ് റഹ്മാനിയത്തിന്റെ പാരമ്യം. റഹീമിയത്തിന്റെ പാരമ്യമാകട്ടെ അല്ലാഹുവിനെ അഹ്മദ് (പ്രേമിക്കുന്നവൻ) ആക്കുകയെന്നതും ഒരു ഭക്തനെ മുഹമ്മദ് (പ്രേമഭാജനം) ആക്കുകയെന്നതുമാണ്. ഇതിൽ നിന്നു നമ്മുടെ മഹാനായ യജമാനൻ നബി(സ) തിരുമേനിയുടെ അത്യുന്നതമായ പദവി നിങ്ങൾക്ക് തിരിച്ചറിയാൻ കഴിയും. എന്തെന്നാൽ അല്ലാഹു അദ്ദേഹത്തിനു മാത്രമേ മുഹമ്മദ് എന്നും അഹ്മദ് എന്നും നാമകരണം ചെയ്തിട്ടുള്ളൂ. അല്ലാഹു അദ്ദേഹത്തെ മാത്രമേ തന്റെ 'റഹ്മാൻ', 'റഹീം' എന്നീ ഗുണങ്ങളുടെ പ്രതിഫലനമാക്കിയിട്ടുള്ളൂ..." - (ഇഅ്ജാസുൽ മസീഹ്).

## നബി(സ)യുടെ മഹത്വത്തിന്റെ യാഥാർത്ഥ്യം:

എല്ലാവരെയും പോലുള്ള മനുഷ്യനെന്ന പരിമിതിയിലൊതുങ്ങിയാണ് നബി(സ) തിരുമേനി തന്റെ അനുഗൃഹീത ജീവിതൗന്നത്യം ലോകത്തിനു മുമ്പിൽ വെളിപ്പെടുത്തിയത്. അമാനുഷികമായ ഒന്നും അവിടുന്ന് അവകാശപ്പെടുകയുണ്ടായില്ല. ഒരു അമാനുഷികതയും തന്റെ അനുയായികളാൽ ആരോപിക്കപ്പെടാൻ ഇടവരുത്തിയുമില്ല. ദിവ്യദൃഷ്ടാന്തങ്ങൾ കാണിക്കാനുള്ള അഭൂതപൂർവ്വമായ കഴിവ് നൽകപ്പെട്ടിട്ടുപോലും!! നബി(സ)യുടെ മഹത്വത്തിന്റെ അടിസ്ഥാന യാഥാർത്ഥ്യം വിശുദ്ധ ഖുർആൻ ഇപ്രകാരം അനാവൃതമാക്കുന്നു.

''പറയുക, നിശ്ചയമായും നിങ്ങളെ പോലൊരു മനുഷ്യൻ മാത്രമാണ് ഞാൻ. പക്ഷെ നിങ്ങളുടെ ദൈവം ഒരേയൊരു ദൈവം മാത്രമാണെന്നു എനിക്കു വെളിപാടു നൽകപ്പെട്ടിരിക്കുന്നു. അതുകൊണ്ടു നമ്മുടെ നാഥനുമായുള്ള കൂടിക്കാഴ്ച ആഗ്രഹിക്കുന്നവർ, സൽപ്രവൃത്തികൾ ചെയ്യട്ടെ. അങ്ങനെ തന്റെ നാഥനെ ആരാധിക്കുന്നതിൽ ആരെയും പങ്ക് ചേർക്കാതിരിക്കുകയും ചെയ്യട്ടെ." - (18:10).

നബി(സ) തിരുമേനി സാധാരണക്കാർക്കെല്ലാമുള്ള ഒരു ജീവിത മാതൃകയാണെന്നിരിക്കെ മനുഷ്യൻ എന്ന നിലയിൽ അവിടുന്ന് എല്ലാവരെയും പോലെയാണ്. എങ്കിലും എല്ലാവരെയും പോലുള്ള ഒരാളല്ല; സുദീപ്തമായ ഒരു വ്യത്യാസം തീർച്ചയായും ആ വ്യക്തിത്വത്തിൽ സ്വീകരിക്കപ്പെട്ടിരിക്കുന്നു.!! അത് തനിയ്ക്ക് ഏകനായ ദൈവത്തിൽ നിന്നു നേരിട്ടു വെളിപാടുകൾ ലഭിക്കുന്നു എന്നതായിരുന്നു. ഈ അനുഗ്രഹലബ്ധിക്കുള്ള ഒന്നാമത്തെ നിദാനം, തന്റെ സ്രഷ്ടാവായ ദൈവത്തിൽ പൂർണ്ണമായും കീഴ്വണങ്ങികൊണ്ട് അവന് പങ്കുകാരാരെയും കല്പിക്കുകയുണ്ടായില്ല എന്നുള്ളതാണ്. മറ്റൊന്ന് 'റഹ്മാ'ന്റെ ആത്മീയ പ്രതിഫലനമാവുകവഴി മനുഷ്യരാശിയ്ക്കായുള്ള സേവനത്തിൽ, നിഷ്കാമകർമ്മങ്ങളിലുള്ള അവിടുത്തെ പരിപൂർണ്ണതയായിരുന്നു. തങ്ങളുടെ രക്ഷിതാവായ ദൈവവുമായുള്ള കൂടിക്കാഴ്ച ആഗ്രഹിക്കുന്നവർ, ഈ ജീവിതമാതൃക പിന്തുടരുകയാണെങ്കിൽ, ദൈവവുമായുള്ള കൂടിക്കാഴ്ചയുടെ അനുഗൃഹീത ദിവ്യവെളിപാടുകളാൽ അവരും അനുഗൃഹീതരായി തീരുമെന്നതാണ് ഈ സൂക്തം അനാവൃതമാക്കുന്ന നബി(സ)യുടെ മഹത്വത്തിന്റെ മറ്റൊരു വശം!

ദൈവികഗുണങ്ങളുടെ പ്രതിഫലനമായിരിക്കാത്ത കാലത്തോളം വാക്കിലും പ്രവൃത്തിയിലും ഒരു മനുഷ്യന് പരിപൂർണ്ണ വ്യക്തിത്വം നേടിയെടുക്കാനോ തികവുറ്റ ജീവിതമാതൃകയാവാനോ കഴിയുകയില്ല. അതുകൊണ്ട്, മുഹമ്മദ് എന്ന മനുഷ്യപൂർണ്ണൻ ദൈവത്തിന്റെ രണ്ട് അടിസ്ഥാന ഗുണഭാവങ്ങളുടെ - റഹ്മാനിയത്തിന്റെയും, റഹീമിയത്തിന്റെയും - പ്രതിഫലനമായിരിക്കണമെന്നുള്ളത് അനിവാര്യമായിരുന്നു. ''അതുകൊണ്ടാണ് പ്രപഞ്ചത്തിന്റെ നാഥൻ അദ്ദേഹത്തിന് മുഹമ്മദ് എന്നും അഹ്മദ് എന്നുമുള്ള പേർ നൽകിയത്". വാഗ്ദത്ത മസീഹ് ഹദ്റത്ത് മിർസാ ഗുലാം അഹ്മദ് (അ) വിശദീകരിക്കുകയുണ്ടായി. "അവിടുത്തെ കുറിച്ച്

യത്തിന്റെ തന്നെ നേതാവായിതീരാനുള്ള അന്യാദൃശമായ കഴിവ് നബി(സ) ഉൾകൊണ്ടിരുന്നു. എന്നാൽ തന്റെ കഴിവുകളെല്ലാം ദൈവമാർഗ്ഗത്തിൽ അർപ്പിക്കുകയാണ് അവിടുന്ന് ചെയ്തത്. അതുകൊണ്ടാണ് തിരുനബി(സ)യെ പറ്റി വിശുദ്ധ ഖുർആൻ 'നൂറുൻ അലാ നൂർ' (പ്രകാശത്തിനുമേൽ പ്രകാശം) എന്നു വിശേഷിപ്പിച്ചിരിക്കുന്നത്. (24:35). ഈ പ്രകാശദ്വയം അല്ലാഹുവിന്റെ റഹ്മാൻ, റഹീം എന്നീ ഗുണങ്ങളുടെ പ്രതിഫലനങ്ങളായിരുന്നു.

ലോകക്ഷേമത്തിനും ജനസേവനത്തിനുമുള്ള ഒരു ആന്തരീയ പ്രകാശം തുടക്കത്തിലെ നബി(സ) തിരുമേനിക്കുണ്ടായിരുന്നു. എന്നാൽ പരമമായ വിനയത്തിന്റെ ആടയണിഞ്ഞുകൊണ്ട് ഒരൊഴിഞ്ഞ പാത്രം കണക്കെ നബി(സ) ദൈവാർപ്പണത്തിൽ ലയിച്ചപ്പോൾ, അല്ലാഹുവിന്റെ സ്വർഗ്ഗീയ പ്രകാശവും ആ ഹൃദയത്തിൽ സമ്മേളിച്ചു. അങ്ങനെ നബി(സ) തിരുമേനി പ്രകാശത്തിനുമേൽ പ്രകാശമായി!!

ഈ പ്രകാശോജ്ജ്വലത, അല്ലാഹുവിനോടുള്ള നബി(സ) തിരുമേനിയുടെ അതുല്യമായ സത്യസന്ധതയുടെയും വിശ്വസ്തതയുടെയും സാക്ഷ്യമാണ്. ഈ വിശ്വസ്തത എന്താണ്? ദൈവം മനുഷ്യന് നൽകിയ എല്ലാ അനുഗ്രഹങ്ങളും എല്ലാ ഔദാര്യങ്ങളും അവസാന വിശകലനത്തിൽ അവൻ മനുഷ്യനെ ഏൽപിച്ച 'അമാനത്ത്' അഥവാ സൂക്ഷിപ്പുമുതൽ ആണെന്നാണ് വിശുദ്ധ ഖുർആൻ പഠിപ്പിക്കുന്നത്. സൂക്ഷിപ്പുമുതൽ ഒടുവിൽ ഉടമയ്ക്കു തന്നെ തിരിച്ചേൽപിക്കേണ്ട ഒന്നായിരിക്കും. ഇപ്രകാരം സർവ്വവും സ്രഷ്ടാവായ ദൈവം വിശ്വസിച്ചേൽപ്പിച്ച സൂക്ഷിപ്പുമുതലായിരിക്കെ, തന്റെ ജീവനും അസ്തിത്വം പോലും അതായിരിക്കെ, ആ യഥാർത്ഥ ഉടമയ്ക്കു പൂർണ്ണമായും കീഴ്‌വണങ്ങി കൊണ്ടല്ലാതെ മനുഷ്യന് ശരിയായ നിലയിൽ വിശ്വസ്തനും സത്യസന്ധനുമായിത്തീരാൻ സാധ്യമല്ല. ഈ സത്യസന്ധത

മായി നോക്കിയാൽ ബുദ്ധിവൈഭവത്തിലും കഴിവിലും ഏറ്റവും ഉത്തുംഗതയിൽ വിരാജിച്ച ആളായിരുന്നു. നേതൃത്വപരമായ ഉൾക്കരുത്തും സേവനോത്സുകതയും അവിടത്തെ ജീവിതത്തിൽ ചെറുപ്പന്നേ കളിയാടിയിരുന്നു. തങ്ങൾക്കിടയിൽ ഏറ്റവും ബുദ്ധിമാനും ഏറ്റവും സത്യസന്ധനും ഏറ്റവും അറിവുനിറഞ്ഞയാളും മുഹമ്മദ് (സ) ആണെന്നു അവിടത്തെ കുട്ടിക്കാലത്തുതന്നെ അറബികൾ മനസ്സിലാക്കിയിരുന്നു. അതിനാൽ തന്നെ സമൂഹത്തിലെ ഏതു പ്രശ്നങ്ങൾക്കുമുള്ള പരിഹാരത്തിന് നബി(സ)യെ തന്നെയാണ് അവർ സമീപിച്ചിരുന്നത്. 'കഅബാ' ദേവാലയം പുതുക്കി പണിതുകൊണ്ടിരുന്ന സമയത്ത്, പ്രശസ്തമായ 'ഹജറെ അസ്‌വദ്' എന്ന കല്ല് അതിന്റെ ശരിയായ സ്ഥാനത്തു പ്രതിഷ്ഠിക്കാനുള്ള യഥാർത്ഥ അവകാശി ആരെന്നതിനെ ചൊല്ലി ഗോത്രത്തലവന്മാർക്കിടയിൽ ഒരു തർക്കമുയരുകയുണ്ടായി. ആ അവസരത്തിൽ യുവാവായിരുന്ന മുഹമ്മദ് മുസ്തഫാ (സ) അങ്ങോട്ടുവരുന്നത് അവർ കണ്ടു. 'നമ്മൾ പ്രതീക്ഷിക്കുന്നയാൾ വരുന്നുണ്ട്. ഇദ്ദേഹം എല്ലാ തർക്കങ്ങൾക്കും പരിഹാരം നിർദ്ദേശിക്കും' എന്നു പറഞ്ഞുകൊണ്ട് പ്രായത്തെ കാര്യമാക്കാതെ അവർ അദ്ദേഹത്തെ സമീപിച്ചു. പ്രശ്നപരിഹാരമെന്നോണം നബി(സ) അവരോട് ഒരു വിരിപ്പ് കൊണ്ടുവരാൻ പറയുകയും അതു നിലത്തു വിരിച്ചശേഷം അതിന്റെ ഓരോ മൂലയിലും ഓരോ ഗോത്രലവന്മാരോടും പിടിക്കാൻ പറയുകയും ചെയ്തു. തുടർന്ന് അദ്ദേഹം തന്റെ തൃക്കൈക്കൊണ്ടുതന്നെ ആ കല്ലെടുത്ത് വിരിപ്പിൽ വെക്കുകയും യഥാസ്ഥാനത്തു പ്രതിഷ്ഠിക്കുകയുമുണ്ടായി. ആർ ക്കും എതിർപ്പുണ്ടായില്ല!!

ഈ സംഭവം നബി(സ) തിരുമേനിയുടെ സർവ്വാതിശായിയായ നേതൃശേഷിയെയും പ്രത്യുൽപന്നമതിത്വത്തെയുമാണ് വെളിപ്പെടുത്തുന്നത്. പ്രവാചകനായി തീർന്നില്ലായിരുന്നുവെങ്കിൽ പോലും ലോകസമുദാ

അല്ലാഹു പറയുകയാണ്: "തീർച്ചയായും നിങ്ങൾക്കിതാ നിങ്ങളിൽ നിന്നുള്ള ഒരു ദൂതൻ വന്നിരിക്കുന്നു. നിങ്ങൾ പ്രയാസത്തിലകപ്പെടുന്നത് അദ്ദേഹത്തിന് തീർത്തും അസഹ്യമാണ്. നിങ്ങളുടെ ക്ഷേമകാര്യങ്ങളിലാകട്ടെ അത്യന്തം ഉൽക്കണ്ഠാകുലനുമാണദ്ദേഹം. വിശ്വാസികളുടെ നേരെ അദ്ദേഹം, അങ്ങേയറ്റം ആർദ്രചിത്തനും കാരുണ്യവാനുമാകുന്നു....' (9:128)....

"അസീസ്, ഹരീസ് എന്നീ വിശേഷങ്ങൾ നൽകുക വഴി അല്ലാഹു നബി(സ) തിരുമേനിയെ തന്റെ അപാരമായ അനുഗ്രഹത്താൽ, "റഹ്മാൻ" എന്ന ഗുണത്തിന്റെ പ്രതിഫലനമാക്കിയിരിക്കുകയാണെന്നും, മനുഷ്യനും അതുപോലെ മൃഗങ്ങൾക്കും അവിശ്വാസികൾക്കും അതുപോലെ തന്നെ വിശ്വാസികൾക്കും എന്നല്ല സകലമാനർക്കുമായുള്ള ഒരു കാരുണ്യമാണ് സത്യത്തിൽ അദ്ദേഹമെന്നുമാണ് ഇവിടെ വ്യക്തമാക്കുന്നത്. തുടർന്ന് നബി(സ) സത്യവിശ്വാസികളോട് വളരെ ദയാലുവും കാരുണ്യവാനുമാണെന്നു വ്യക്തമാക്കിക്കൊ ണ്ട് അവിടുന്ന് 'റഹീം' ആണെന്നു കൂടി അവൻ വിശേഷിപ്പിക്കുന്നു. ചി ന്തിക്കുന്നവരെ സംബന്ധിച്ചിടത്തോ ളം ഇതൊന്നും അജ്ഞാതമല്ല. അല്ലാ ഹു അദ്ദേഹത്തെ പ്രകീർത്തിക്കുകയും ഉയർത്തുകയും ഖുർആനിൽ വിവരിച്ചതുപോലെ ഉന്നതവും ശ്രേയസ്കരവുമായ ധാർമ്മിക ഗുണങ്ങൾ നൽകിക്കൊണ്ടു ആദരണീയനാക്കുകയും ചെയ്തു. ഈ സമുന്നതമായ ധാർമ്മിക ഗുണങ്ങൾ എന്താണെന്നു നിങ്ങൾക്കറിയണമെന്നുണ്ടെങ്കിൽ, അത് നമ്മുടെ അഭിപ്രായത്തിൽ അവിടുന്ന് 'റഹ്മാനും', 'റഹീമും' ആണെന്നും ഉള്ളതാണ്... അങ്ങനെ മുഹമ്മദ് അർപ്പിതഹൃദയവുമായി അല്ലാഹുവിൽ വന്നണഞ്ഞവരെയെല്ലാം കവച്ചുനിന്നു." – (ഇഅ്ജാസുൽ മസീഹ്).

## നബി(സ)യുടെ സർവ്വാതിശായിത്വം:

മുഹമ്മദ് നബി(സ), ഭൗതിക

യെയും വിശ്വസ്തതയെയും പരീക്ഷിക്കുക എന്നതുതന്നെയാണ് ഭൂമിയിൽ മനുഷ്യസൃഷ്ടിപ്പുകൊണ്ട് ദൈവം ഉദ്ദേശിക്കുന്നത്. വിശുദ്ധ ഖുർആൻ പറയുന്നു:

"നിശ്ചയമായും ഭൂമുഖത്തുള്ളതിനെയെല്ലാം നാം അതിനലങ്കാരമാക്കിയിരിക്കുന്നു. അതുവഴി മനുഷ്യരിൽ ആരാണ് ഏറ്റവും നന്നായി പ്രവൃത്തിക്കുന്നതെന്നു പരീക്ഷിച്ചറിയാൻ വേണ്ടി" – (18:18)

മനുഷ്യപ്രവർത്തനങ്ങളുടെ പരീക്ഷാക്കളമാണ് ജീവിതമെന്നിരിക്കെ ദൈവദൃഷ്ടിയിൽ മനുഷ്യന് യഥാർത്ഥമായ അഭിനന്ദനവും പ്രശംസയും അവകാശപ്പെടാൻ അർഹത നേടികൊടുക്കുന്നത് അവന്റെ സത്യസന്ധതയും സൽകർമ്മങ്ങളുമല്ലാതെ മറ്റൊന്നുമല്ല. കുറേകൂടി തെളിച്ചുപറഞ്ഞാൽ, ദൈവം നൽകിയ ഈ കഴിവുകളും അനുഗ്രഹങ്ങളുമെല്ലാം തന്റെ വിശ്വസ്തതയുടെ സാക്ഷ്യമായി സൽ കർമ്മങ്ങൾ മുഖേന ദൈവസന്നിധിയിൽ തന്നെ തിരിച്ചേൽപിക്കുമ്പോഴാണ്. ഈ തിരിച്ചേൽപിക്കൽ മനുഷ്യൻ തന്റെ ആത്മാവിൽ സമരം ചെയ്യാതെ നിവൃത്തിയില്ല.

## നന്മയും തിന്മയും:

ഈ ലോകത്ത് പ്രയത്നത്തിന്റെ അടിസ്ഥാനത്തിൽ മാത്രമല്ല പലപ്പോഴും നേട്ടങ്ങളും വിജയങ്ങളുമെങ്കിലും, ആത്മീയലോകത്ത് ദൈവമാർഗ്ഗത്തിലുള്ള സത്യസന്ധമായ പ്രയത്നം മാത്രമാണ് ഫലം നിർണ്ണയിക്കുക. ഇതാകട്ടെ ആത്മാവിലുള്ള സമരമാണ്. ഭൗതികലോകത്ത് കീർത്തി നൽകുന്ന പ്രകടനപരമായ കഴിവുകൾക്കപ്പുറം ദൈവസംതൃപ്തിയ്ക്കായുള്ള ആത്മാർത്ഥമായ തീവ്രയത്നം മാത്രം! അങ്ങനെയുള്ളവർക്ക് വിശുദ്ധ ഖുർആൻ ഇപ്രകാരം സുവാർത്തകൾ നൽകുന്നു.

"ആർ നമ്മുടെ മാർഗ്ഗത്തിൽ തീവ്രയത്നം നടത്തുന്നുവോ അവനെ നാം ഉറപ്പായും നമ്മുടെ വഴിയിലെത്തിക്കുന്നതാണ്. നിശ്ചയമായും അല്ലാഹു സദ്‌വൃത്തന്മാർക്കൊപ്പമാണ്." (29:70).

**നബി(സ)യുടെ ഈ മനുഷ്യപൂർണ്ണത, സമാനതയില്ലാത്ത അവിടുത്തെ മാനുഷികഗുണങ്ങളിലും വിനയത്തിലും സഹനത്തിലും ദൈവത്തോടുള്ള അതുല്യമായ അനുസരണത്തിലും മനുഷ്യരോടുള്ള അദമ്യമായ സഹാനുഭൂതിയിലും അനഭിഗമ്യമായ അവിടത്തെ സേവനോത്സുകതയിലും പ്രകടമായിരുന്നു.**

"ആരെങ്കിലും ഒരണു അളവ് നന്മ ചെയ്യുകയാണെങ്കിലും അതവൻ കാണുന്നതാണ്" (99;8).

"നിസ്സംശയം അല്ലാഹു സൽകർമ്മികളുടെ പരിശ്രമം ഒട്ടും പാഴാക്കുകയില്ല" (9;20)

സൻമാർഗ്ഗത്തിലുള്ള തീവ്രമായ പരിശ്രമങ്ങളിലാണ് മനുഷ്യന്റെ ജീവിതോദ്ദേശ്യം സഫലമാവുന്നത്. പക്ഷെ, മനുഷ്യൻ എപ്പോഴും എളുപ്പത്തെയും ആനന്ദത്തെയും ആഗ്രഹിക്കുന്നവനാണ്. നന്മ എളുപ്പം സ്വായത്തമാക്കാവുന്നതല്ല. വിഷമത്തിലും അസൗകര്യത്തിലുമാണത് പലപ്പോഴും നന്മ നിലകൊള്ളുന്നത്. തിന്മയുടെ വഴിയാകട്ടെ പ്രയാസരഹിതം മാത്രമല്ല സുഖപ്രദം കൂടിയാണ്. ഓരോ യഥാർത്ഥ നന്മയും ആത്മാവിലൊരു മർദ്ദനം ഏൽപിക്കുന്നുവെന്നതാണ് സത്യം. അതിനാൽ, ആത്മാവിനെ മർദ്ദിച്ചുകൊണ്ട് നന്മയെ നിലനിറുത്തുന്നതിലാണ് മനുഷ്യന് യഥാർത്ഥ പ്രശംസയും അഭിനന്ദനവും നേടാനാവുന്നത്. ഇങ്ങനെയുള്ളവരെ അല്ലാഹു സ്നേഹിക്കുന്നുവെന്നും വിശുദ്ധ ഖുർആനെ അവർക്ക് അനന്തരാവകാശമാക്കിയിരിക്കുന്നുവെന്നും ദൈവം അവന്റെ തിരുവചനത്തിൽ പ്രഖ്യാപിക്കുന്നു.

"പിന്നീട് നാം നമ്മുടെ വരിഷ്ഠരായ ദാസന്മാർക്ക് ഈ ഖുർആനെ അനന്തരാവകാശമായി നൽകിയിരിക്കുന്നു. ആഗ്രഹങ്ങളെ അടിച്ചമർത്തിക്കൊണ്ട് തങ്ങളുടെ ആത്മാക്കളെ മർദ്ദിക്കുന്നവരും അവരിലുണ്ട്. അതുവഴി സന്മാർഗ്ഗത്തിൽ സ്ഥിരപാദരായവരും ഉണ്ട്. പിന്നെ അല്ലാഹുവിന്റെ അനുമതിയാൽ തിന്മയിൽ മുൻകടന്നിട്ടുള്ളവരും ഉണ്ട്. ഇതുതന്നെയാണ് മഹത്തായ വിജയം"

## പൂർണ്ണ മനുഷ്യന്റെ ഹൃദയവേദനകൾ:

ജീവിതവിജയത്തിന്റെ പാതയിൽ ആത്മാവിന്റെ ദുരകളെ അടിച്ചമർത്തുന്നതിലൂടെ കടന്ന് ആത്മപീഢനത്തിന്റെ സോപാനത്തിലൂടെ നന്മയിൽ മുന്നേറുന്ന മൂന്നുവിഭാഗം സുകൃതവാന്മാരെ കുറിച്ചാണ് പരാമർശിക്കപ്പെട്ടിരിക്കുന്നത്. ഇക്കൂട്ടത്തിൽ ഏറ്റവുമേറെ മുൻകടന്നിട്ടുള്ളവർ പ്രവാചകന്മാരായിരിക്കെ അവരിൽ എല്ലാവരിലും വെച്ച് ഒന്നാമനും മനുഷ്യകുലത്തിൽ വെച്ചു ഏറ്റവും വിശ്വസ്തതയും സത്യസന്ധതയും പൂർത്തിയാക്കുക വഴി സൃഷ്ടിയുദ്ദേശ്യം സഫലമാക്കിയവരിൽ ഒന്നാമനും മുഹമ്മദ് നബി(സ) തിരുമേനിയല്ലാതെ മറ്റാരുമല്ല. അതുകൊണ്ടാണ് നബി(സ) പരിപൂർണ്ണ മനുഷ്യൻ എന്നു വിശേഷിപ്പിക്കപ്പെട്ടത്.

നബി(സ)യുടെ ഈ മനുഷ്യപൂർണ്ണത, സമാനതയില്ലാത്ത അവിടുത്തെ മാനുഷികഗുണങ്ങളിലും വിനയത്തിലും സഹനത്തിലും ദൈവത്തോടുള്ള അതുല്യമായ അനുസരണത്തിലും മനുഷ്യരോടുള്ള അദമ്യമായ സഹാനുഭൂതിയിലും അനഭിഗമ്യമായ അവിടത്തെ സേവനോത്സുകതയിലും പ്രകടമായിരുന്നു. നബി(സ) തിരുമേനിയുടെ നിരുപമമായ മഹത്വത്തെ ഒരു രംഗാവിഷ്കരണം മു

ഖേന വിശുദ്ധ ഖുർആൻ ഇപ്രകാരം അനാവൃതമാക്കുന്നു:

"തീർച്ചയായും ആ അമാനത്തിനെ – വിശ്വസ്ത മുതലിനെ (അഥവാ ദൈവം നൽകിയതിനെ ദൈവത്തിനു തന്നെ തിരിച്ചേൽപിക്കുകയെന്ന ഉത്തരവാദിത്തത്തെ, ദൈവസംപ്രീതിക്കായി ജീവജാലങ്ങളുടെ ക്ഷേമത്തിനുവേണ്ടി വേദന ചുമക്കുകയെന്ന ഉത്തരവാദിത്തത്തെ) ആകാശങ്ങളുടെയും ഭൂമിയുടെയും പർവ്വതങ്ങളുടെയും മുമ്പാകെ നാം വെച്ചു. എന്നാൽ അതേറ്റെടുക്കുവാൻ അവ വിസമ്മതിക്കുകയും അക്കാര്യത്തിൽ പേടിക്കുകയും ചെയ്തു. എന്നാൽ, മനുഷ്യൻ (അഥവാ പരിപൂർണ്ണ മനുഷ്യൻ) അതേറ്റെടുക്കുവാൻ തയ്യാറായി. എന്തെന്നാൽ ആ മനുഷ്യൻ തന്നോടുതന്നെ ദ്രോഹം ചെയ്യാൻ കഴിയുന്നവനും അനന്തരഫലത്തെ ഗൗനിക്കാത്തവനുമാണ്." (33:73)

ആത്മീയ ലോകത്തെയോ ഭൗതികലോകത്തെയോ ഒരു നേതാവിനും ഒരു ജനനായകനും ഒരു ജനസേവകനും ഒരു യോഗിവര്യനും ആ ഭാരം ഏറ്റെടുക്കാൻ സാധിക്കുമായിരുന്നില്ല. അതൊരു പരിപൂർണ്ണ മനുഷ്യനുമാത്രമേ സാധിക്കുമായിരുന്നുള്ളൂ. അനന്തരഫലം നോക്കാതെ സ്വയപ്രതിഷ്ഠമായ ആത്മനൊമ്പരങ്ങളേറ്റുവാങ്ങുന്നയാളല്ലാതെ (ളുലൂമൻ ജുഹൂലാ) മറ്റാരുമായിരുന്നില്ല ആ വ്യക്തി. അതായത്, മനുഷ്യവംശത്തിന്റെ ക്ഷേമത്തിനായി ദൈവാനുസരണത്തിന്റെ ബലിക്കല്ലിൽ തന്റെ ആത്മാവിനെ അടിച്ചൊതുക്കുകയും ആ ആത്മനൊമ്പരത്തെ തീർത്തും അവഗണിക്കുകയും ചെയ്യാൻ കഴിവുള്ള അന്യാദൃശമായ ആ വ്യക്തി നബി(സ) തിരുമേനി മാത്രമായിരുന്നു. ജനങ്ങളുടെ ദുഃഖങ്ങളെ സ്വന്തം ദുഃഖങ്ങളാക്കി മാറ്റുകയും അവരുടെ വേദനകളെ തന്റെ വേദനകളായി പുണരുകയും അവരെ സന്തോഷിപ്പിക്കാൻ വേണ്ടി അവരുടെ ഭാരങ്ങളെ വാങ്ങുകയും ചെയ്യുക വഴി തന്റെ ആത്മാവിനെ കഷ്ടപ്പെടുത്തുക എന്നതായിരുന്നു അവിടത്തെ രീതി. 'ജനനേതാവ് ജനസേവകനാണെന്ന്' തിരുനബിയുടെ തന്നെ മൊഴിയുടെ അനുപമസാക്ഷാത്കാരം അദ്ദേഹം തന്നെയായിരുന്നു. മറ്റുള്ളവരുടെ മർദ്ദനങ്ങളെയും കഷ്ടപ്പാടുകളെയും അധഃസ്ഥിതിയെയും തന്റേതാക്കി വരിച്ചുകൊണ്ട് അന്യരുടെ ഭാരങ്ങൾ സ്വയം ചുമന്നു. ഈ ഹൃദയവേദനകൾക്കിടയിൽ 'ഹാവൂ' എന്നൊരു വേദനാധ്വനിപോലും അവിടുന്ന് ഉരുവിടുകയുണ്ടായില്ലെന്നതാണ് സത്യം!

നബി(സ) തിരുമേനി നേരിടേണ്ടി വന്ന വേദനാജനകമായ അവസ്ഥകളെ കുറിച്ചുള്ള സ്മരണ ഹൃദയധന്യമായ ഏതൊരു ഹൃദയത്തെയും വേദനിപ്പിക്കാതിരിക്കില്ല. മക്കയിൽ മാത്രം 13 വർഷക്കാലം നീണ്ടുനിന്ന പീഡനങ്ങൾ! അതിഘോരമായ ആ പീഡനങ്ങളിൽ പിടിച്ചുനിൽക്കാൻ തിരുസഖാക്കൾ പോലും സാഹസപ്പെടുകയുണ്ടായി. അതിനെ കുറിച്ചു വിശുദ്ധ ഖുർആൻ തന്നെ അനുസ്മരിക്കുന്നുണ്ട്. 'മതാ നസ്റുല്ലാ...' – 'എപ്പോഴാണ് അല്ലാഹുവിന്റെ സഹായം വന്നെത്തുക' എന്നു ഹതാശരായി അവർ ചോദിച്ചുപോയി...

തനിയ്ക്ക് കൊടിയ മർദ്ദനങ്ങൾ മാത്രം സമ്മാനിച്ചവരുടെ, നിഷ്കളങ്കരായ തന്റെ അനുചരന്മാരെ കുരുതി നടത്തിയവരുടെ തട്ടകമായ മക്കാപട്ടണത്തിൽ ഒടുവിൽ നബി(സ) പതിനായിരം പരിശുദ്ധന്മാരോടൊപ്പം വിജിഗീഷുവായി തിരിച്ചുവന്നപ്പോൾ നിഷ്കണ്ടകൻമാരെപോലും വെറുതെവിട്ടു, അല്ലാഹുവിനു നന്ദി പ്രകാശിപ്പിക്കുന്നതിലായിരുന്നു അവിടുത്തെ മുഴുവൻ ശ്രദ്ധയും!! ആ ദിനം മറ്റേതെങ്കിലും നേതാവിന്റേതായിരുന്നെങ്കിൽ ശത്രുക്കളെ സംബന്ധിച്ചിടത്തോളം കാളരാത്രിയാകുമായിരുന്നു! ലോകചരിത്രത്തിലെ അന്യാദൃശമായ വിജയാഘോഷം! ആ നേരം അങ്ങേയറ്റം വിനയാന്വിതനായി സ്വതസിദ്ധമായ ലജ്ജയാൽ താനറിയാതെ ഒട്ടകപ്പുറത്ത് ചെന്നുമുട്ടുന്നിടത്തോളം അവിടുത്തെ ശിരസ്സ് കുനിഞ്ഞുനിന്നു!!

## തിരുനബിയുടെ ആത്മീയ പ്രതിഫലനങ്ങൾ

ഇപ്രകാരം, മനുഷ്യരാശിയുടെ രക്ഷിതാവിനോടുള്ള പ്രതിഹതമായ സ്നേഹം ഒരു വശത്തും, മനുഷ്യകുലത്തോടുള്ള നിരുപമമായ സഹാനുഭൂതി മറുവശത്തുമായി മുഹമ്മദ് നബി(സ) തന്റെ രണ്ടു സ്വർഗ്ഗീയനാമങ്ങളെയും തന്റെ ജീവിതത്തിൽ സാക്ഷാത്കരിക്കുകയുണ്ടായി. സ്രഷ്ടാവിനോടും സൃഷ്ടികളോടുമുള്ള തിരുനബിയുടെ ഈ സ്നേഹത്തിന്റെ ആത്മീയ പ്രതിഫലനം, അദ്ദേഹം ലോകർക്കെല്ലാമുള്ള കാരുണ്യമായിരിക്കെ, വിഗ്രഹാരാധനയോടൊപ്പം മനുഷ്യാരാധനയും നിരീശ്വരത്വവും വ്യാപിച്ചിരിക്കുന്ന ഈ കാലഘട്ടത്തിലേക്കുകൂടി അവശ്യം ആവശ്യമായിരുന്നു. അതുകൊണ്ടാണ് നബി(സ)യുടെ മുഹമ്മദ് എന്നും അഹ്മദ് എന്നുമുള്ള രണ്ടു നാമങ്ങളുടെയും പൂർണ്ണമായ ആവിഷ്കാരം രണ്ടുകാലഘട്ടങ്ങളിലായി വേർതിരിക്കപ്പെട്ടിരിക്കുന്നത്. വാഗ്ദത്ത മസീഹ് (അ) അതിങ്ങനെ വ്യക്തമാക്കിത്തരുന്നു.

'അല്ലാഹു നമ്മുടെ പ്രവാചകനെ അവന്റെ ദൃഷ്ടിയിലും സന്മാർഗ്ഗികളുടെ ദൃഷ്ടിയിലും പ്രിയപ്പെട്ടവനാക്കി തീർക്കാൻ ഇച്ഛിച്ചതുകൊണ്ടാണ് അദ്ദേഹത്തിന് 'മുഹമ്മദ്' എന്ന പേര് നൽകിയത്. അവിടുന്ന് ഇതിനുശേഷം തന്നെയും അതുപോലെ വിശ്വസ്തരായ വിശ്വാസികളെയും സ്നേഹിക്കുന്നവനായിരിക്കണമെന്നുകൂടി അവൻ ഇച്ഛിച്ചതിനാൽ 'അഹ് മദ്' എന്ന അഭിധാനവും നൽകുകയുണ്ടായി. അതുകൊണ്ട് അവിടുന്ന് ഒരുവശത്ത് മുഹമ്മദും മറുവശത്ത് അഹ്മദും ആകുന്നു. ഈ രണ്ടു അഭിധാനങ്ങളിൽ ഓരോന്നും അതിന്റെ പൂർണ്ണമായ വെളിപ്പെടലിനായി പ്രത്യേകം പ്രത്യേകം കാലഘട്ടവുമായി ബന്ധിപ്പിക്കപ്പെട്ടിരിക്കുകയാണ്. അവിടുത്തെ ഈ ദ്വിതീയ ഭാവങ്ങളെക്കുറിച്ചാണ് ദൈവികവചനം ഇപ്രകാരം വിരൽ ചൂണ്ടുന്നത്: 'അങ്ങനെ അദ്ദേഹം (മുഹമ്മദ്) അവ

നിലേയ്ക്ക് (അല്ലാഹു) അടുത്തു. അവൻ (അല്ലാഹു) അദ്ദേഹത്തി(മുഹമ്മദ്)ലേയ്ക്കും അടുത്തും. പിന്നെ അതു രണ്ടു വില്ലുകളുടെ ഒരുവാർ പോലെയായി; എന്നല്ല അതിനെക്കാൾ അടുത്ത നിലയിൽ (53;9–10).....”

– (ഇഅ്ജാസുൽ മസീഹ്)

നബി(സ) തിരുമേനിയുടെ രണ്ടുതരത്തിലുള്ള മഹത്വങ്ങൾ അദ്ദേഹത്തിന്റെ അനുയായികൾ മുഖേന രണ്ടു ഘട്ടങ്ങളിലായി വെളിപ്പെടുത്തപ്പെടാനാണ് ദൈവികഹിതം. ഈ വെളിപ്പെടൽ ഇസ്‌ലാമിന്റെ ഭാസുരമായ പ്രാരംഭഘട്ടം പിൽക്കാലത്ത് മുസ്‌ലിംകളുടെ ആത്മീയനിർഗതിയുടെ ഘട്ടത്തിലുമാണ്. ഇതിനെ സംബന്ധിച്ചാണ് വിശുദ്ധ ഖുർആൻ പറയുന്നത്:

“ആദ്യവിശ്വാസികളിൽ വലിയൊരു വിഭാഗവും പിൽക്കാല വിശ്വാസികളിൽ വലിയൊരു വിഭാഗവും” (56:40–41).

## നബി(സ) ആത്മീയ പ്രതിബിംബം:

ഇതിലൊന്ന് നബി(സ)യുടെ നേരിട്ടുള്ള ശിക്ഷണത്തിന്റെ സ്വർഗ്ഗീയ കാലഘട്ടമാണെങ്കിൽ മറ്റേത് തിരുനബി ''അവരോടൊപ്പം ഇനിയും ചേർന്നിട്ടില്ലാത്ത മറ്റൊരു കൂട്ടരിലും” എഴുന്നേൽപക്കപ്പെടുമെന്ന ഖുർആനിക പ്രവചനത്തിന്റെ അടിസ്ഥാനത്തിൽ അവിടുത്തെ ആത്മീയ പ്രതിബിംബമായി വരുന്ന മുസ്‌ലിംകളുടെ പ്രഭാവശാലിയായ മസീഹിന്റെ കാലഘട്ടവുമാണ്. ആദ്യഘട്ടം റഹ്മാനിയത്തിന്റെ അഥവാ മുഹമ്മദിയ്യത്തിന്റെ പൂർണ്ണമായ ആവിഷ്കാരത്തിനുള്ളതായിരുന്നെങ്കിൽ, രണ്ടാമത്തേത് റഹീമിയത്തിന്റെ അഥവാ അഹ്മദിയ്യത്തിന്റെ പൂർണ്ണ പ്രകടനത്തിനുള്ളതാണ്. വാഗ്ദത്ത മഹ്ദി മസീഹ്, ഹസ്രത്ത് അഹ്മദ് (അ) പറയുകയാണ്.

“അങ്ങനെ അല്ലാഹു പരിശുദ്ധ നബിയുടെ അനുചരവൃന്ദത്തെയും അവരെ തുടർന്നുള്ളവരെയും റഹ്മാനിയത്തിന്റെ സ്വഭാവ ഗുണങ്ങൾ സന്നിവേശിപ്പിച്ചും അവർക്ക് വിജയം വിധിച്ചും നിരന്തരമായ അനുഗ്രഹങ്ങൾ കൊണ്ട് അവരെ സമ്പുഷ്ടമാക്കിയും 'മുഹമ്മദി'ന്റെ ഗുണം പ്രകടമാക്കുന്നവരാക്കിതീർത്തു. വാഗ്ദത്ത മസീഹിനെയാകട്ടെ, റഹീമിയത്തിന്റെ അനുഗ്രഹവും സൗന്ദര്യവും നിക്ഷേപിച്ചും അദ്ദേഹത്തിന്റെ ഹൃത്തടത്തിൽ അനുകമ്പയും ആർദ്രതയും കരുപ്പിടിപ്പിച്ചും ഉന്നതമായ ധാർമ്മികഗുണങ്ങൾ നൽകി അലങ്കരിച്ചും അദ്ദേഹത്തെ 'അഹ്മദി'ന്റെ ഗുണം പ്രകടമാക്കുന്നവനാക്കിതീർക്കുകയും ചെയ്തു.... സത്യത്തിൽ, നബി(സ)യുടെ അനുചരന്മാർ മുഹമ്മദിയ്യത്തിന്റെ അധികാരവും കരുത്തും വെളിപ്പെടുത്തുന്നവരായിരുന്നു. മറ്റുള്ളവരെ പാപത്തിന്റെയും ഛിദ്രവാസനയുടെയും നുകത്തിൽനിന്നു മോചിപ്പിക്കാനും അവരെ നന്മയിലേയ്ക്കും സന്മാർഗ്ഗത്തിലേക്കും വഴിനടത്താനുമായും നാൽക്കാലികളും വന്യമൃഗങ്ങളുമായി മാറിയവരെയെല്ലാം നിഗ്രഹിക്കാനുമുള്ള ആഹ്വാനം അവർക്ക് നൽകപ്പെടുകയുണ്ടായി. അങ്ങനെ ശക്തിയുടെയും പ്രതാപത്തിന്റെയും രൂപഭാവവും, കാരുണ്യത്തിന്റെ ഭാവവും തമ്മിൽ യാതൊരു വൈരുദ്ധ്യവുമില്ലാത്തവിധം മുഹമ്മദിയ്യത്തിന്റെ സത്ത റഹ്മാനിയ്യത്തിന്റെ സത്തയ്ക്കനുരോധമാംവിധം യാഥാർത്ഥ്യമാക്കപ്പെടുകയും ചെയ്തു. റഹ്മാനിയ്യത്ത് ദൈവികമായ അധികാരത്തിന്റെയും അധീശത്വത്തിന്റെയും തികവാർന്ന പ്രകടനമാണെന്നതാണ് വാസ്തവം. ഉയർന്നതിന്റെ ഗുണത്തിനുവേണ്ടി താഴ്ന്നതിനെ ബലിയർപ്പിക്കുകയെന്നതാണ് 'റഹ്മാനിയത്തി'ന്റെ ഒരു സ്വഭാവം. സൃഷ്ടിപ്പിന്റെ തുടക്കം മുതൽക്കേ 'റഹ്മാ'ന്റെ രീതിയും ഇതുതന്നെയാണ്... അതുപോലെതന്നെ, വാഗ്ദത്ത മസീഹ് 'റഹീമിയത്തി'ന്റെയും അനുഗ്രഹവായ്പിന്റെയും പ്രതിഫലനമായ 'അഹ്മദ്' എന്ന ഗുണത്തെയാണ് അവകാശമാക്കിയത്. അല്ലാ ഹു അദ്ദേഹത്തിനും അദ്ദേഹത്തിന്റെ ആത്മീയകുടുംബത്തിലെ അനുയായിവൃന്ദത്തിനും ഈ പേരാണ് തിരഞ്ഞെടുത്തത്. അങ്ങനെ വാഗ്ദത്ത മസീഹും അദ്ദേഹത്തെ പിന്തുടരുന്നവരും അല്ലാഹുവിന്റെ അനുമതിയാൽ, അവന്റെ 'റഹീമിയത്തിനെയും അഹ് മദിയ്യത്തിനെയും പ്രതിഫലിപ്പിക്കുന്നവരായിക്കൊണ്ട് നബി(സ) തിരുമേനിയുടെ അനുചരവൃന്ദത്തിനു സമാനമായ ഒരു ജനവിഭാഗത്തിന്റെ ആഗമനത്തെക്കുറിച്ചുള്ള അവന്റെ വാഗ് ദാനം സാക്ഷാത്കരിക്കുകയുണ്ടായി.” – ഇഅ്ജാസുൽ മസീഹ്

## മുഹമ്മദിയ്യത്തും അഹ്മദിയ്യത്തും:

എന്തുകൊണ്ടാണ് നബി(സ)യുടെ വിശ്വസ്തരായ വിശ്വാസികളിൽ ഈ രണ്ടു ദൈവികഗുണങ്ങളുടെയും ആത്മീയ പ്രതിഫലനം വെളിപ്പെടുത്തപ്പെടാൻ വിധിക്കപ്പെട്ടത്? ദൈവത്തിന്റെ പ്രവാചകന്മാർ പിന്തുടരപ്പെടേണ്ടവർ മാത്രമായിരിക്കെ, അവർ ഒരിക്കലും ആരാധ്യർ ആയിതീരുന്നില്ല. യേശുവിന്റെ കാര്യത്തിൽ സംഭവിച്ചതുപോലെ ദൈവികഗുണങ്ങൾ പ്രവാചകർ(സ) തിരുമേനിയുടെ മേൽ ചാർത്തുകവഴി ആത്യന്തികമായി ബഹുദൈവാരാധനാപരമായ പ്രവണത സൃഷ്ടിക്കപ്പെടാതിരിക്കാനാണ് അവിടുത്തെ പിന്തുടരുന്നവരിലും ഈ രണ്ടു ഗുണങ്ങളുടെയും ആത്മീയ പ്രതിഫലനം വെളിപ്പെടുത്താൻ അല്ലാഹു ഇച്ഛിച്ചിട്ടുള്ളത്. ഇസ്‌ലാ മിന്റെ മഹത്തായ 'കലിമയെ തൗഹീ ദി'ൽ പോലും നബി(സ)യുടെ ഔന്നത്യത്തിന്റെ ഏറ്റുപറച്ചിൽ നിർബന്ധമാക്കപ്പെട്ടത് അക്കാരണത്താലാണ്. അതുകൊണ്ടാണ് നബി(സ)യോട് ഇപ്രകാരം പറയാൻ കല്പിക്കപ്പെട്ടതും:

''പറയുക, നിങ്ങൾ അല്ലാഹുവിനെ സ്നേഹിക്കുന്നുവെങ്കിൽ എന്നെ പിന്തുടരുക. എങ്കിൽ അല്ലാഹു നിങ്ങളെ സ്നേഹിക്കും” – (3:32). അല്ലാഹുവിനോടുള്ള സ്നേഹം അവന്റെ സ്നേഹഭാജനമായ മുഹമ്മദിനെ പിന്തുടരുന്നതിലാണെന്നും

അങ്ങനെ പിന്തുടരുന്നവർക്ക് അല്ലാഹു സ്നേഹിക്കുന്നവനായി തീരുമെന്നുമാണ് ഓർമ്മപ്പെടുത്തുന്നത്. മറ്റുവാക്കുകളിൽ പറഞ്ഞാൽ പ്രവാചകർ (സ)യെ പിന്തുടരുമ്പോൾ പ്രവാചകന്റെ നിറമണിഞ്ഞുകൊണ്ട് ദൈവത്തിന്റെ സ്നേഹപാത്രമായ 'മുഹമ്മദും' ദൈവത്തെ സ്നേഹിക്കുന്ന 'അഹ്മദും' ആയി തീരുമെന്ന, അഥവാ 'മുഹമ്മദിയ്യത്തി'ന്റെയും 'അഹ്മദിയ്യത്തി' ന്റെയും പ്രതിഫലനമായി തീരുമെന്ന സുവാർത്തയാണ് നൽകുന്നത്. ഈ യാഥാർത്ഥ്യം അടിവരയിട്ടുകൊണ്ട് വാഗ്ദത്ത മസീഹ്, ഹദ്റത്ത് മിർസാ ഗുലാം അഹ്മദ് (അ), 'മസീഹിന്റെ ദൃഷ്ടാന്തം (ഇഅ്ജാസുൽ മസീഹ്) എന്ന തന്റെ യുഗപ്രധാനമായ കൃതിയിൽ ഇപ്രകാരം പ്രഖ്യാപിക്കുന്നു:

''മുഹമ്മദ് അല്ലാഹുവിന്റെ ദൂതനാണ് എന്നു നിങ്ങൾ പ്രഖ്യാപിക്കുമ്പോൾ അതിന്റെ അർത്ഥം, മുഹമ്മദ് പരമോന്നത സത്തയുടെ ഗുണവിശേഷങ്ങൾ പ്രതിഫലിക്കുന്ന കണ്ണാടിയാണെന്നും അതിന്നായുള്ള അവന്റെ പ്രതിനിധിയും ദൈവിക പ്രതിഫലനത്തിന്റെ പരിവൃത്തത്തിന് പൂർത്തി വരുത്തുന്നയാളും ദൈവിക വെളിപാടുകളുടെ മുദ്രയുമാണെന്നുമാണ്. അതിനാൽ ഞാൻ മനസ്സിലാക്കുകയും അനുഭവിച്ചറിയുകയും ചെയ്തിട്ടുള്ളിടത്തോളം നമ്മുടെ നബി(സ) തിരുമേനി എല്ലാ സൃഷ്ടിജാലങ്ങളിലും വെച്ചു ഏറ്റവും ശ്രേഷ്ഠനും പരമോന്നതനായ നമ്മുടെ രക്ഷിതാവിന്റെ രണ്ടുഗുണങ്ങളുടെ അഥവാ മുഹമ്മദിയ്യത്തിന്റെയും അഹ്മദിയ്യത്തിന്റെയും ആവിഷ്കാരവുമാകുന്നു. അവിടുത്തെ അനുചരന്മാരാകട്ടെ, നാം മുമ്പു പറഞ്ഞിട്ടുള്ളതിൽ നിന്നു മനസ്സിലാക്കിയിട്ടുള്ളതുപോലെ, മുഹമ്മദിയ്യത്തിന്റെ മഹിമാവിലാസത്തിന്റെ സത്ത പൈതൃകാവകാശമാക്കിയവരത്രെ, ബഹുദൈവവിശ്വാസികളുടെ വേരറുക്കുക നിമിത്തം അവരുടെ ഖഡ്ഗങ്ങൾ ഏറെ ആദരണീയമായിരുന്നു. അവരെ കുറിച്ചുള്ള ഓർമ്മ സൃഷ്ടിയാരാധകരെ സംബന്ധിച്ചിടത്തോളം വിസ്മരിക്കാനാവാത്തതുമാണ്. മുഹമ്മദിയ്യത്തിന്റെ ഗുണവിശേഷത്തിൽ ശ്രേഷ്ഠതരമായ രീതിയിൽ അവർ പെരുമാറുകയും പലർക്കും തങ്ങളുടെ പോരാട്ടവീര്യത്തിന്റെ രുചി അറിയിക്കുകയും ചെയ്തു.

''തുടർന്നുള്ളത് അനുഗ്രഹത്തിന്റെ നിറങ്ങളണിഞ്ഞ, സ്നേഹത്തിന്റെ പ്രകാശത്താൽ പ്രദീപ്തമായ അഹ് മദിയ്യത്തിന്റെ ഗുണവിശേഷങ്ങളാണ്. എല്ലാ ഭൗതിക സ്രോതസ്സുകളും വിഛേദിക്കപ്പെടുകയും മുസ്ലിം സമുദായം ഛിന്നഭിന്നമാവുകയും ചെയ്യുന്ന കാലത്ത് എഴുന്നേൽപിക്കപ്പെടുന്നതാരോ ആ മസീഹത്രെ ഇതിന്റെ പൈതൃകാവകാശി. സഹായികളായും മിത്രങ്ങളായും ആരുമില്ലാത്ത, കടന്നാക്രമണങ്ങളിൽ മുഴുകിയ അനേകം ശത്രുക്കൾ നിറഞ്ഞ കാലം!! അത്തരമൊരു കാലഘട്ടത്തിലാണ് മസീഹ് എഴുന്നേൽക്കപ്പെടുക. അങ്ങനെ ഇരുളടഞ്ഞ രാത്രികൾക്കുശേഷം, ഇസ്ലാമിന്റെ ശക്തിയുടെയും മുസ്ലിം ചക്രവർത്തിമാരുടെ അധികാരശക്തിയുടെയും തകർച്ചയ്ക്കുശേഷം, മുസൽമാന്മാരുടെ അതീവനിസ്സഹായതയുടെ കാലഘട്ടത്തിനുശേഷം അല്ലാഹു പ്രതിഫലം നൽകുന്ന ദിനത്തിന്റെ ഒരു ഹ്രസ്വരൂപം കാണിക്കുന്നു. ഈ കാലഘട്ടത്തിൽ നമ്മുടെ മതവിശ്വാസം ഭൂമിയിൽ അന്യവൽക്കരിക്കപ്പെട്ടിരിക്കുകയാണ്! അതിന്റെ അധികാരം ആകാശത്തു മാത്രം ഒതുക്കിനിറുത്തപ്പെട്ടിരിക്കുന്നു! ഭൂമിയിലെ ജനം അതിന്റെ വില ഇനിയും മനസ്സിലാക്കിയിട്ടില്ല!! പ്രതിയോഗികളെപോലെ അവർ അതിനെതിരിൽ അണിനിരന്നിരിക്കുകയാണ്! അതിനാൽ ഈ നിസ്സഹായതയുടെയും ശക്തിക്ഷയത്തിന്റെയും കാലത്ത് അല്ലാഹുവിന്റെ ദാസന്മാർക്കിടയിൽ നിന്നു ഒരു ദാസൻ എഴുന്നേൽപിക്കപ്പെട്ടിരിക്കുന്നു! അതുവഴി അദ്ദേഹം വരണ്ടുണങ്ങിയ ഈ കാലഘട്ടത്തെ വർഷപാതം കണക്കെ പുനരുജ്ജീവിപ്പിക്കാൻ തന്നെ! ഇസ്ലാമിന്റെ ധാർമ്മികബലക്ഷയത്തിന്റെ നേരത്ത് ആഗതനായ വാഗ്ദത്ത മസീഹ് അദ്ദേഹം തന്നെയാണ്. നാൽക്കാലികളെപോലെ മനുഷ്യവംശം നേരിട്ട ഈ ആത്മീയമരണത്തിനുശേഷം, ഒന്നിച്ചുകൂടലിന്റെയും പുനരുത്ഥാനത്തിന്റെയും വിധിനാളിന്റെയും പ്രതിഫലം നൽകുന്ന ദിവസത്തിന്റെയും ഒരു നിദർശനം അല്ലാഹു അവന്റെ കാരുണ്യമെന്നോണം അതുവഴി കാണിക്കാനായിതന്നെ! അതുകൊണ്ടു അറിഞ്ഞുകൊള്ളുക, ഇതുതന്നെയാണ് ആ പ്രതിഫലം നൽകുന്ന ദിനം! നാം പറഞ്ഞുകഴിഞ്ഞ ഈ സത്യം നിങ്ങൾ തിരിച്ചറിയാതിരിക്കില്ല; അല്പം കഴിഞ്ഞാണെങ്കിൽ പോലും!!" (ഇഅ്ജാസുൽ മസീഹ്). □

---

*(8-ാം പേജിൽ നിന്ന് തുടർച്ച)*

കൾക്കു മാത്രമാണ്. ഇന്ന് നമ്മളും നമ്മുടെ ഉത്തരവാദിത്തങ്ങൾ നിറവേറ്റുന്നില്ലെങ്കിൽ അതിന്റെ ഗൗരവം മനസ്സിലാക്കുന്നില്ലെങ്കിൽ അല്ലാഹുവിന്റെ പക്കൽ നാം അനുസരണശാലികളിൽ പെടുകയില്ല.

അല്ലാഹു നിങ്ങൾക്കെല്ലാം നിങ്ങളുടെ ഉത്തരവാദിത്തങ്ങൾ മനസ്സിലാക്കാൻ സൗഭാഗ്യം നല്കുമാറാകട്ടെ. ജമാഅത്തിയായ നിലയിലും ശാഖാ സംഘടനകൾ അവരുടേതായ നിലയിലും ഖുദ്ദാം, അൻസാർ, ലജ്നഎന്നിവർ അവരവരുടേതായ നിലയിലും തബ്ലീഗ് പരിപാടികൾ സാഹചര്യങ്ങൾക്കനുസരിച്ച് തയ്യാറാക്കുക. മതപ്രബോധനരംഗത്ത് സൽക്കർമ്മം ചെയ്യുക എന്നത് നിബന്ധനയാണെന്ന കാര്യം എപ്പോഴും ഓർക്കുക. നിങ്ങൾക്ക് നിങ്ങളുടെ അവസ്ഥയെ മാറ്റേണ്ടതായി വരും. അല്ലാഹു അതിന് തൗഫീഖ് നല്കുമാറാകട്ടെ. വന്നുപോയ വീഴ്ചകളെല്ലാം അകറ്റാൻ എല്ലാവർക്കും ഭാഗ്യം നല്കുമാറാകട്ടെ. സൽഫലമുളവാക്കുമാറാകട്ടെ.

**വിവ: മുഹമ്മദ് ഇസ്മായീൽ. എച്ച്.എ, ആലപ്പുഴ**

ലേഖനം

# ദൈവവിശ്വാസം മതത്തിന്റെ അടിത്തറ

മഹ്മൂദ്, കൽക്കുളം

**ദൈവാനുരക്തി മനുഷ്യനിൽ ദൈവം നിക്ഷേപിച്ച ഒരു പ്രകൃതി ഗുണമാണ്. യഥാർത്ഥ ലക്ഷ്യമായ ദൈവത്തിനു പകരം വ്യാജ ബിംബങ്ങളിൽ അവന്റെ അനുരക്തി അർപ്പിക്കുമ്പോഴാണ് മനുഷ്യജീവിതത്തിന്റെ ലക്ഷ്യം തെറ്റുന്നത്**

മതത്തിന്റെ അടിസ്ഥാനം ദൈവവിശ്വാസമാണ്. ദൈവത്തെ തിരിച്ചറിയുകയും ദിവ്യാനുഗ്രഹങ്ങൾ പ്രാപിക്കുകയുമാണ് മതത്തിന്റെ പൊരുൾ. മതം എന്ന് ഭാഷാന്തരം ചെയ്യപ്പെടുന്ന 'ദീൻ' എന്ന അറബി വാക്കിന്റെ വിവക്ഷ, ലക്ഷ്യപ്രാപ്തിയിലേക്കുള്ള വഴി എന്നാണ്. സമുന്നതമായ ലക്ഷ്യത്തിലേക്ക് വഴികാട്ടുന്നതിനും വിജയസോപാനത്തിലേക്കെത്തിക്കുന്നതിനുമു ള്ള ഒരു വെളിച്ചമാണ് മതം. മേൽപറഞ്ഞ ലക്ഷ്യത്തിലേക്ക് നയിക്കുന്ന മതം ദൈവിക മതമാകുന്നു. ദൈവവിശ്വാസമാണ്, ധർമ്മാനുസൃതമായ ആചരണങ്ങൾക്ക് മനുഷ്യന് പ്രചോദനമായിത്തീരുന്നത്. ദൈവവിശ്വാസം ജീവിതത്തിന് അടുക്കും ചിട്ടയും മഹത്തായ ദിശാബോധവും ഉണ്ടാക്കിത്തീർക്കുന്നു.

## ദൈവം കാരുണ്യത്തിന്റെ പ്രതീകം

ദൈവം സ്നേഹനിധിയും കാരുണ്യമൂർത്തിയും ദയാപരനുമാകുന്നു. തന്റെ കാരുണ്യത്തിനും സ്നേഹത്തിനും മനുഷ്യർ പാത്രീഭൂതരായിത്തീരുന്നതിനാണ് അവൻ അങ്ങേയറ്റം അഭിലഷിക്കുന്നത്. ''തീർച്ചയായും അല്ലാഹു മനുഷ്യരോട് വളരെ ഔദാര്യമുള്ളവനും അധികമധികം കരുണ ചെയ്യുന്നവനുമാകുന്നു" (വി.ഖു. 2:144) ''നിശ്ചയമായും അല്ലാഹു മനുഷ്യരോട് വളരെ ഔദാര്യമുള്ളവനാണ്. എന്നാൽ ജനങ്ങളിലധികപേരും നന്ദി കാണിക്കുന്നില്ല" (6:13) അല്ലാഹുവിന്റെ കാരുണ്യം സർവ്വ വസ്തുക്കളെയും വലയം ചെയ്തിരിക്കുന്നു (7:157). ''നിന്റെ നാഥൻ ഇച്ഛിച്ചിരുന്നുവെങ്കിൽ ഒരൊറ്റ സമുദായമാക്കുമായിരുന്നു. പക്ഷേ അവർ ഭിന്നിച്ചു കൊണ്ടേയിരിക്കുന്നു; നിന്റെ നാഥൻ കരുണ ചെയ്തവരൊഴിച്ച്. കാരുണ്യത്തിന് പാത്രീഭവിക്കാൻ വേണ്ടിയാണ് അവൻ അവരെ സൃഷ്ടിച്ചിട്ടുള്ളത്. (11:119, 120).

## ദൈവം സ്നേഹത്തിന്റെ പ്രഭവകേന്ദ്രം

സ്നേഹമെന്ന വികാരം മനുഷ്യസൃഷ്ടിപ്പിൽ തന്നെ അന്തർലീനമാക്കപ്പെട്ടിരിക്കുന്ന സഹജഗുണമാകുന്നു. ജന്മനാ മാതൃലാളനയിൽ നിർവൃതി കണ്ടെത്തുന്ന ശിശു അതിന്റെ മാതാവിന്റെ നേർക്ക് കാണിക്കുന്ന സ്നേഹവും മാതാവ് ശിശുവിനോട് കാണിക്കുന്ന സ്നേഹവും ഉദാത്തമായ നിലയിലുള്ളതാകുന്നു. ജീവിത വികസനത്തിന്റെ വിവിധ ദിശകളിലും ഈ ഗുണം മനുഷ്യനിൽ നിന്നു അന്തർധാനം ചെയ്യപ്പെടുന്നില്ല. എന്നാൽ സാഹചര്യങ്ങളിലുണ്ടാകുന്ന വ്യതിയാനമനുസരിച്ച് മനുഷ്യന്റെ സ്നേഹപ്രകടനത്തിലും വൈജാത്യമുണ്ടാകും. യൗവ്വനഘട്ടത്തിൽ ഇണകൾ പരസ്പരം പുലർത്തുന്ന സ്നേഹവും വാർദ്ധക്യത്തിൽ കുട്ടികളോടുണ്ടാകുന്ന സ്നേഹവും കരുത്തുറ്റതാകുന്നു. ചിലർ ഭൗതിക വസ്തുക്കളോടായിരിക്കും അമിതമായ സ്നേഹം പുലർത്തുന്നത്. വ്യത്യസ്ത പ്രകൃതമനുസരിച്ച് വിവിധ രീതിയിൽ മനുഷ്യൻ ഈ ഗുണം വെളിപ്പെടുത്തികൊണ്ടിരിക്കുന്നുണ്ട്. ഭൗമിക വസ്തുക്കളോടുള്ള മനുഷ്യന്റെ ഈ പ്രേമാനുരക്തി, അവനിൽ നിഗൂഢമായി സ്ഥിതിചെയ്യുന്ന യഥാർത്ഥ പ്രേമലക്ഷ്യത്തെ കണ്ടെത്തുന്നതിനുള്ള അന്വേഷണതൃഷ്ണയുടെ ഭാഗമാണെന്ന് വാഗ്ദത്ത മസീഹ്(അ) പറയുന്നു. ഇതു സംബന്ധിച്ച് അദ്ദേഹം വിവരിക്കുകയാണ്: "ജനിച്ചുവീണ ഉടനെ ശിശു അതിന്റെ ജന്മസിദ്ധമായ ആത്മബോധത്താൽ

പ്രേരിതമായി മാതാവിന്റെ നേർക്ക് ചായുന്നു. പ്രകൃത്യാ തന്നെ അതിനു തള്ളയോട് പ്രത്യേകം സ്നേഹമുള്ള തായി കാണാം. അതിന്റെ അന്തർ ബോധങ്ങളും ശക്തികളും വികസിച്ചു വരുന്തോറും ഈ പ്രകൃതി ഗുണവും പൂർവ്വാധികം പ്രകാശിച്ചുകൊണ്ടിരി ക്കും. ഒടുവിൽ അന്തർനിക്ഷിപ്തമായ ഈ സ്നേഹശക്തി സ്പഷ്ടമായ നിലയിൽ വെളിപ്പെടുന്നു. അപ്പോൾ സ്വമാതാവിന്റെ മടിയിൽ അല്ലാതെ മറ്റെങ്ങും ശിശു സ്വാസ്ഥ്യം കണ്ടെ ത്തുകയില്ല. മാതാവിന്റെ സ്നേഹമ സൃണമായ ലാളനാലിംഗനങ്ങളി ലാണ് അത് പൂർണ്ണമായ സമാധാ നവും സ്വസ്ഥതയും അനുഭവിക്കുക. തള്ളയുടെ അടുക്കൽ നിന്നും വേർപ്പെടുത്തപ്പെടുന്ന പക്ഷം അതി ന്റെ സന്തോഷസംതൃപ്തികൾ സന്താ പങ്ങളായി മാറിപ്പോകുന്നു. ഈ ദുഃഖം മറ്റൊരു അനുഗ്രഹവും മൂലം പരിഹരിക്കപ്പെടുന്നതല്ല. മാതാവിന്റെ മാറിടത്തിലല്ലാതെ അതിന് യഥാർത്ഥ മായ സമാധാനവും സംതൃപ്തിയും അനുഭവമാകുന്നില്ല. ഇപ്രകാരം ശിശു വിനെ മാതൃനികടത്തിലേക്ക് വലിച്ചു കൊണ്ടുപോകുന്ന ആകർഷണ ശക്തി എന്തായിരിക്കാം? അത് യഥാർത്ഥ ഭക്ത്യാരാധനകൾക്കർഹ നായ സൃഷ്ടികർത്താവിലേക്ക് മനു ഷ്യനെ തിരിച്ചുവിടുന്നതിന് ശിശു പ്രകൃതിയിൽ നിക്ഷിപ്തമായിരി ക്കുന്ന സ്നേഹശക്തിയല്ലാതെ മറ്റൊ ന്നുമല്ല. മനുഷ്യൻ ബാഹ്യവസ്തുക്ക ളിൽ സ്നേഹബന്ധം പ്രദർശിപ്പിക്കു മ്പോഴെല്ലാം ഈ ആകർഷണശക്തി തന്നെയാണ് അവനിൽ പ്രവർത്തിക്കു ന്നത്. അവൻ ഏത് വസ്തുവിൽ സ്നേഹം കാണിക്കുന്നതായാലും ഇതേ ആകർഷണശക്തിയാണ് പ്രതി ഫലിക്കുന്നത്. ഇങ്ങനെ അവൻ ബാഹ്യവസ്തുക്കളിൽ പ്രേമം കാട്ടു ന്നത് പരമാർത്ഥ മായ ലക്ഷ്യവസ്തു വിനെ തിരയുന്നതിനായുള്ള ആ സ്വാഭാവിക ബോധത്താൽ പ്രേരിത മായിട്ടാണെന്ന് പറയാം. കളഞ്ഞുപോ യതും പേരുപോലും മറന്നതുമായ ഒരു സാധനം തിരഞ്ഞു നടക്കുന്ന ഒരുവൻ തന്റെ ദൃഷ്ടിക്കു ലക്ഷീഭവി യ്ക്കുന്ന ഓരോ വസ്തുവിലും അതിനെ അന്വേഷിക്കുന്നതുപോലെ യാണ് മനുഷ്യൻ ബാഹ്യവസ്തുക്ക ളിലല്ല തന്റെ ലക്ഷ്യവസ്തുവിനെ തിര യുന്നത്. അതിനാൽ അവന് ധന ത്തിലും സന്താനത്തിലും ഭാര്യയിലു മുള്ള സ്നേഹവും മാധുര്യമേറിയ സ്വരവിശേഷങ്ങളിലുള്ള താൽപര്യവു മെല്ലാം സൂചിപ്പിക്കുന്നത് അജ്ഞാത മായ ആ പ്രേമലക്ഷ്യത്തെ സംബ ന്ധിച്ച അന്വേഷണമാണ്." (ഇസ്ലാം മത തത്വജ്ഞാനം)

തന്റെ യഥാർത്ഥ പ്രേമലക്ഷ്യ മായ ദൈവവുമായി സന്ധിക്കുന്നതി ലൂടെ മാത്രമെ മനുഷ്യന് യഥാർത്ഥ ത്തിലുള്ള ആനന്ദാനുഭൂതി കൈവരി ക്കാൻ സാധിക്കുകയുള്ളൂ. ദൈവം ആനന്ദാനുഭൂതികളുടെ പ്രഭവകേ ന്ദ്രമാകുന്നു. തന്മൂലം കേവലം നിർ ണ്ണിതവും അർഹവുമായ അളവിലുമാ യിരിക്കണം സൃഷ്ടവസ്തുക്കളോ ടുള്ള മനുഷ്യന്റെ സമീപനമെന്ന് വിശുദ്ധ ഖുർആൻ പറയുന്നു: "നീ പറയുക, നിങ്ങളുടെ മാതാപിതാ ക്കളും നിങ്ങളുടെ സന്താനങ്ങളും നിങ്ങളുടെ സഹോദരങ്ങളും നിങ്ങ ളുടെ ഇണകളും നിങ്ങളുടെ മറ്റു ബന്ധുക്കളും നിങ്ങൾ സമ്പാദിച്ചി ട്ടുള്ള ധനവും മാന്ദ്യം സംഭവിക്കു മെന്ന് നിങ്ങൾ ഭയപ്പെടുന്ന നിങ്ങ ളുടെ കച്ചവടവും നിങ്ങൾ ഇഷ്ടപ്പെ ടുന്ന ഭവനങ്ങളും (ഇതെല്ലാം) അല്ലാ ഹുവിനെക്കാളും അവന്റെ ദൂതനെ ക്കാളും അവന്റെ മാർഗത്തിൽ കഠിനാ ധ്വാനം ചെയ്യുന്നതിനെക്കാളും നിങ്ങൾക്ക് കൂടുതൽ പ്രിയങ്കരമാ ണെങ്കിൽ അല്ലാഹു തന്റെ കല്പന നടപ്പിൽ വരുത്തുന്നതുവരെ നിങ്ങൾ കാത്തിരിക്കുക. ആജ്ഞാലംഘക രായ ജനതയെ അല്ലാഹു നേർവഴിയാ ലാക്കുകയില്ല" (9:24) സൃഷ്ടി വസ്തു ക്കളിൽ സ്നേഹം പ്രകടമാക്കേണ്ടത് കേവലം പ്രതിബിംബത്തോടെന്ന നിലയിലായിരിക്കണം. എന്നാൽ പ്രതിരൂപത്തിലുള്ളതിനെ അസ്സലെ ന്നോണം പ്രണയിക്കുന്നവർ സന്മാർ ഗവ്യതിയാനം സംഭവിച്ചവരാണ്. അവർ ഒടുവിൽ ഒന്നിലും തൃപ്തി ലഭിക്കാതെ വ്രണിത ചിത്തരായിത്തീ രുന്നതാണെന്നും വാഗ്ദത്ത് മസീഹ് (അ) വിവരിക്കുന്നു. ലൗകീക വസ്തു ക്കളെ അനർഹമായ നിലയിൽ പ്രണ യിക്കുന്നവർ അതു മുഖേന സ്വാ സ്ഥ്യവും സമാധാനവും ലഭിക്കുമെന്ന വ്യർത്ഥ വിചാരം പുലർത്തുന്നവരാ കുന്നു. എന്നാൽ അവയെല്ലാം നഷ്ട പ്പെടുന്നവയും ക്ഷണികവുമാണ്. വിശുദ്ധ ഖുർആൻ പറയുന്നു: "ഈ ഐഹിക ജീവിതം വിനോദവും കളിയും മാത്രമാണ്. പാരത്രിക ജീവിതം തന്നെയാണ് യഥാർത്ഥ ജീവിതം. അവർ അറിയുന്നവരായിരു ന്നെങ്കിൽ.'' (29:65) ''നിങ്ങൾക്ക് ഏതൊന്ന് നല്കപ്പെട്ടിട്ടുണ്ടോ അത് ഐഹികജീവിതത്തിന്റെ താൽക്കാ ലിക വിഭവങ്ങൾ മാത്രമാണ്. എന്നാൽ വിശ്വസിക്കുകയും (തങ്ങ ളുടെ കാര്യങ്ങൾ) തങ്ങളുടെ നാഥ നിൽ അർപ്പിക്കുകയും ചെയ്യുന്ന വർക്ക് അല്ലാഹുവിന്റെയടുക്കൽ ഉള്ള താണ് ഏറ്റവും ഉത്തമവും ശാശ്വത വുമായിട്ടുള്ളത്." (42:37) ''എന്റെ ജന മേ, ഈ ഐഹിക ജീവിതം താൽക്കാ ലിക സുഖാനുഭൂതി മാത്രമാണ്. പര ലോകം തന്നെയാണ് ശാശ്വത ജീവി തത്തിനുള്ള വീട്" (40:40). ''അറി യുക! ദൈവസ്മരണയിലൂടെ മാത്ര മെ ഹൃദയങ്ങൾക്ക് ശാന്തി ലഭിക്കുക യുള്ളൂ (13:29) ഒരു യുദ്ധവേളയിൽ തന്റെ കുഞ്ഞിനെ നഷ്ടപ്പെട്ട മാതാവ് അങ്ങേയറ്റം വ്യാകുലചിത്തതയോടെ മുമ്പിൽ കാണുന്ന കുട്ടികളെയെല്ലാം വാരിപ്പുണർന്നുകൊണ്ടിരുന്നു. ഒടു വിൽ സ്വന്തം കുഞ്ഞിനെ കിട്ടിയ പ്പോൾ അധികമായ സന്തോഷത്താൽ അവർ ഒരിടത്ത് ഇരുന്നുപോയി. ഈ സംഭവത്തിന് ദൃക്സാക്ഷിയായ നബി(സ) തന്റെ അനുചരന്മാരോട് പറഞ്ഞു: 'ആ മാതാവിന് തന്റെ കുഞ്ഞിനെ ലഭിച്ചപ്പോഴുണ്ടായ സന്തോഷത്തേക്കാളുപരി തന്റെ ദാസൻ പശ്ചാത്തപിച്ചു മടങ്ങുമ്പോൾ ദൈവത്തിനുണ്ടാകുന്നു.' ഈ നബി വാക്യത്തിൽ രണ്ട് യാഥാർത്ഥ്യങ്ങ

*(ശേഷം 29-ാം പേജിൽ)*

കവിത

# പേനയുടെ വിലാപം

ആദികാലങ്ങളിൽ സന്മനസ്സുള്ളവർ
ആദരവോടെ എടുത്തെന്നെ ലാളിച്ചു
ശില, ലോഹ മരങ്ങളായ് കമ്പുകളായ്
പല രൂപം പൂണ്ടു വളർന്നു വന്നു ഞാൻ
എന്നിൽ പിറന്നു വളർന്നു വളർന്നങ്ങു
മന്നിൽ മനുഷ്യചരിത്രങ്ങളത്രയും
മാനവചിന്തക്കു മൂർച്ച കൂട്ടീടുവാൻ
പേനകളേറെ പ്രയോഗിച്ചു പൂർവ്വന്മാർ
മാർക്സും, മസീഹും, ടാഗോറും റസ്സലും
തത്വങ്ങളേറെ രചിച്ചു മനുഷ്യർക്കായ്
യേശുമിശിഹാവിൻ ചിത്രം വരച്ചു ഞാൻ
നബിശ്രേഷ്ഠൻ തന്നുടെ ചരിത്രം രചിച്ചു ഞാൻ
പുളകം കൊള്ളിക്കുമിന്നുമെൻ ഹൃദയത്തിൽ
നബി ദാനം ചെയ്തുള്ള പുരസ്കാരമത്രയും
'തൂലികേ, നീ സാത്വികന്റെ കയ്യിൽ
യോദ്ധാവിൻ പടവാളിനേക്കാൾ ശ്രേഷ്ഠം'
എത്രയും ലോലമാം പ്രണയത്തിൻ നാമ്പുകൾ
ക്കത്രയും സാഫല്യം നേടിക്കൊടുത്തു ഞാൻ
എങ്കിലും ദുഷ്കൃതർ മാനവർ ഭൂമിയിൽ
പങ്കിലമാക്കും സമൂഹത്തെ പേനയാൽ
ഇന്നതിദാരുണമാണല്ലോ എൻ കഥ
ഇന്നെന്തും കുത്തിക്കുറിക്കാമെന്നെൻ വ്യഥ
വാർത്തകൾ ഞെക്കിയൊതുക്കുന്നു കശ്മലർ
ആർത്തിപൂണ്ടിങ്ങഹോ മഞ്ഞയാം പത്രങ്ങൾ
സംസ്കാരനായകർ ജനത്തിൽ തിളങ്ങിടാൻ
സംസ്കാരമില്ലാതെ തേടുന്നു പേനയെ
പെണ്ണിന്റെ വാണിഭ കഥയെഴുതീടുവാൻ
പെണ്ണിൻ പടയെന്നെ കയ്യിലെടുക്കുന്നു
വാർത്തകൾ സൃഷ്ടിക്കും പത്രത്തിൽ ലേഖകർ
ആർത്തലക്കുന്നു ഞാൻ ആരുണ്ട് കേൾക്കുവാൻ.

□

കെ.പി.എ. പുന്നോൽ

പുസ്തകപരിചയം

# "വാഗ്ദത്ത മസീഹിന്റെ അത്ഭുതദൃഷ്ടാന്തങ്ങൾ"

പി.വി. അഹ്മദ് കോയ

**'വാഗ്ദത്ത മസീഹിന്റെ അത്ഭുതദൃഷ്ടാന്തങ്ങൾ'**
ഗ്രന്ഥകർത്താവ് : **എൻ. അബ്ദുറഹിം**
**വില : 30 രൂപ**
പ്രസാ: **ക്രസന്റ് ബുക് സെന്റർ, കണ്ണൂർ**
വിതരണം :
**അഹ്മദിയ്യാ മുസ്ലിം ബുക്സ്റ്റാൾ**
ജി.എച്ച്. റോഡ്, കോഴിക്കോട്

പ്രപഞ്ച സ്രഷ്ടാവും പരിപാലക നും സർവ്വജ്ഞനുമായ അല്ലാഹു സംസാരിച്ചുപോന്ന ഒരു ദിവ്യ പുരു ഷൻ ഇരുപതാം നൂറ്റാണ്ടിൽ ഈ ഭൂമിയിൽ ജീവിച്ചു! അത്യത്ഭുതകരമായ ആ ജീവിതത്തിന്റെ സവിശേഷ ഭാവം അതായിരുന്നു. "യൂഹാഇലയ്യ" (എനിക്ക് വെളിപാടുണ്ടായിരിക്കുന്നു) എന്നദ്ദേഹം പ്രഖ്യാപിച്ചു. "അല്ലാഹു എന്നോട് സംസാരിക്കുന്നു" എന്നായിരുന്നു ആ ദിവ്യത്മാവിന്റെ സന്ദേശം. ഇപ്രകാരം അല്ലാഹു സംസാരിച്ചുകൊണ്ടിരുന്ന ആ യുഗപുരുഷനാണ് അഹ്മദിയ്യാ പ്രസ്ഥാനത്തിന്റെ ദിവ്യസ്ഥാപകരായ ഹദ്റത്ത് മിർസാ ഗുലാം അഹ്മദ് ഖാദിയാനി (അ).

"ദൈവം എന്നോട് സംസാരിച്ചുകൊണ്ടിരിക്കുന്നു" എന്നത് തെളിയിച്ചുകാട്ടുന്നതായിരുന്നു അദ്ദേഹത്തിന്റെ പരിശുദ്ധ ജീവിതവും കൃതികളും. പ്രവാചകശ്രേഷ്ഠനായ മുഹമ്മദു നബി(സ)യ്ക്ക് ശേഷം ഹദ്റത്ത് അഹ്മദ് (അ)ന്റെ ദിവ്യവെളിപാട് വാദത്തിന് നിദർശനമെന്നോണം നിരവധി ദിവ്യദൃഷ്ടാന്തങ്ങൾ അല്ലാഹു ലോകത്ത് വെളിപ്പെടുത്തുകയുണ്ടായി. ഇപ്രകാരമുള്ള വാഗ് ദത്ത മഹ്ദീ മസീഹിന്റെ അമ്പത്തിരണ്ടു അത്ഭുതദൃഷ്ടാന്തങ്ങൾ വിശകലനം ചെയ്യുന്നതാണ് വിജ്ഞേയമായ ഈ കൃതി. ഇതിന്റെ രചയിതാവ് സത്യദൂതൻ മുൻ പത്രാധിപരും പണ്ഡിതനും പ്രശസ്ത പത്രപ്രവർത്തകനുമായ ജ: എൻ. അബ്ദുറഹിം സാഹിബാണ്. അഹ്മദിയ്യാ സാഹിത്യസംബന്ധിയായ ജ: അബ്ദുറഹിം സാഹിബിന്റെ അമ്പത്തി ആറാമത്തെ കൃതിയാണിത്. ഈശ്വര വിശ്വാസികളായ എല്ലാ മതസ്ഥരും പൊതുവേയും അഹ്മദി മുസ്ലിംകൾ പ്രത്യേകിച്ചും ആവർത്തിച്ചു വായിച്ചിരിക്കേണ്ട ഒരു ഉത്തമ കൃതിയാണിത്.

ഇസ്ലാം മതം അതിന്റെ സത്യത്തിലേക്കുള്ള ദൃഷ്ടാന്തങ്ങൾ തെളിയിച്ചുകാട്ടാൻ ഇക്കാലത്തും പ്രാപ്തമാണെന്നും അതിനു തന്നെ നിയോഗിച്ചിരിക്കുകയാണെന്നും അദ്ദേഹം പ്രഖ്യാപിച്ചു. ഇക്കാര്യത്തിൽ തന്നോട് മത്സരിക്കാൻ പണ്ഡിതരുംജ്ഞാനികളും ലോക പ്രശസ്തരുമായ നേതാക്കളേ ഹദ്റത്ത് അഹ്മദ് (അ) ആഹ്വാനം ചെയ്തു. "ക്രിസ്തു മത സംരക്ഷക"യായ വിക്ടോറിയാ മഹാറാണി നന്ദി പറയുകയുണ്ടായി. അവിടുന്ന് ഒരു കവിതയിൽ ഇപ്രകാരം വിലപിച്ചു.

"ആസ്മായിശ കേലിയേ
കോയി ന ആയാ ഹർചൻദ്
ഹർ മുഖാലിഫ് കൊ
മുഖാബിൽ പെ ബുലായാ ഹംനെ"

(പരീക്ഷിച്ചുനോക്കാൻ ആരും ഒരു പ്രകാരത്തിലും മുന്നോട്ടു വന്നില്ല; എല്ലാ എതിരാളികളേയും നാം മത്സരത്തിന്നായി ക്ഷണിച്ചുവെങ്കിലും)"

ഈ കൃതിയിൽ വിശകലനം ചെയ്യപ്പെടുന്ന വാഗ്ദത്ത മസീഹിന്റെ അത്ഭുതദൃഷ്ടാന്തങ്ങളിൽ ഒന്നാമത്തേതു "പ്രവചനം കരാർ പ്രകാരം" എന്നതും അവസാനത്തേത് സുനാമിയെ അധികരിച്ച പ്രവചനവുമാണ്. 2004 ഡിസബംർ 26–ന് സുമാത്രയിൽ രൂപം കൊണ്ട സുനാമി എന്ന സമുദ്ര ഭൂകമ്പം ദക്ഷിണാർദ്ധഗോളത്തിൽ സുമാത്ര മുതൽ ദക്ഷിണാഫ്രിക്കയുടെ കിഴക്കൻ തീരം വരെ മണിക്കൂറിൽ 800 നാഴിക വേഗതയിലും 50 മീറ്റർ ഉയരത്തിലും നീങ്ങിക്കൊണ്ട് മൂന്ന് ലക്ഷം മനുഷ്യരെ യമപുരിക്കയച്ചപ്പോൾ പുലർന്നത് വാഗ്ദത്ത മസീഹിന്റെ മറ്റൊരു പ്രവചനമായിരുന്നു. ദിവ്യദൃഷ്ടാന്തങ്ങൾ ദൈവത്തിന്റെ സൽഭാവത്തെയും ദൈവിക വെളിപാടുകളുടെ സത്യത്തെയും തെളിയിച്ചുകാട്ടുന്ന സാക്ഷ്യങ്ങളിൽ പെട്ടവയാണ്. അത് വെളിപ്പെടുന്നത് നിലച്ചുപോയിട്ടില്ലെന്നു ഈ കൃതി വ്യക്തമാക്കുന്നു. □

ലേഖനം

# ശരീഅത്ത് നിയമാധിഷ്ഠിത ഭരണം സാധ്യമാണോ?

എസ്. മുഹമ്മദ് സലീം

**വിവിധ മുസ്‌ലിം കക്ഷികൾക്ക് ഓരോ വിഷയത്തിലും വ്യത്യസ്തമായ അഭിപ്രായങ്ങളുണ്ടായിരിക്കെ എങ്ങിനെ ഏകീകൃതമായ ശരീഅത്ത് നിയമം കൊണ്ടുവരും. ആരായിരിക്കും അതിന്റെ അപ്രമാദിത്വമുള്ള അധികാരി?**

ശരീഅത്ത് നിയമം ഭരണനിയമങ്ങളായി പരിവർത്തിപ്പിക്കാൻ സാധിക്കുമോ? മുസ്‌ലിംകളിലെ മതരാഷ്ട്ര മൗലികവാദികൾ മുന്നോട്ടു വെക്കുന്ന ഇസ്‌ലാമിക ശരീഅത്ത് ഭരണം എന്ന ആവശ്യം തികച്ചും അപ്രായോഗികമാണ്. ഇസ്‌ലാമിക പ്രമാണങ്ങളിൽ സൂചനകളായി മാത്രം കാണുന്ന നിയമനിർദ്ദേശങ്ങൾ കക്ഷി പ്രതികക്ഷികളായി തമ്മിൽ തല്ലുന്ന ഒരു മുസ്‌ലിം സമൂഹത്തിൽ ഭരണനിയമങ്ങളാക്കി മാറ്റുവാൻ സാധ്യമല്ല.

ഇസ്‌ലാമിക ശരീഅത്ത് നടപ്പാക്കാൻ വേണ്ടിയുള്ള മുറവിളി ഏറ്റവും ഗണ്യമായി ഉന്നയിക്കുന്നത് പാകിസ്താനാണ്. ശരീഅത്ത് നിയമങ്ങൾ ഒരു രാജ്യത്തെ ഭരണഘടനയാക്കി മാറ്റിയാൽ ഉത്ഭവിക്കുന്ന പ്രശ്നങ്ങൾ നിരവധിയാണ്. ധാർമ്മികമായി അങ്ങേയറ്റം അധഃപതിച്ച പാകിസ്താനിലെ മുസ്‌ലിം സമൂഹം റസൂൽ തിരുമേനി(സ)യുടെ മാതൃകാജീവിതത്തിൽ നിന്നും വളരെ അകന്നുജീവിക്കുന്നവരാണ്. അവർക്കിടയിൽ ശരീഅത്ത് നിയമം നടപ്പാക്കണം എന്നു പറയുന്നത് ജുഗുപ്സാവഹമാണ്. ഭരണഘടനയനുസരിച്ച് ഇസ്‌ലാമിക ജീവിതം നയിക്കാൻ ഇന്ന് ലോകത്തിലെ ഒരു രാജ്യത്തും സാധ്യമല്ലെന്ന് കാണാം. സ്വമേധയാ മുസ്‌ലിംകൾ ഇസ്‌ലാമിക ജീവിതക്രമം പാലിച്ചുകൊണ്ട് ജീവിച്ചുകാണിച്ചാൽ പിന്നെ ഭരണനിയമങ്ങളുടെ ആവശ്യമെന്ത്? സ്വയം ഇസ്‌ലാമിക ജീവിതം നയിക്കാൻ തയ്യാറില്ലാതെ ഇസ്‌ലാമിക ഭരണം വേണമെന്ന് വാദിക്കുന്നത് വിരോധാഭാസമല്ലേ? ഇതുമായി ബന്ധപ്പെട്ട ചൂടേറിയ വാഗ്വാദങ്ങളാണ് മുസ്‌ലിം രാജ്യങ്ങളിലുടനീളം നടക്കുന്നത്.

കാലാകാലങ്ങളിലൂടെ വളർന്നു വികസിച്ച ഒരു നിയമസംഹിതയാണ് ശരീഅത്ത് നിയമം. ഖുർആൻ, സുന്നത്ത്, ഹദീസ്, ഇജ്മാഅ്, ഖിയാസ് എന്നീ പ്രമാണങ്ങൾ തന്നെയാണ് തത്ത്വത്തിൽ ശരീഅത്ത് നിയമത്തിന്റെ ആധാരം. പക്ഷേ നിരവധി വ്യാഖ്യാന ഭേദങ്ങളും, അഭിപ്രായ ഭേദങ്ങളും ശരീഅത്ത് നിയമത്തിലെ ഓരോ പ്രശ്നങ്ങൾക്കുമുണ്ട്. അങ്ങനെയുള്ള ശരീഅത്ത് നിയമം ഒരു രാജ്യത്തിലെ രാഷ്ട്രീയ സംവിധാനത്തിൽ ഭരണനിയമങ്ങളായി എഴുതിച്ചേർക്കുകയാണെങ്കിൽ നിരവധി സങ്കീർണ്ണപ്രശ്നങ്ങൾ അഭിമുഖീകരിക്കേണ്ടി വരും.

മൗലികമായുള്ള ഒരു പ്രശ്നം വിവിധ മതസ്ഥർ ജീവിക്കുന്ന ഒരു രാജ്യത്ത് ഒരു പ്രത്യേക മതവിശ്വാസികൾ ആ മതത്തിലധിഷ്ഠിതമായ ഒരു ഭരണഘടനയും ഭരണകൂടവും, ഭരണനിയമവും വേണമെന്ന് വാദിക്കുമ്പോൾ മറ്റൊരു മതസ്ഥർക്കും അവരുടെ മതനിയമങ്ങളനുസരിച്ച് ഭരണഘടനയും, ഭരണനിയമങ്ങളുമുണ്ടാക്കണമെന്ന് വാദിക്കാം. ഈ മതവിശ്വാസികൾക്കെല്ലാം തങ്ങളുടെ മതനിയമങ്ങൾ ചോദ്യം ചെയ്യാനോ എതിർക്കാനോ നിറുത്താൻ പാടില്ലാത്ത ദൈവിക നിയമങ്ങളാണുതാനും. മനുസ്മൃതിയനുസരിച്ച് ഭരണം വേണമെന്ന് ഹിന്ദുക്കൾക്കും തൽമൂദ് നിയമങ്ങൾക്കനുസരിച്ച് ഭരണം വേണമെന്ന് യഹൂദികൾക്കും, ബൈബിൾ നിയമങ്ങൾക്കനുസരിച്ച് ഭരണം വേണമെന്ന് ക്രിസ്ത്യാനികൾക്കും അവകാശപ്പെടാം

## നിയമനിർമ്മാണ സഭ

സ്റ്റേറ്റുമായി ബന്ധപ്പെട്ട അടിസ്ഥാനപരമായ പ്രശ്നങ്ങൾ രാഷ്ട്രീയവും അന്തർദേശീയ നിയമങ്ങളുമായി ബന്ധപ്പെട്ടവയാണ്. ചോദ്യമിതാണ്. ഒരു രാജ്യത്ത് ജനിച്ച ഒരു വ്യക്തിയ്ക്ക് പ്രസ്തുത രാജ്യത്തിൽ നിയമനിർമ്മാണ സഭയിൽ നിയമനിർമ്മാണത്തിന് അവകാശമുണ്ടല്ലോ. ആധുനിക മതേതര ജനാധിപ

## അസാധ്യമായ മുസ്‌ലിം നിർവ്വചനം

ഇത് സംബന്ധമായി രസകരമായ ഒരു സംഭവം ഓർക്കുകയാണ്. 1953ൽ പാക്കിസ്ഥാനിൽ അരങ്ങേറിയ അഹ്മദിയ്യാ വിരുദ്ധ കലാപത്തെപ്പറ്റി അന്വേഷിക്കുവാൻ നിയമിച്ച ജസ്റ്റിസ് മുനീർ കമ്മീഷന് മുമ്പിൽ ഹാജരായ മുസ്‌ലിം പണ്ഡിതന്മാരോട് ഒരു നിർവ്വചനം മുസ്‌ലിമിനു നൽകുവാൻ സാധ്യമാണോ എന്ന് ആരായുകയുണ്ടായി. ഒരു മുസ്‌ലിം പണ്ഡിതനും എല്ലാവരും അംഗീകരിക്കുന്ന ഒരു നിർവ്വചനം മുസ്‌ലിമിന് നൽകാനായില്ല. ഒരു പണ്ഡിതൻ നൽകുന്ന നിർവ്വചനമനുസരിച്ചു അപര മുസ്‌ലിം പണ്ഡിതന്റെ കക്ഷിയിൽപ്പെട്ട മുസ്‌ലിം മുസ്‌ലിമാകില്ല. ഇതായിരുന്നു സ്ഥിതി.

മുസ്‌ലിമിനെക്കുറിച്ച് നിർവ്വചിക്കുവാൻ തനിക്ക് കൂടുതൽ സമയം നൽകണമെന്ന് പറഞ്ഞ ഒരു കക്ഷിയുടെ പണ്ഡിതനോട് കമ്മീഷനിലെ രണ്ടാം അംഗമായ ജസ്റ്റിസ് ഖയാനി പറഞ്ഞ മറുപടി രസാവഹമായിരുന്നു. 1300 ലധികം വർഷങ്ങൾ നൽകിക്കഴിഞ്ഞിട്ടും തീരുമാനമാകാത്ത പ്രശ്നത്തിന് എങ്ങനെ താങ്കൾക്ക് അല്പസമയത്തിനുള്ളിൽ തീർപ്പുകല്പിക്കാനാവും? ആരാണ് മുസ്‌ലിം എന്ന പ്രശ്നത്തിനു കൂടി സർവ്വാംഗീകൃതമായ ഒരു നിർവ്വചനം നൽകാൻ സാധ്യമല്ലാത്ത മുസ്‌ലിംകക്ഷികൾക്ക് എങ്ങനെ ഏകീകൃതമായ ഒരു നിയമം നടപ്പിലാക്കാൻ സാധിക്കും.

## ഏത് കക്ഷിയുടെ വീക്ഷണമാണ് നടപ്പാക്കുക?

വീണ്ടും സങ്കീർണമായ നിരവധി പ്രശ്നങ്ങളുണ്ടാവുന്നു. ഉദാഹരണമായി ഒരു ക്രിമിനൽ കുറ്റത്തിന് ഒരു കക്ഷി നിർദ്ദേശിക്കുന്ന ശിക്ഷയല്ല മറ്റൊരു കക്ഷിയുടേത്. ഇന്ന് നിലവിലുള്ള ഇസ്‌ലാമിക രാജ്യങ്ങളിൽ തന്നെ ഇത്തരം വ്യത്യാസങ്ങളും വൈജാത്യങ്ങളും നമുക്ക് ദർശിക്കാം. ചില രാജ്യങ്ങളിൽ കുറ്റമായി കരുവിഷയത്തിന് തന്നെ വ്യത്യസ്ത അഭിപ്രായങ്ങൾ പൊങ്ങിവരാറുണ്ട്. നിയമനിർമ്മാണം ശരീഅത്തിനെ അടിസ്ഥാനമാക്കിയായാൽ നിയമസഭാംഗങ്ങൾ ശരീഅത്തിലെ മുഖ്യപ്രമാണമായ വിശുദ്ധ ഖുർആനിൽ വേണ്ടത്ര അവഗാഹം നേടിയിരിക്കണം. അവരെ സഹായിക്കുന്നത് ഖുർആൻ പഠിച്ച മുല്ലമാരാണെങ്കിൽ നിയമനിർമ്മാണം നടത്തുന്ന നിയമസഭാംഗങ്ങൾക്ക് പ്രസ്തുത പണ്ഡിതന്മാരുടെ വിശദീകരണങ്ങൾ കേൾക്കേണ്ടി വരും. ഓരോ പ്രശ്നത്തിനും ഓരോ വിഭാഗത്തിന്റേയും പണ്ഡിതന്മാർ വ്യത്യസ്ത അഭിപ്രായങ്ങൾ നൽകിയാൽ സഭ ഏത് സ്വീകരിക്കും? വോട്ടിനിട്ടു സ്വീകരിച്ചാൽ ഖുർആനിക പ്രമാണങ്ങൾ ഭൂരിപക്ഷത്തിന്റെ ഹിതത്തിനനുസരിച്ചാണെന്ന ആക്ഷേപം വരും. ഭൂരിപക്ഷം പണ്ഡിതന്മാർ യാഥാസ്ഥികരും, പിന്തിരിപ്പന്മാരും, ഖുർആനികജ്ഞാനം ഇല്ലാത്തവരുമാണെങ്കിലോ? ഈ പ്രഹേളികക്ക് എന്താണുത്തരം

ഓരോ മതങ്ങളുടെയും ചരിത്രവും അവയുടെ മൂലതത്ത്വവും പരിശോധിക്കുകയാണെങ്കിൽ അവയുടെയെല്ലാം സ്രോതസ്സ് ഒന്നിൽ നിന്നു തന്നെയാണെന്ന് കാണാം. കാലത്തിന്റെ ഗതിമാറ്റത്തിനനുസരിച്ച് അവ നിരവധി കക്ഷികളായി പിരിയുകയാണുണ്ടായത്. ജൂത, ക്രൈസ്തവ, ഇസ്‌ലാം എന്നീ സെമിറ്റിക് മതങ്ങളിൽ ഈ കക്ഷി ബാഹുല്യവും വീക്ഷണവൈരുദ്ധ്യങ്ങളും നമുക്ക് ദർശിക്കാം. മതസ്ഥാപകരുടെ ലളിതസുന്ദരമായ ആദിമകാലത്തെ ജീവിത തത്ത്വങ്ങളിൽ നിന്നും വിഭിന്നമായി മതകക്ഷികൾ നിരവധി സങ്കീർണ്ണമായ സിദ്ധാന്തങ്ങളുമായിട്ടാണ് ആവിർഭവിക്കുന്നതും ശാഖകളായി പിരിയുന്നതും. ഈ പ്രതിഭാസം ഇസ്‌ലാം മതത്തിലും നമുക്ക് ദർശിക്കാം. ആശയപരമായ പരസ്പര വ്യത്യാസങ്ങളും വൈരുദ്ധ്യങ്ങളുമാണ് അവരുടെ പ്രസ്ഥാനങ്ങളുടെ മുഖമുദ്ര.

തൃത്തിന്റെ സങ്കൽപത്തിന്റെ അടിസ്ഥാനത്തിൽ പ്രവർത്തിക്കുന്ന ഗവൺമെന്റുകളിൽ പ്രസ്തുത രാജ്യത്ത് ജനിക്കുന്ന ഓരോ പൗരനും അവന്റെ മതം, നിറം, വർഗ്ഗം, ഭാഷ എന്നിവ പരിഗണിക്കാതെ തന്നെ അടിസ്ഥാനപരമായ മനുഷ്യാവകാശങ്ങൾ നൽകുന്നു. ചുരുങ്ങിയ പക്ഷം നിയമനിർമ്മാണസഭയിൽ ഭാഗഭാക്കാവാനുള്ള അവസരമെങ്കിലും നൽകുന്നുണ്ട്. രാഷ്ട്രീയ പാർട്ടികൾ വരികയും പോകുകയും ചെയ്യുന്നു. ഇന്നത്തെ ഭൂരിപക്ഷമുള്ള രാഷ്ട്രീയ കക്ഷികൾ നാളെ ന്യൂനപക്ഷമായിത്തീരുന്നതിനാൽ എല്ലാ പൗരന്മാരുടേയും അഭിലാഷങ്ങൾ പൂർത്തിയാക്കുവാൻ സാധ്യമാകുകയില്ല. എന്നാൽ ചുരുങ്ങിയ പക്ഷം ഓരോരുത്തർക്കും മാന്യതയും തുല്യതയുമുള്ള അവസരം നൽകുകയും തങ്ങൾക്ക് പറയുവാനുള്ളത് കേൾക്കുവാനുള്ള അവസരമെങ്കിലും നൽകുന്നുണ്ട്. എന്നാൽ ഒരു രാജ്യത്ത് ഒരു മതത്തിന്റെ മതസംഹിത അടിച്ചേൽപ്പിക്കുകയാണെങ്കിൽ എന്തായിരിക്കും അതിന്റെ പരിണിതഫലം? മുസ്‌ലിംകളുടെ നിയമം ഒരു രാജ്യത്ത് നടപ്പിലാക്കുകയാണെങ്കിൽ മറ്റുള്ള അമുസ്‌ലിം പൗരന്മാർ ആ രാജ്യത്തിലെ രണ്ടാം കിടക്കാരോ മൂന്നാം കിടക്കാരോ ആയി മാറും. അവർക്ക് നിയമനിർമ്മാണത്തിലോ നിയമനിർമ്മാണസഭയിലോ സ്വതന്ത്രമായ പ്രാതിനിധ്യമുണ്ടാകുകയില്ല. പ്രശ്നം അവിടേയും അവസാനിക്കുന്നില്ല. ഇസ്‌ലാമിക മതഗ്രന്ഥമായ വിശുദ്ധ ഖുർആൻ വ്യാഖ്യാനമർഹിക്കുന്ന നിരവധി സംജ്ഞകളുള്ളതിനാൽ വിവിധ വിഭാഗങ്ങളിലെ മുസ്‌ലിം പണ്ഡിതന്മാർക്ക് തന്നിഷ്ടം പോലെ വ്യാഖ്യാനിക്കുവാനുള്ള അവകാശം വകവെച്ചുകൊടുക്കേണ്ടി വരും. അവയിൽ ചിലത് പരസ്പരം വ്യത്യസ്തവും പരസ്പരവിരുദ്ധവുമായിരിക്കും.

മുസ്‌ലിം പണ്ഡിതന്മാർ ശരീഅത്തിനെ വ്യാഖ്യാനിക്കുമ്പോൾ ഒരു

തുന്ന പ്രവൃത്തികൾ മറ്റു ചില രാജ്യങ്ങളിൽ കുറ്റകൃത്യമല്ലല്ലോ. വിശുദ്ധ ഖുർആനിലും ശരീഅത്തിലും ശിക്ഷ ഏതെന്ന് വ്യക്തമാക്കാത്ത ഒരു കുറ്റമാണ് മദ്യപാനം. മദ്യപാനത്തിന് ശിക്ഷ നിയമമാക്കുകയാണെങ്കിൽ ഏത് കക്ഷിയുടെ അഭിപ്രായത്തിലെ അടിസ്ഥാനത്തിലായിരിക്കും അത് നടപ്പിലാക്കുക? ഈ മുസ്‌ലിം കക്ഷികൾ തമ്മിലുള്ള വ്യത്യാസവും അഭിപ്രായ വിയോജിപ്പും നിസ്സാരവുമല്ല. ഒരു കക്ഷി അപരകക്ഷിയെ 'കാഫിർ' എന്ന് വിളിക്കുവോളും അത് ഗുരുതരവുമാണ്. അപ്പോൾ സർവ്വാംഗീകൃതമായ ശരീഅത്ത് നിയമം എന്നത് വീണ്ടും ഒരു പ്രഹേളികയായി മാറുന്നു.

## ശരീഅത്ത് നിയമം നടപ്പിലാക്കുവാൻ പാകിസ്താൻ ഗവൺമെന്റ് അഭിമുഖീകരിക്കുന്ന സങ്കീർണ്ണ പ്രശ്നങ്ങൾ

നവാബ് ഷെരീഫ് പ്രധാനമന്ത്രിയായിരിക്കുന്ന അവസരത്തിൽ ശരീഅത്ത് ഭരണഘടനയിൽ ഉൾപ്പെടുത്തണമെന്ന വാദകോലാഹലങ്ങൾ പാകിസ്താൻ രാഷ്ട്രീയത്തിൽ നിറഞ്ഞു നിന്നിരുന്നു. അവസാനം നവാസ് ഷെരീഫ് ഒരു മുസ്‌ലിം വിഭാഗത്തിന്റേയും ശരീഅത്ത് വിശദീകരണം ഭരണഘടനയിൽ ഉൾപ്പെടുത്തുന്നതല്ലെന്ന് പ്രഖ്യാപിച്ചു. പക്ഷേ വിശുദ്ധ ഖുർആനാണ് പാകിസ്താൻ നിയമത്തിന്റെ പരമോന്നത സ്രോതസ്സ് എന്ന് തത്വത്തിൽ അംഗീകരിക്കുന്ന പ്രമേയം പാകിസ്താനിൽ ഗവൺമെന്റ് അംഗീകരിച്ചിരുന്നു. പിന്നീട് പാകിസ്താൻ ഗവൺമെന്റ് വിശുദ്ധ ഖുർആനിലുള്ള പൊതുവായ ചില തത്വങ്ങൾ ഭരണഘടനയിൽ ഉൾപ്പെടുത്തുവാൻ ശ്രമിക്കുകയും പാകിസ്താനെ ഒരു ഇസ്‌ലാമിക രാഷ്ട്രമായി പരിവർത്തിപ്പിക്കുവാനുള്ള ശ്രമം നടത്തുകയും ചെയ്തിരുന്നു

നവാസ് ഷെരീഫ് സങ്കീർണ്ണമായ ഈ പ്രശ്നത്തെ തത്ക്കാലത്തേക്കെങ്കിലും അകറ്റിനിർത്തിയെന്ന് സമാധാനിക്കാം. എന്നാൽ ഉലമാക്കൾ പറയുന്നത് ശരീഅത്ത് നടപ്പാക്കാനുള്ള അധികാരം നിയമ നിർമ്മാണ സഭയിലും, സുപ്രിം കോടതിയിലും മാത്രം നിക്ഷിപ്തമായിരിക്കയില്ലെന്നും മറിച്ച് തങ്ങൾക്കും അതിൽ പങ്കുവേണമെന്നുമാണ്. ഒരു പടികൂടി കടന്ന് തങ്ങൾക്ക് മാത്രമായിരിക്കണം അതിന്റെ പരമാധികാരം എന്നാണ് ഉലമാക്കന്മാരുടെ അവകാശവാദം. ചുരുക്കത്തിൽ അധികാരം തിരഞ്ഞെടുക്കപ്പെട്ട ഈ പ്രതിനിധികളിൽ നിന്നും മുല്ലമാരിലേയ്ക്ക് മാറ്റണമെന്നായിരിക്കും മതപണ്ഡിതമാരുടെയും മതകക്ഷികളുടേയും ആവശ്യം. പാക്കിസ്താനിൽ സ്വബോധരായ നിലവിലുള്ള ഒരു ജനപ്രതിനിധിയും മുല്ലമാരുടെ ഈ ആവശ്യത്തെ ഉള്ളുകൊണ്ടു അംഗീകരിച്ചില്ല. മുല്ലമാരുടെ ആവശ്യത്തെ തിരഞ്ഞെടുപ്പുകാലത്ത് മാത്രമാണ് രാഷ്ട്രീയകക്ഷികൾ പിന്തുണച്ചിരുന്നത്. അത് കപടരാഷ്ട്രീയത്തിന്റെ നാടകശാലയായ പാകിസ്താനിലെ മൂന്നാംകിട രാഷ്ട്രീയം?

## ആധുനിക മുസ്‌ലിംകളുടെ ജീവിതരീതി ഇസ്‌ലാമികമല്ല

മുകളിൽ പറഞ്ഞത് ശരീഅത്ത് നിയമം നടപ്പിലാകുമ്പോഴുണ്ടാകുന്ന സങ്കീർണ്ണതകളെക്കുറിച്ചായിരുന്നു. എന്നാൽ അപകടകരമായ മറ്റൊരു പ്രശ്നം മുസ്‌ലിംകളുടെ ജീവിതശൈലി തികച്ചും ഇസ്‌ലാമുമായി ബന്ധമില്ലാത്തവയാണ്. ഒരു രാജ്യത്തിൽ മുസ്‌ലിംകൾക്ക് അഞ്ച് നേരം നമസ്കാരം അനുഷ്ഠിക്കുവാൻ ഭരണഘടനയിൽ ശരീഅത്ത് എഴുതിച്ചേർക്കേണ്ടതുണ്ടോ? വിശ്വസ്തതയും സത്യസന്ധതയും പ്രകടിപ്പിക്കുവാൻ ശരീഅത്ത് നിയമത്തിന്റെ ആവശ്യമുണ്ടോ? ശരീഅത്ത് നിയമം ഇല്ലാതെ തന്നെ കോടതികളിൽ സത്യസന്ധമായി സാക്ഷ്യം പറഞ്ഞുകൂടെ? സത്യസന്ധതയും വിശ്വസ്തതയും പ്രകടിപ്പിക്കുവാൻ ഒരു നിയമത്തിന്റെയും ആവശ്യമില്ല. ഒരു സമൂഹത്തിൽ നിത്യജീവിതത്തിൽ കൊള്ളയും, കൊലയും, അക്രമവും, അതിക്രമവും,ബോംബ് സ്ഫോടനവും അന്യരുടെ അവകാശങ്ങൾ ധ്വംസിക്കലും നിത്യസംഭവമാകുമ്പോൾ എത്ര മാത്രം വിശ്വസ്തതയും സത്യസന്ധതയുമാണ് അവിടെ നിലനിൽക്കുക? സാധാരണ സംഭാഷണങ്ങളിൽ പോലും മലിനമായ വാക്കുകൾ സർവ്വസാധാരണമായി പ്രയോഗിക്കുകയും എല്ലാതരത്തിലുള്ള അശ്ലീലമായ പെരുമാറ്റങ്ങൾ പ്രത്യക്ഷപ്പെടുകയും ചെയ്യുന്ന ഒരു സമൂഹത്തിൽ നിന്നും ഒരു തരത്തിലുള്ള മാന്യതയും നാം പ്രതീക്ഷിക്കേണ്ടതില്ല. ഇത്തരം ഒരു സമൂഹത്തിൽ ശരീഅത്തിന് എന്ത് റോളാണ് നിർവ്വഹിക്കുവാനുള്ളത്. അതേപ്രകാരം അവിടെ ശരീഅത്ത് നിയമം എങ്ങനെയാണ് നടപ്പിലാക്കുക

മുകളിൽ ചർച്ച ചെയ്ത പ്രശ്നങ്ങൾക്കുള്ള ഒരു പ്രതിവിധിയും ഒരു ഭാഗത്ത് നിന്നും ഉരുത്തിരിഞ്ഞ് വരുന്നതായി നാം കാണുന്നില്ല. ഓരോ രാജ്യത്തിനും അതാതിന്റേതായ ദേശീയ പ്രത്യേകതകളുണ്ട്. ഒരു രാജ്യത്ത് എല്ലാ പുഷ്പങ്ങളും മൊട്ടിടുകയോ പുഷ്പിക്കുകയോ ചെയ്യുന്നില്ല. ഈന്തപ്പന വൃക്ഷം മരുഭൂമിയിൽ മാത്രമേ വളരുകയുള്ളൂ. ശൈത്യരാജ്യങ്ങളായ യൂറോപ്പിൽ അവ വളരുകയില്ല. അതേപോലെ ചെറിപ്പഴം മരുഭൂമിയിൽ വളരാറില്ല. അവയ്ക്ക് പ്രത്യേകമായ ചില കാലാവസ്ഥകൾ ആവശ്യമാണ്. ഇതേപോലെ ശരീഅത്തുമായി ബന്ധപ്പെട്ട നിയമങ്ങൾ. സമ്മർദ്ദ സ്വഭാവമുള്ള നിയമങ്ങളായി ഭരണഘടനാമാറ്റത്തിലൂടെ കൊണ്ടുവരാൻ സാധ്യമല്ല. അനുകൂലമായ കാലാവസ്ഥ സംജാതമാകാത്തിടത്തോളം അവിടെ ശരീഅത്ത് നിയമം നടപ്പിലാക്കുവാൻ സാധ്യമാകുകയില്ല. നിയമങ്ങൾ ബലാൽക്കാരമില്ലാതെ സ്വമേധയാ ആയിരിക്കണമെന്ന നിർബന്ധം ഇസ്‌ലാമിനുണ്ട്. മതപരമായ നിയമങ്ങളും തദനന്തരമുണ്ടാകുന്ന സാമൂഹികമായ നിയമങ്ങളും ബോധവത്കരണത്തിലൂടെ ക്രമേണയാണ് നിലവിൽ വന്നത്.

അങ്ങനെയാവുമ്പോൾ സമൂഹത്തിലെ അംഗങ്ങൾക്ക് ദൈവിക നിയമത്തിന്റെ ഭാരം വഹിക്കുവാൻ പ്രാപ്തിയുണ്ടാവുന്നു. അവയെ ശരീഅത്ത് നിയമമെന്നോ മറ്റേതെങ്കിലും നിയമമെന്നോ വിളിക്കാവുന്നതാണ്. നേരെമറിച്ച് ഒരു സമൂഹത്തിൽ മോഷണവും കളവ് പറയലും സർവ്വസാധാരണവും നിത്യജീവിതത്തിന്റെ ഒരു ഭാഗവുമാണെന്നും സങ്കൽപിക്കുക. അത്തരം ഒരു സമൂഹത്തിൽ ശരീഅത്ത് നിയമം നടപ്പിലാക്കി മോഷ്ടിച്ചവന്റെ കൈമുറിച്ചത് കൊണ്ട് എന്തായിരിക്കും സംഭവിക്കാൻ പോകുന്നത്. ശരീഅത്ത് നിയമത്തിന്റെ ഉദ്ദേശ്യലക്ഷ്യങ്ങളിതാണോ? ഇത് മതത്തിന്റെ മാത്രം വൈകാരിക പ്രശ്നമായി എടുക്കരുത്. ദൈവത്തിന്റെ ഇച്ഛ നടപ്പിലാക്കേണ്ടത് ദൈവം എങ്ങനെയാണ് അവ നടപ്പിലാക്കാൻ ഉദ്ദേശിച്ചിരിക്കുന്നത് അപ്രകാരമായിരിക്കണം.

(തുടരും)

*(23 -ാം പേജിൽ നിന്ന് തുടർച്ച)*

ളാണ് അനാവരണം ചെയ്യപ്പെട്ടിരിക്കുന്നത്. ഒന്ന്:- ദൈവത്തിലേക്ക് പശ്ചാത്തപിച്ചു മടങ്ങുന്ന ദാസനെ സന്തോഷപൂർവ്വം അവൻ ആശ്ലേഷിക്കുന്നതാണ്. രണ്ട് : ദൈവത്തെ പ്രാപിക്കുന്നതിലൂടെ മാത്രമേ യഥാർത്ഥമായ പരമാനന്ദം മനുഷ്യന് കൈവരികയുള്ളൂ.

## മഹാത്മാക്കളുടെ ജീവിത സാക്ഷ്യങ്ങൾ

ദൈവൈക്യം പ്രാപിച്ച പാവനാത്മക്കളുടെയും ഭൗതികസുഖലോലുപതയിൽ കാലയാപനം ചെയ്തവരുടെയും ജീവിതാവസ്ഥകൾ തുലനം ചെയ്തു നോക്കുന്നവർക്ക് പ്രകടമായ നിലയിൽ യാഥാർത്ഥ്യങ്ങൾ കണ്ടെത്താൻ കഴിയും. ഭൗതികസുഖലോലുപതയിൽ കഴിച്ചുകൂടിയവർ, ഒടുവിൽ കലശലായ നിരാശക്കിരയാകുന്നു. എല്ലാം നഷ്ടപ്പെട്ടുപോയെന്ന വ്യഥയിൽ അവരുടെ മനം നീറികൊണ്ടിരിക്കുകയും ചെയ്യുന്നു. പുനരുത്ഥാന നാളിൽ, ഐഹികജീവിതം വ്യർത്ഥമാക്കിയതിൽ, ഹതാശയരായിക്കൊണ്ട്, അവർ ഇപ്രകാരം വിലപിച്ചുപറയുന്നതാണെന്ന് രേഖപ്പെടുത്തിയിരിക്കുന്നു. ''എനിക്കെന്റെ കർമ്മപുസ്തകം നല്കപ്പെടാതെയും എന്റെ കണക്കെന്തെന്ന് ഞാനറിയാതെയുമിരുന്നെങ്കിൽ എത്ര നന്നായേനെ! മരണം എല്ലാം അവസാനിപ്പിക്കുന്നതായിരുന്നെങ്കിൽ എത്ര നന്നായിരുന്നു! എന്റെ ധനം എനിക്ക് പ്രയോജനപ്പെട്ടില്ലല്ലോ. എന്റെ സ്വാധീനവും എനിക്ക് നഷ്ടപ്പെട്ടുപോയി (വി.ഖു. 69:27-30) എന്നാൽ ദൈവാനുഗ്രഹത്തിൽ ലീനരായി ജീവിതം നയിച്ചിരുന്നവർക്ക് ഐഹികലോകത്തും സ്വർഗീയാനുഭൂതി ലഭ്യമായിരുന്നുവെന്നാണ് അവരുടെ ജീവിതം വിളിച്ചറിയിക്കുന്നത്. ദൈവപ്രീതിക്ക് തടസ്സമായിത്തീരുമെന്ന് കണ്ടപ്പോൾ, ഭൗതിക സുഖങ്ങൾ സസന്തോഷം തിരസ്കരിക്കാനും ദൈവമാർഗത്തിൽ ക്ലേശങ്ങൾ ഏറ്റുവാങ്ങാനും അവർ തയ്യാറായി. കഠിനമായ പീഢനങ്ങൾ സഹിക്കേണ്ടിവന്നപ്പോഴും തീവ്രമായ ദൈവഭക്തിയാണ് അവർ പ്രകടിപ്പിച്ചത്. ദൈവസ്നേഹത്തിലൂടെ പരമമായ ആനന്ദം അവർക്ക് ലഭിച്ചിരുന്നുവെന്നാണ് ഇതിൽ നിന്നും തെളിയുന്നത്. ജീവിതാന്ത്യനിമിഷങ്ങളിൽപ്പോലും ആ മഹാത്മാക്കൾ വേവലാതിപ്പെട്ടിരുന്നത് തങ്ങളുടെ സ്വന്തക്കാരും അനുചരന്മാരും ദൈവതൃപ്തിയുടെ പാതയിൽ നിന്നും വ്യതിചലിച്ചുപോകുമോ എന്ന കാര്യത്തിൽ മാത്രമായിരുന്നു. ദൈവത്തിന്റെ പ്രീതദൂതന്മാരായ ഹസ്റത്ത് ഇബ്റാഹിം നബിയും ഹസ്റത്ത് യഅ്ഖൂബ് നബിയും (അ) തങ്ങളുടെ മക്കളോട് പ്രത്യേകം വസിയ്യത്ത് ചെയ്തു. 'നിങ്ങൾ അല്ലാഹുവിന് പരിപൂർണ്ണ അനുസരണം പുലർത്തിക്കൊണ്ടല്ലാതെ മരിക്കാനിടയാവരുത്. (വി.ഖു.2:13) യഅ്ഖൂബ് നബി(അ) മരണാസന്നനായപ്പോൾ തന്റെ സന്താനങ്ങളെ വിളിച്ച് ചേർത്ത് ഇപ്രകാരം ചോദിച്ചു: ''എനിക്ക് ശേഷം നിങ്ങൾ എന്തിനെയാണ് ആരാധിക്കുക?" അവർ മറുപടി പറഞ്ഞു: ഞങ്ങൾ ഏക ഇലാഹിനെ ആരാധിക്കുന്നതും അവന് മാത്രം വഴിപ്പെടുന്നതുമാണ്. (വി.ഖു. 2:134) ഈ മറുപടി കേട്ടപ്പോൾ അദ്ദേഹം പൂർണ്ണ തൃപ്തനായി. പ്രവാചകശ്രേഷ്ഠരായ ഹസ്റത്ത് മുഹമ്മദ് മുസ്തഫ (സ) തന്റെ വിയോഗസമയത്ത് അനുചരവൃന്ദത്തിന് നല്കിയ അന്തിമോപദേശം ഇപ്രകാരമാണ്: "യഹൂദികളും കൃസ്ത്യാനികളും പ്രവാചകന്മാരുടെ ശവകുടീരങ്ങൾ ആരാധിച്ചു തുടങ്ങിയതിനാൽ ദൈവം അവരെ ശപിച്ചിരിക്കുന്നു. നിങ്ങൾ അപ്രകാരമൊന്നും ചെയ്യരുത്." അനന്തരം ''അല്ലാഹുമ്മ റഫീഖിൽ അഅ്ലാ അല്ലാഹുവേ! സർവ്വോന്നതനായ സുഹൃത്തേ! എന്നാണ് അവിടുന്ന് അവസാനമായിമൊഴിഞ്ഞത്. ദൈവൈക്യപ്രാപ്തിയാണ് പരമോന്നതമായതെന്ന് ഇതുവഴി അവർ സ്ഥാപിച്ചുകാണിച്ചു. എന്നെന്നും നിലനില്ക്കുന്നതും അതു മാത്രമാണ്. □

## അകവും പുറവും

പുറമെ ശാന്തസസ്വഭാവം കാട്ടുന്നവർ വളരെയാണ്. എന്നാൽ അകമെ അവർ ചെന്നായ്ക്കളാകുന്നു. പ്രത്യക്ഷത്തിൽ പരിശുദ്ധരായി കാണപ്പെടുന്നവർ ധാരാളമുണ്ട്; അന്തരാ അവർ സർപ്പ ങ്ങളത്രെ. ആകയാൽ അകവും പുറവും ഒരുപോലെയായിരിക്കാത്തിടത്തോളം ദൈവത്തിന്റെയടുക്കൽ നിങ്ങൾ സ്വീകൃതന്മാരായിരിക്കില്ല.

***ഹദ്റത്ത് അഹ്മദ് (കിശ്ത്തീ നൂഹ്)***

# റസൂൽ തിരുമേനിയുടെ (സ) 'ഇസ്റാ'ഉം 'മിഅ്റാജും'

ഏ.പി. കുഞ്ഞാമു

**റസൂൽ തിരുമേനി(സ)ക്കുണ്ടായ ഈ രണ്ട് മഹത്തായ ആത്മീയദർശനങ്ങളും രണ്ട് സന്ദർഭങ്ങളിലാണ് സംഭവിച്ചത്**

മസ്ജിദുൽ ഹറാമിൽ നിന്ന് മസ്ജിദുൽ അഖ്സയിലേക്കുള്ള റസൂൽ തിരുമേനിയുടെ നിശാപ്രയാണത്തെയാണ് "ഇസ്രാഅ്" എന്നു പറയുന്നത്. ''മിഅ്റാജ്'' എന്നാൽ റസൂൽ തിരുമേനി (സ)യുടെ ആത്മീയമായ ആരോഹണമാണ്. അതിനെ ആകാശാരോഹണം എന്നും മുസ്‌ലിംകൾ വിശേഷിപ്പിക്കുന്നു. ഈ രണ്ടു സംഭവങ്ങളും ആത്മീയദർശനങ്ങളാണെന്ന് ഒരു കൂട്ടർ പറയുമ്പോൾ മറ്റൊരു കൂട്ടർ അതു ബാഹ്യാർത്ഥത്തിൽ തന്നെ സ്ഥൂലശരീരത്തോടെ സംഭവിച്ചതാണെന്നു പറയുന്നു. ഈ വിഷയത്തിൽ അഹ്മദിയ്യാ മുസ്‌ലിം ജമാഅത്തിന്റെ രണ്ടാം ഖലീഫ നൽകിയ വ്യാഖ്യാനത്തിന്റെ ഒരു സംഗ്രഹമാണ് ഈ ലേഖനം. അതുപോലെതന്നെ ഇസ്രാഇനോടു അനുബന്ധിച്ചു തന്നെയാണ് മിഅ്റാജ് സംഭവിച്ചതെന്നും മുസ്‌ലിംകളിൽ ഭൂരിഭാഗവും വിശ്വസിക്കുന്നു. ഇതു സംബന്ധിച്ചും അഹ്മദി മുസ്‌ലിംകളുടെ വീക്ഷണത്തിന്റെ ഒരു സംക്ഷിപ്തവും ഇവിടെ വിവരിക്കാൻ ഞാൻ ശ്രമിക്കുകയാണ്. അല്ലാഹു സഹായിക്കുമാറാകട്ടെ. ആമീൻ.

സൂറ: ''ബനീ ഇസ്രായീൽ'' പ്രാരംഭ വചനങ്ങളിൽ ഇങ്ങനെ കാണുന്നു. "തന്റെ ദാസനെ മസ്ജിദുൽ ഹറാമിൽ നിന്നു മസ്ജിദുൽ അഖ്സയിലേക്ക് - അതിന്റെ പരിസരങ്ങളെ നാം അനുഗ്രഹീതമാക്കിയിരിക്കുന്നു - രാത്രിയിൽ പ്രയാണം ചെയ്യിച്ചവൻ എത്രയും പരിശുദ്ധൻ; നമ്മുടെ ദൃഷ്ടാന്തങ്ങളിൽ ചിലത് അദ്ദേഹത്തിന് കാണിച്ചുകൊടുക്കുന്നതിന് വേണ്ടി. തീർച്ചയായും അവൻ എല്ലാം കേൾക്കുന്നവനും എല്ലാം കാണുന്നവനുമാകുന്നു. (17:2) ഈ സൂക്തം മിക്കവാറും എല്ലാ വ്യാഖ്യാതാക്കളെയും കുഴക്കിയിരിക്കുന്നു. ഹദീസുഗ്രന്ഥങ്ങളിൽ വന്ന ഹദീസുകളെ കൂട്ടിക്കലർത്തിയതാണ് ഇതിനു കാരണം. ഈ സൂക്തം മിഅ്റാജിനെ പറ്റിയാണെന്ന് ധരിക്കാൻ അതു കാരണമായി. എന്നാൽ യഥാർത്ഥത്തിൽ ഇത് ഇസ്റാഅ്നെ സംബന്ധിച്ച സൂക്തമാണെന്ന് അഹ്മദീ മുസ്‌ലിംകൾ വിശ്വസിക്കുന്നു. മിഅ്റാജിനെ സംബന്ധിച്ച വിവരണം നമുക്ക് സൂറ: അന്നജ്മിൽ കാണാവുന്നതാണ്. അതിന്റെ വിവരണം ഈ എല്ലാ സന്ദേഹങ്ങളിൽ നിന്നും നമ്മെ സംരക്ഷിക്കുന്നു. അല്ലാഹു ഇങ്ങിനെ അരുൾ ചെയ്യുന്നു: "ഇതു അദ്ദേഹത്തിന് ബോധനം ചെയ്യപ്പെടുന്ന ദിവ്യസന്ദേശമല്ലാതെ മറ്റൊന്നുമല്ല. ആ മഹാശക്തൻ (അല്ലാഹു) അദ്ദേഹത്തിന് അത് പഠിപ്പിച്ചു കൊടുത്തിരിക്കുന്നു. അതായത് വിവിധരൂപത്തിൽ പല തവണ പ്രകടമാക്കുന്ന ശക്തിയുടെ നാഥൻ. അങ്ങനെ അവൻ (തന്റെ സിംഹാസനത്തിന്മേൽ) ആസനസ്ഥനായി. അദ്ദേഹം അത്യുന്നത ദിങ്മണ്ഡലത്തിലായിരിക്കവെ (അല്ലാഹു) അദ്ദേഹത്തിന് തന്റെ വചനം പഠിപ്പിച്ചു. പിന്നെ അദ്ദേഹം (അല്ലാഹുവിലേക്ക്) കൂടുതൽ അടുത്തു. എന്നിട്ട് അദ്ദേഹം ഇറങ്ങി (മനുഷ്യകുലത്തിലേക്ക്). അങ്ങനെ അദ്ദേഹം രണ്ടു വില്ലുകളുടെ ഒരു വാർ പോലെ ആയിത്തീർന്നു. അല്ലെങ്കിൽ അതിനേക്കാൾ അടുത്ത സ്ഥിതിയിൽ. എന്നിട്ട് അവൻ തന്റെ ദാസന് സന്ദേശമായി അവതരിപ്പിച്ചതെന്തോ അതവതരിപ്പിച്ചു. (നബിയുടെ) ഹൃദയം കണ്ടത് അതു വ്യാജമാക്കിയിട്ടില്ല. അപ്പോൾ അദ്ദേഹം കാണുന്നതിനെപ്പറ്റി നിങ്ങൾ അദ്ദേഹത്തോട് തർക്കിക്കുകയാണോ? അദ്ദേഹം അവനെ (അല്ലാഹുവിനെ) വേറൊരിക്കൽകൂടി

കണ്ടിട്ടുണ്ട്. ''സിദ്റത്തുൽ മുൻതഹാ" യുടെ അരികിൽ വെച്ചു. അതിനടുത്താണ് നിത്യവാസത്തിനുള്ള ഉദ്യാനം. ആവരണം ചെയ്യുന്നതെന്തോ അതെല്ലാം ആ ഇലന്തവൃക്ഷത്തെ ആവരണം ചെയ്യുകയായിരുന്നപ്പോൾ. ദൃഷ്ടി (ലക്ഷ്യത്തിൽ നിന്ന്) തെറ്റിയിട്ടില്ല. അത് അതിരു കടന്നുപോയിട്ടുമില്ല. തന്റെ നാഥന്റെ അതിമഹത്തായ ദൃഷ്ടാന്തങ്ങളിൽ പലതും തീർച്ചയായും അദ്ദേഹം കണ്ടിരിക്കുന്നു (53:5–19).

മേൽ സൂക്തങ്ങളിൽ പറയപ്പെട്ട കാര്യങ്ങൾ ക്രോഡീകരിച്ചാൽ അതു നമുക്ക് ഒരു ഗ്രാഫ് വരച്ചതുപോലെ ചില കാര്യങ്ങൾ മനസ്സിലാക്കിത്തരുന്നുണ്ട്. അതായത് 'മിഅ്റാജിനെ" സംബന്ധിച്ചു എന്തൊക്കെ വിവരങ്ങൾ പ്രബലമായ ഹദീസ് ഗ്രന്ഥങ്ങളിൽ വന്നിട്ടുണ്ടോ അതൊക്കെ നമുക്ക് പ്രസ്തുത സൂക്തങ്ങളിൽ കാണാൻ സാധിക്കും. ഉദാഹരണത്തിന് (1) റസൂൽ തിരുമേനി (സ:അ) ഇലന്ത വൃക്ഷത്തിന്റെ അടുക്കലേക്ക് പോയി (2) ഇലന്ത വൃക്ഷം എന്തോ ചിലത് കൊണ്ടു മൂടപ്പെട്ടിരിക്കുന്നു (3) ഇലന്ത വൃക്ഷത്തിന്റെ സമീപത്തായി സ്വർഗ്ഗം (നിത്യവാസത്തിനുള്ള ആരാമം) തിരുമേനി (സ.അ.) കണ്ടു (4) അദ്ദേഹം രണ്ടുവില്ലുകളുടെ ഒരു വാർ പോലെയായിത്തീർന്നു (5) അദ്ദേഹത്തിന് ദൈവ ദർശനമുണ്ടായി (അദ്ദേഹം ഹൃദയം കൊണ്ടു ദൈവത്തെ കണ്ടത് അസത്യമല്ല) (6) അല്ലാഹുവിന്റെ വചനം ഇലന്തവൃക്ഷത്തിൽ ഇറങ്ങി.

മേൽ വിവരിച്ച വിശുദ്ധ ഖുർആന്റെ എല്ലാ വിവരണങ്ങളും മിഅ്റാജിനെപറ്റി വിവരിക്കുന്ന ഹദീസുഗ്രന്ഥങ്ങളുമായി താദാത്മ്യം പ്രാപിക്കുന്നതായി നമുക്ക് കാണാം. ഇലന്തവൃക്ഷത്തെപറ്റിയാണെങ്കിൽ അബൂഹുറയ്റ നിവേദനം ചെയ്തതായി ഇബ്നുജമീർ, ഇബ്നു അബുഹാത്തിം, ഇബ്നുമെർദവാ, അബുയാലാ, ബൈഹഖി എന്നിവർ ഉദ്ധരിക്കുന്നു." മിഅ്റാജ് രാത്രിയിൽ മറ്റു പ്രവാചകന്മാരെ ആകാശത്തുവെച്ച് ദർശിച്ചതിന് ശേഷം അദ്ദേഹം പ്രയാണം ആരംഭിച്ചു. ഇലന്തവൃക്ഷം വരെ പ്രയാണം തുടർന്നു: "ഇതേ ആശയങ്ങൾ മറ്റു പ്രമുഖരായ ഹദീസ് സമാഹർത്താക്കളും അതിൽ ബുഖാരി മുസ്ലിമും ഉൾപ്പെടെ പ്രസിദ്ധീകരിച്ചിട്ടുണ്ട്. അവരുടെ പേർ വിവരങ്ങൾ വിസ്താരഭയം നിമിത്തം ചേർക്കുന്നില്ല. (ബുഖാരി മിഅ്റാജ് എന്ന അദ്ധ്യായത്തിൽ പരിശോധിക്കുക). മറ്റൊരു കാര്യം പ്രസ്താവിക്കപ്പെട്ടത് തിരുമേനി (സ:അ) ഇലന്ത വൃക്ഷം സമീപമെത്തിയപ്പോൾ ഇലന്തവൃക്ഷം എന്തോ അസാധാരണമായ വസ്തുവിന്നാൽ മറച്ചുവെക്കപ്പെട്ടതായി കണ്ടു (53:17). ഇതും മിഅ്റാജിനെ സംബന്ധിച്ച ഹദീസുകളിൽ കാണാൻ സാധിക്കും. അബുഹുറയ്റ(റ) റിപ്പോർട്ട് ചെയ്യുന്നു. ഇലന്ത വൃക്ഷത്തിന്റെ സമീപം തിരുമേനി എത്തിയപ്പോൾ സർവ്വശക്തനായ അല്ലാഹുവിന്റെ പ്രകാശത്താൽ അത് മൂടപ്പെട്ടതായി അവിടുന്നു കാണുകയുണ്ടായി. (അൽ ഖസായിസൽ കുബ്റാ പേ. 174) അതേപോലെ അനസ് (റ) റിപ്പോർട്ട് ചെയ്ത ഒരു ഹദീസിൽ "വിവരണാതീതമായ നിലയിൽ പ്രസ്തുത ഇലന്ത മരം പ്രകാശത്താൽ പ്രോജ്വലമായിരുന്നു (മുസ്ലിം – 'കിത്താബുൽ ഈമാൻ') എന്ന് കാണാം.

മൂന്നാമത്തെ കാര്യം അന്നജ്മ് എന്ന അധ്യായത്തിൽ കാണുന്നത് ഇലന്തവൃക്ഷത്തിന്റെ സമീപത്ത് തിരുമേനിക്ക് (സ:അ) സ്വർഗ്ഗീയദർശനമുണ്ടായി എന്നുള്ളതാണ്. ഇതും മിഅ്റാജിനെ സംബന്ധിക്കുന്ന ഹദീസുകളിൽ കാണാം. അബുസഈദു അൽ ഖുദിരി (റ) നിവേദനം ചെയ്തതായി ഇബ്നുജരീർ ചില ഹദീസുഗ്രന്ഥങ്ങളിൽ ഇങ്ങിനെ രേഖപ്പെടുത്തിയതായി കാണുന്നു: "ആകാശത്തു വെച്ചു മറ്റു പ്രവാചകന്മാരെ കണ്ട ശേഷം തന്നെ സ്വർഗ്ഗത്തിലേക്ക് എടുക്കപ്പെട്ടതായി തിരുമേനി (സ:അ) അരുളി. സ്വർഗ്ഗാരോഹണത്തിന് ശേഷം ഞാൻ ഇലന്തവൃക്ഷത്തിന് സമീപത്തേക്ക് ആനയിക്കപ്പെട്ടു (ഇബ്നുജരീർ വാള്യം 15 പേ 11)

നാലാമത്തെ പ്രധാന കാര്യം സുറ:നജ്മിൽ അല്ലാഹു പറയുന്നത് ഈ വർണ്ണാഭമായ കാഴ്ചകൾക്കു ശേഷം തിരുമേനി (സ:അ) മറ്റൊരു ഉയർന്ന ആത്മീയ അനുഭൂതിയിലേക്ക് ആനയിക്കപ്പെട്ടു. അതിനെപറ്റി വിവരിക്കുന്നതു 'തിരുമേനി (സ:അ) രണ്ടു വില്ലുകളുടെ ഒരു വാർ പോലെ ആയിത്തീർന്നു.' അല്ല അതിലും അടുത്തു എന്നാണ്.

ഇതും മിഅ്റാജിന്റെ ഹദീസുകളിൽ പരാമർശിക്കപ്പെട്ടിട്ടുണ്ട്. അബു സഈദുൽഖുദ്രി റിപ്പോർട്ടു ചെയ്യുന്നു. "അല്ലാഹുവും പ്രവാചകനും രണ്ടു വില്ലന്റെ ഒരു ചരട് പോലെ അല്ല അതിലും സമീപസ്ഥമായിരുന്നു."

അഞ്ചാമതായി സൂറ:അന്നജ്മിൽ പറയപ്പെട്ടത് 'മിഅ്റാജ്' സംഭവത്തിൽ റസൂൽ തിരുമേനി (സ:അ) യ്ക്ക് ദൈവദർശനമുണ്ടായി എന്ന കാര്യമാണ്. ഇതും മിഅ്റാജി നെ സംബന്ധിക്കന്ന ഹദീസുഗ്രന്ഥങ്ങളിൽ നമുക്ക് കാണാൻ സാധിക്കുന്നു. അബൂബക്കർ (റ)ന്റെ മകൾ അസ്മ പറഞ്ഞതായി ഇബ്നു മെർദാവ റിപ്പോർട്ട് ചെയ്യുന്നു. (അൽഖസായിസുൽ ഖുബ്റാ വോ. 1. പേ. 777) മുസ്ലിമും ഈ ഹദീസ് നിവേദനം ചെയ്തിട്ടുണ്ട്. (മുസ്ലിം കിത്താബുൽ ഈമാൻ) 'റസൂൽ തിരുമേനി രണ്ടുതവണ ഹൃദയത്തിന്റെ കണ്ണു കൊണ്ട് ദൈ വത്തെ ദർശിച്ചു.'

രണ്ടാമത്തെ കാര്യം ഇലന്തവൃക്ഷത്തിന്റെ സമീപം വെച്ചു തിരുമേനി (സ)യോടു ദൈവം സംസാരിച്ചു എന്നുള്ളതാണ്. ഈ കാര്യവും അബുഹുറയ്റ(റ)യുടെ നിവേദനത്തിലുള്ള ഹദീസിൽ കാണുന്നു. (അൽഖസായിസൽ ഖുബ്റാ വോ. 1. പേ. 174) അതേപോലെ ഇബ് നു അബിഹാത്തിം അനസ്ബിനു മാലിക്കിന്റെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ഇങ്ങിനെ പറഞ്ഞു. റസൂൽ തിരുമേനി (സ:അ) ഇലന്തവൃക്ഷത്തിന്റെ സമീപമെത്തിയപ്പോൾ അല്ലാഹു അദ്ദേ

ഹത്തെ 'യാ മുഹമ്മദ്' എന്നു വിളിച്ചുകൊണ്ട് സംസാരിക്കുകയുണ്ടായി. ഈ എല്ലാ കാര്യങ്ങളും പരിഗണിച്ചാൽ സൂറ: അന്നജ്മിൽ പ്രസ്താവിക്കപ്പെട്ട മേൽസൂക്തങ്ങൾ മിഅ്റാജിനെ പറ്റിയാണെന്ന് തറപ്പിച്ചു പറയാൻ സാധിക്കും. അങ്ങിനെ ഈ വിവരണങ്ങളെല്ലാം "അന്നജ്മ്" സൂറയിൽ വിവരിക്കപ്പെട്ടു എന്ന വസ്തുത നാം പരിഗണിക്കുകയാണെങ്കിൽ ഈ അദ്ധ്യായം ഇറങ്ങിയത് ഏതു കൊല്ലത്തിലാണ് എന്നു പരിശോധിക്കുന്നതും നന്നായിരിക്കും. പണ്ഡിതന്മാരുടെ അഭിപ്രായം നബി തിരുമേനി (സ:അ)യുടെ പ്രവാചകനിയോഗ ശേഷം അഞ്ചാമത്തെ വർഷത്തിലാണ് ഈ സൂറ: അവതരിക്കുന്നത് എന്നാണ്. അല്ലെങ്കിൽ അതിലും കുറച്ചു മുമ്പ്. താഴെ പറയുന്ന ചരിത്രസംഭവങ്ങൾ അതു തെളിയിക്കുന്നു. ആദ്യകാലത്തെ ഒരു സംഘം മുസ്ലിംകൾ മക്കയിൽ നിൽക്കാൻ സാധിക്കാനെ എതിർപ്പുകളും മർദ്ദനങ്ങളും നിമിത്തം അബിസീനിയായിലേക്ക് അഭയം (ഹിജ്റത്ത്) പ്രാപിച്ചിരുന്നു. അവർ മക്ക വിട്ടത് അഞ്ചാം ആണ്ടിൽ ഏഴാമത്തെ മാസത്തിലാണ് (വില്യം മുയിർ Life of Muhammed 1923, പേ. 69). ഈ ചെറുസംഘം വിശ്വാസികൾ മൂന്നുമാസത്തിന്ശേഷം അബിസീനിയായിൽ നിന്നും മക്കയിലേക്ക് മടങ്ങി വന്നു. അവർ തിരിച്ചുവരാൻ ഇടയാക്കിയ സംഭവം സൂറ:അന്നജ്മിന്റെ അവസാനത്തിൽ വിവരിക്കുന്നത്: "അതിനാൽ അല്ലാഹുവിന് നിങ്ങൾ സാഷ്ടാംഗം പ്രണമിക്കുകയും (അവനെ) ആരാധിക്കുകയും ചെയ്യുക". എന്ന വചനം അവതരിച്ചപ്പോൾ പ്രവാചകൻ (സ:) ഉം അനുചരന്മാരും അല്ലാഹുവിന് സാഷ്ടാംഗപ്രണാമം ചെയ്തു. ഇതു കണ്ടുകൊണ്ടു നിൽക്കുകയും പ്രസ്തുത ആയത്തുകളിൽ വിവരിക്കപ്പെട്ട ബൃഹത്തായ ആശയങ്ങളിൽ ആകൃഷ്ടരാവുകയും ചെയ്ത അവിശ്വാസികളായ കുറേ ആളുകൾ റസൂൽ തിരുമേനി (സ:അ)യോടൊപ്പം അവരും സാഷ്ടാംഗപ്രണാമം ചെയ്തു. ഈ ചര്യകൾ ദർശിച്ച പ്രസ്തുത ഖുറൈശികളൊക്കെ ഇസ്ലാം മതം ആശ്ലേഷിച്ചതായി ഒരു വലിയ കിംവദന്തി അവിടങ്ങളിൽ പ്രചരിക്കുകയും അതു അബ്സീനിയായിൽ എത്തുകയും ചെയ്തു. ഈ വിവരം കേട്ടപ്പോൾ അവിടെ ഉണ്ടായിരുന്ന ചെറുസംഘം മക്കായിലേക്ക് തിരിച്ചു. അവിടെ എത്തിയപ്പോഴാണ് നടന്ന സംഭവത്തിന്റെ നിജസ്ഥിതി അറിയുന്നത്. ഈ ചരിത്രപശ്ചാത്തലം കൂടി കണക്കിലെടുത്താൽ പ്രസ്തുത സൂറ: തിരുമേനിയുടെ ദൗത്യത്തിന്റെ അഞ്ചാം വർഷമാണെന്ന് മനസ്സിലാകുന്നു. അല്ലെങ്കിൽ അതിന് കുറച്ചു മുമ്പ്. കാരണം സൂറയുടെ അവസാനഭാഗത്താണ് പ്രസ്തുത സംഭവം വിവരിക്കുന്നത്. അപ്പോൾ അതിന്റെ മുമ്പുതന്നെ അല്പാല്പമായി ഈ സൂറത്തിന്റെ മറ്റുഭാഗങ്ങൾ അവതരിച്ചിരിക്കാം.

ഇനി നമുക്ക് ലേഖനത്തിന്റെ പ്രാരംഭത്തിൽ എഴുതിയ ബനീ ഇസ്രായീൽ സൂറയിലെ രണ്ടാമത്തെ വചനം പരിശോധിക്കാം. തിരുമേനിയുടെ (സ:അ) ഹറമിൽ നിന്ന് മസ്ജിദ് അഖ്സയിലേക്കുള്ള യാത്രയെപറ്റിയാണ് പ്രസ്തുത സൂറ: യിലെ പ്രതിപാദ്യം. റസൂൽ തിരുമേനിയുടെ ദൗത്യത്തിന്റെ പതിനൊന്നാമത്തെ ആണ്ടിലാണ് ഈ സംഭവമെന്ന് കാണാൻ സാധിക്കും. (ദുർഖാനി: വോ. 1. പേ. 306). വില്യം മുയിർ പ്രസ്തുത ആയത്ത് പന്ത്രണ്ടാമത്തെ ആണ്ടിലാണ് അവതരിച്ചതെന്നു എഴുതുന്നു. ഇതു സംബന്ധമായി വന്ന ചില ഹദീസുകൾ പരിശോധിച്ചാലും ഏതാണ്ടു യോജിച്ചുപോകുന്നതായി കാണാം. ഇബ്നു മെർദാവാ, ഇബ്നു സഅദ് തുടങ്ങിയവരുടെ അഭിപ്രായത്തിൽ റബിയുൽ അവ്വൽ പതിനേഴിന് ഹിജ്റത്തിന് ഒരു കൊല്ലം മുമ്പാണ് ഈ സൂറത്ത് അവതരിച്ചത് എന്നാണ്. (അൽഖസായിസുൽഖുബ്റാ വോ. 1. പേ. 162). ഇബ്നു ശിഹാബിനെ ഉദ്ധരിച്ചുകൊണ്ട് ബൈഹഖി റിപ്പോർട്ട് ചെയ്തതും ഹിജ്റത്തിന് മുമ്പത്തെ കൊല്ലത്തിലാണ് ഈ അദ്ധ്യായം ഇറങ്ങിയത് എന്നാണ്. (അൽഖസായിസുൽ ഖുബ്റാ വോ. 1. പേ. 162).

ഈ തെളിവുകളും ഹദീസിന്റെ തെളിവുകളും ചേർത്തു നോക്കുമ്പോൾ റസൂൽ തിരുമേനിയുടെ മിഅ്റാജും ഇസ്റാഉം ഒരേ സമയത്ത് സംഭവിച്ചതല്ല മറിച്ച് ആറോ ഏഴോ കൊല്ലത്തെ ഇടവേളക്ക് ശേഷം സംഭവിച്ചതായിട്ടാണ് മനസ്സിലാവുന്നത്. പൊതു മുസ്ലിംകളുടെ വിശ്വാസം ഇവ രണ്ടും ഒന്നിച്ചു സംഭവിച്ചു എന്നാണ്. ഈയടുത്ത് ജമാഅത്തെ ഇസ്ലാമിക്കാരുടെ പ്രബോധനത്തിൽ പ്രസിദ്ധ പണ്ഡിതൻ യൂസുഫ് ഖർളാവി റസൂൽ തിരുമേനി ഇസ്രാക്ക് ശേഷമാണ് മസ്ജിദ് അഖ്സയിൽ നിന്ന് മിഅ്റാജ് പ്രയാണം ആരംഭിച്ചതെന്ന് എഴുതികണ്ടു. മിക്കവാറും ഇതേ അഭിപ്രായമാണ് ഭൂരിഭാഗം മുസ്ലിംകളും വെച്ചുപുലർത്തുന്നത്. എന്നാൽ അഹ്മദിയ്യാ മുസ്ലിം ജമാഅത്തിന്റെ വിശ്വാസം ആദ്യം മിഅ്റാജ് സംഭവിച്ചു എന്നും പിന്നീട് "ഇസ്റാ" സംഭവിച്ചു എന്നുമാണ്. മേൽ തെളിവുകൾ അതിന് സാക്ഷിയുമാണ്. മറ്റൊരു തെളിവ് റസൂൽ തിരുമേനിയുടെ ദൗത്യത്തിന്റെ അഞ്ചാമത്തെ വർഷത്തിലാണ് അഞ്ച് നേര നമസ്കാരം നിർബ്ബന്ധമാക്കിയത്. ഇനി ഇസ്രാഉം മിഅ്റാജും സംഭവിക്കുന്നത് ഒരേ അവസരത്തിലാണെങ്കിൽ അഞ്ചുനേര നമസ്കാരം ആരംഭിച്ചത് ദൗത്യത്തിന് ശേഷം പതിനൊന്നാമത്തയോ പന്ത്രണ്ടാമത്തെയോ കൊല്ലമാണെന്ന് പറയേണ്ടി വരും. ഹദീസുകളുടെ വെളിച്ചത്തിൽ നമസ്കാരത്തെ പറ്റി പരിശോധിച്ചാൽ റസൂൽ തിരുമേനിയുടെ ദൗത്യപ്രഖ്യാപനത്തിന് അടുത്തായി മുസ്ലിംകൾ അഞ്ചു നേരം നമസ്കാരം ആചരിച്ചതായി കാണാൻ സാധിക്കും.

(തുടരും)

**ഉത്തമൻ**

നിങ്ങളിൽ ഏറ്റവും ഉത്തമൻ തന്റെ ഭാര്യയോട് ഉത്തമ രീതിയിൽ പെരുമാറുന്ന ആളത്രേ. ***(നബിവചനം)***

## കുറിപ്പുകൾ

മുസാഫിർ

# കൊടുങ്കാറ്റുകൾ അമേരിക്കക്ക് നേരെ

കത്രീനക്ക് ശേഷം റീത്ത. ലോകരാജ്യങ്ങളിൽ നിന്നും അമേരിക്കയെ അകറ്റി നിർത്തി സുരക്ഷയും സമൃദ്ധിയും സമ്മാനിച്ച അത്‌ലാന്റിക് മഹാസമുദ്രത്തിന്റെ ഗർഭഗൃഹത്തിൽ നിന്നുതന്നെ കൊടുങ്കാറ്റുകൾ രൂപം കൊണ്ട് അമേരിക്കക്കെതിരെ ആഞ്ഞടിക്കുകയാണ്. അമേരിക്കൻ താല്പര്യം സംരക്ഷിക്കാനും ലോകത്തെ മുഴുവൻ ജനാധിപത്യം പഠിപ്പിക്കാനും സൈനികഗർവ്വിന്റെ അഹങ്കാര പ്രമത്തതയോടെ ലോകത്തെ മുഴുവൻ വിറപ്പിക്കുന്ന സൂപ്പർ പവറിന്റെ നാട്, കൊടുങ്കാറ്റടിച്ചപ്പോൾ ദരിദ്രരാജ്യങ്ങൾ വരെ സംഭാവനകളയച്ചുകൊടുക്കേണ്ടിവന്ന ഒരു പിച്ച പാത്രമായി മാറുകയായിരുന്നു. അദൃശ്യമായ ഒരു ധാർമ്മികനിയമം പ്രകൃതിയിൽ ലീനമായി കിടക്കുന്നതിന്റെ ദൃഷ്ടാന്തമായി നമുക്കിതിനെ കാ ണാം.

ആഗസ്റ്റ് 29ന് അമേരിക്കയിലെ തെക്കൻ നഗരമായ ന്യൂ ഓർലിയൻസിൽ ആഞ്ഞടിച്ച കൊടുങ്കാറ്റ് ആയിരങ്ങളുടെ ജീവനാണ് അപഹരിച്ചത്. അമേരിക്ക തങ്ങളെപറ്റി സ്വയം കെട്ടിപൊക്കിയ പെരുമയും പൊങ്ങച്ചവും സൂപ്പർ പവർ ഇമേജും ചില്ലുകൊട്ടാരപോലെ കത്രീനക്ക് മുമ്പിൽ പൊട്ടിത്തകർന്നു. അധികാരസ്ഥരുടെ നിരുത്തരവാദിത്വം, ഭരണരംഗത്തെ മരവിപ്പ്, ന്യൂ ഓർലിയൻസിൽ നിവസിക്കുന്ന പാവപ്പെട്ടവരുടെ കടുത്ത ദാരിദ്ര്യം, വർണ്ണ വിവേചനം, പൊതു വാഹനങ്ങളുടെ അപര്യാപ്തത. ജനങ്ങളുടെ നിരക്ഷരത, ദുരിതവേളയിൽ കൊ ള്ളക്കാരും കൊലപാതകികളും, കാമവെറിയന്മാരുമായി മാറുന്ന ജനങ്ങളുടെ ധാർമ്മിക നിലവാരം അങ്ങിനെ അമേരിക്കയുടെ ആയിരം ദുർമുഖങ്ങളാണ് കത്രീന വെളിപ്പെടുത്തിയത്. ന്യൂ ഓർലിയൻസിലെ 84 ശതമാനം ജനങ്ങളും കറുത്തവരാണ്. അതിൽ 40% പേരും നിരക്ഷരർ! കത്രീന സ്വയം വരുത്തിയ ദുരിതങ്ങളെക്കാൾ എത്രയോ മടങ്ങാണ് അമേരിക്കയുടെ കെടുകാര്യസ്ഥതയും ജീർണിച്ച സാമൂഹ്യബോധവും വരുത്തിവച്ചത്. കൊടുങ്കാറ്റടിക്കുമെന്ന് ദിവസങ്ങൾ ക്ക് മുമ്പേ കാലാവസ്ഥാകേന്ദ്രങ്ങളിൽ നിന്നും മുന്നറിയിപ്പുണ്ടായിട്ടും സുഖവാസകേന്ദ്രങ്ങളിലെ സ്ഥിരം അന്തേവാസിയായ ശ്രീമാൻ ബുഷ് കാറ്റടിക്കുമ്പോൾ ക്രഫോർഡിലെ ടൂറിസ്റ്റ് റിസോർട്ടിൽ കുതിരസവാരി നടത്തുകയായിരുന്നു. വെനിസുലൻ പ്രസിഡണ്ട് ഹ്യൂഗോ ചാവേസ് പ്രസിഡണ്ട് ബുഷിന്റെ ഈ വിനോദഭ്രമത്തെ രൂക്ഷമായി പരിഹസിക്കുകയുണ്ടായി. ന്യൂ ഓർലിയൻസ് പട്ടണം സ്ഥിതിചെയ്യുന്ന ഗൾഫ് മെക്സിക്കൻ ഉൾക്കടലിന്നഭിമുഖമായി നിൽക്കുന്ന മറ്റൊരു രാജ്യമായ ക്യൂബയിൽ 2004 സെപ്തംബറിൽ ഇതേശക്തിയിൽ കൊടുങ്കാറ്റ് ഭീഷണിയുണ്ടായപ്പോൾ അവരുടെ പ്രസിഡണ്ട് ഫിഡൽ കാസ്ട്രോ കാറ്റടിക്കുന്നതിന് മുമ്പ് തന്നെ ടി.വി.യിലൂടെ നിരന്തരം ജനങ്ങളോട് ഉയർന്ന പ്രദേശങ്ങളിലേക്ക് താമസം മാറ്റാൻ ആഹ്വാനം ചെയ്യുകയുണ്ടായി. അവർക്ക് ഗവൺമെന്റുടമയിലുള്ള വാഹനസൗകര്യങ്ങൾ ഏർപ്പെടുത്തി ഭക്ഷണങ്ങൾ സൗജന്യമായി വിതരണം ചെയ്യാനുള്ള സജ്ജീകരണങ്ങളും ചെയ്തു. എന്നാൽ സെ പ്തംബർ 11ന് ട്രേഡ് സെന്റർ തകർക്കപ്പെട്ടപ്പോഴും, ഇറാഖ് യുദ്ധവേളയിലും സ്പെഷൽ ഇഫക്റ്റ് കിട്ടാൻ മേക്കപ്പിട്ട് ടി.വി.യിൽ നിരന്തരം പ്രത്യക്ഷപ്പെട്ട് ജനങ്ങളെ ഇളക്കിമറിച്ച ബുഷ് കത്രീന വിളയാടി നാല് ദിവസം കഴിഞ്ഞതിന് ശേഷമാണ് ടി.വി.യിൽ മുഖം കാണിച്ചത്.

അമേരിക്കൻ മാധ്യമങ്ങൾ ന്യൂ ഓർലിയൻസിലെ പ്രളയ കൊടുങ്കാറ്റിനെ മുംബൈയിലുണ്ടായ പ്രളയവുമായിട്ടാണ് താരതമ്യം ചെയ്തത്. പട്ടിണിക്കാരുടെ രാജ്യത്തെ, മുംബൈ പട്ടണത്തിൽ 12 മണിക്കൂറിനുള്ളിൽ പട്ടാളമിറങ്ങുകയും സ്ഥിതിനിയന്ത്രണാധീനമാക്കുകയും ജനങ്ങൾ ദുരിതബാധിതരെ പരമാവധി സഹായിക്കുകയുമുണ്ടായി. ലോകത്തിലെ ഏറ്റവും വലിയ ചേരിപ്രദേശങ്ങളുള്ള മുംബൈ മഹാനഗരത്തിലെ ജനസംഖ്യ 130 ലക്ഷമാണെങ്കിൽ ന്യൂ ഓർലിയൻസിൽ ജനസംഖ്യ വെറും അഞ്ചുലക്ഷമാണെന്നും ഓർക്കണം.

പ്രകൃതിദുരന്തങ്ങളെ കൈകാര്യം ചെയ്യാൻ അമേരിക്കൻ ഭരണകൂടം രൂപീകരിച്ച ക്രൈസിസ് മാനേജ്മെന്റ് വിഭാഗമാണ് FEMA. (Federal Emergency Management Agency). 2001 സെപ്തംബർ 11ന് ശേഷം, ഭീകരാക്രമണങ്ങൾ മൂലമുണ്ടാകുന്ന അടിയന്തിര സാഹചര്യങ്ങളെ നേരിടലും FEMA യുടെ കർത്തവ്യമായി. അതിൽ പിന്നെ FEMAയുടെ ഫണ്ടെല്ലാം ഭീകരവേട്ടക്കാണ് ഉപയോഗിച്ചത്. പ്രകൃതി ദുരന്തങ്ങളെപറ്റി യാതൊരു പിടിപാടുമില്ലാത്ത മെക്കേൽ ബ്രൗൺ എന്നയാളായിരുന്നു FEMAയുടെ തലവൻ. കത്രിന വന്ന് താണ്ഡവനൃത്തം ചവിട്ടുമ്പോൾ മിഴിച്ചുനിന്ന ബ്രൗണിനെ ബുഷ് പിന്നീട് പുറത്താക്കുകയുണ്ടായി.

മിസിസിപ്പി നദിയുടെ ഡൽറ്റ പ്രദേശത്ത് ഉയർന്നു വന്ന നഗരമാണ് ന്യൂ ഓർലിയൻസ്. സമുദ്രവിതാനത്തിൽ നിന്നും താഴ്ന്നുനിൽക്കുന്ന നഗരത്തെ പ്രകൃതി നിർമ്മിതമായ ഒരു ബണ്ടാണ് രക്ഷിച്ചു നിർത്തിയിരുന്നത്. 1927ൽ ഇത്തരത്തിലുള്ള ഒരു പ്രളയകൊടുങ്കാറ്റിൽ പട്ടണത്തിലേക്ക് വെള്ളം ഇരച്ചുകയറി വമ്പിച്ച ദുരന്തം വിതക്കുകയുണ്ടായി. അന്ന് അമേരി

ക്കൻ പട്ടാളത്തിലെ എഞ്ചിനിയറിംങ് വിഭാഗത്തിന്റെ നിർമ്മാണ വൈദഗ്ധ്യത്താൽ ഫ്ളഡ് ഗെയിറ്റുകളും, സ്പിൽ ഓവറുകളും ഉണ്ടാക്കി ബണ്ട് ശക്തിപ്പെടുത്തി നഗരത്തെ സുരക്ഷിതമാക്കുകയുണ്ടായി. സമാധാനകാലത്ത് ഏതൊരു രാജ്യത്തേയും ദുരിതബാധിതരുടെ രക്ഷക്കെത്തുക അവിടുത്തെ പട്ടാളമാണ്. എന്നാൽ അമേരിക്കൻ പട്ടാളത്തിലെ ഒന്നരലക്ഷത്തോളം സൈനികർ ഇറാഖിലെ ജനങ്ങളെ അടിച്ചൊതുക്കി ഡമോക്രസി പഠിപ്പിക്കാനും അമേരിക്കയിലെ ബഹുരാഷ്ട്ര കുത്തകകൾക്ക് എണ്ണ മോഷണത്തിന് സൗകര്യമൊരുക്കാനും പോയിരിക്കുകയാണ്. ന്യൂ ഓർലിയൻസ് പട്ടണത്തിൽ നിന്നു മാത്രം 6000 സുരക്ഷാ ഭടന്മാരാണ് ഇറാഖിലുള്ളത്. കത്രിന വന്നപ്പോൾ നാഷനൽ ഗാർഡ് സഹായത്തിനെത്താത്തത് അതുകൊണ്ടാണ്.

ന്യൂ ഓർലിയൻസിലെ ഫ്രഞ്ച് കോർട്ടറിൽ വർഷം തോറും 11 ദശലക്ഷം ടൂറിസ്റ്റുകളാണ് സന്ദർശിക്കാറ്. പാട്ടും കൂത്തും മദ്യവും, അനാശാസ്യങ്ങളുമായി രാവു പകലാക്കുമ്പോൾ അവിടുത്തെ സ്ഥലവാസികൾക്ക് അതൊരു ശല്യമാവാറുണ്ട്. ഇതിനെതിരെ അധികൃതരോട് അവർ നിരന്തരം പരാതി ഉന്നയിച്ചിരുന്നു. 5 ദശലക്ഷം ഡോളർ ടൂറിസത്തിൽ നിന്നും മാത്രം വരുമാനമുള്ളപ്പോൾ നഗരത്തിന്റെ ഇത്തരം ആകർഷണീയത കുറക്കേണ്ടതില്ല എന്നായിരുന്നു അധികൃതരുടെ നിലപാട്.

മുതലാളിത്വത്തെ കയറൂരിവിട്ട അമേരിക്ക ക്ഷേമരാഷ്ട്രസങ്കല്പം തീർത്തും അവഗണിച്ചിരിക്കുകയാണ്. സർവ്വീസ് മേഖലകളെല്ലാം ലാഭക്കൊതിയന്മാരായ കോർപറേറ്റ് മുതലാളിമാരാണ് കൈകാര്യം ചെയ്യുന്നത്. ജനസേവനത്തിന്നായി പൊതുഉടമയിൽ യാതൊന്നും തന്നെ അവിടെ ശേഷിക്കുന്നില്ല. ന്യൂ ഓർലിയൻ സിലെ ബഹുഭൂരിപക്ഷം പാവപ്പെട്ടവരെ മാറ്റി പാർപ്പിക്കാൻ പൊതുഉടമയിലുള്ള ഒരു വാഹനമോ ഗവൺ മെന്റിന്റെ ജനസേവന ഏജൻസികളോ അവിടെ ഉണ്ടായിരുന്നില്ല. കത്രീന അടിച്ചുവീശുന്നത് വരെ ജനങ്ങളെ മാറ്റിമാർപ്പിക്കാൻ ഒരു പൊതു വാഹനവും അവിടെ വന്നില്ല. മരണസംഖ്യ കൂടാൻ ഇതാണ് മുഖ്യകാരണം. കത്രീനാ ഹുറിക്കയിനിൻ 10,000 മനുഷ്യജീവനാണ് അമേരിക്കക്ക് നഷ്ടപ്പെട്ടതെന്ന് കണക്കാക്കപ്പെടുന്നു. എണ്ണി തിട്ടപ്പെടുത്താനാവാത്ത വിധം സാമ്പത്തികനഷ്ടവും ഒരു കണക്ക് പ്രകാരം ന്യൂ ഓർലിയൻസ് പട്ടണം പുനർനിർമ്മിക്കാൻ മാത്രം 100 ആയിരം കോടി ഡോളർ ചെലവ് വരുമെന്ന് പറയപ്പെടുന്നു. പിന്നീട് അടിച്ചുവീശിയ റീത്തയെ പേടിച്ച് ടെക്സാസ്, ലൂസിയാന സംസ്ഥാനങ്ങളിലെ തീരപ്രദേശത്തെ താമസിക്കുന്ന ലക്ഷക്കണക്കിന് ജനങ്ങൾ ഉൾപ്രദേശങ്ങളിലേക്ക് മാറിപാർക്കുകയുണ്ടായി. അതിന്റെ നഷ്ടങ്ങൾ ഇതിന് പുറമെയാണ്. എണ്ണപാടങ്ങളിൽ നോട്ടമിട്ട് ഇറാഖ് കീഴടക്കാൻ ഒന്നരലക്ഷം പട്ടാളക്കാരെ അയച്ച് യുദ്ധം ചെയ്തതിന്റെ ചിലവ് തന്നെ അമേരിക്കയെ ഒരു പ്രതിസന്ധിയിലെത്തിച്ചിരിക്കുന്ന ഈ ഘട്ടത്തിൽ കത്രീനയും റീത്തയും വരുത്തിവെച്ച നഷ്ടം അമേരിക്കൻ സമ്പദ്ഘടനയെ ഗുരുതരമായ പ്രതിസന്ധിയിൽ പെടുത്തിയിരിക്കുകയാണ്. ഇതുപോലെ ഇനിയും കാറ്റുകളടിച്ചാൽ അമേരിക്ക കുത്തുപാളയെടുക്കുമെന്ന് വിദഗ്ധർ പറയുന്നു.

അമേരിക്ക ഇപ്പോൾ ഭീകരമായ മറ്റൊരു നീക്കം നടത്തിയിരിക്കുകയാണ്. ഇറാഖിനെ ആക്രമിച്ച് കീഴടക്കി ആ നാടിനെ ഒരു ശവപ്പറമ്പാക്കി മാറ്റിയത് സദ്ദാമിന്റെ കൈയ്യിൽ മാരകായുധങ്ങൾ ഉണ്ട് എന്ന വ്യാജം കെട്ടിചമച്ചുകൊണ്ടാണല്ലോ. ഇറാനേയും, സിറിയയേയും, കൊറിയയേയും ഭീഷണിപ്പെടുത്തുന്നതും ഇതേ കാരണം പറഞ്ഞാണ്. വാസ്തവത്തിൽ ലോകത്തിലെ ഏറ്റവും ഭീകരമാരകായുധമായ ആറ്റം ബോംബ് പ്രയോഗിച്ച് ലക്ഷക്കണക്കിന് ജനങ്ങളെകൊന്ന ഒരേയൊരു രാജ്യം അമേരിക്കയാണ്. 1945ലെ ആ ഭീകരസംഭവത്തിനുശേഷം ആറ്റം ബോംബ് പ്രയോഗിക്കാനുള്ള തീരുമാനം സൈന്യത്തിൽ മാത്രം നിക്ഷിപ്തമായ ഒന്നായിരിക്കാൻ പാടില്ലാത്ത വിധം അമേരിക്ക നിയമം മാറ്റി എഴുതുകയുണ്ടായി. എന്നാൽ ഇപ്പോൾ അമേരിക്ക അണുബോംബ് പ്രയോഗിക്കാൻ പെന്റഗണിനെ തന്നെ ചുമതലപ്പെടുത്തിക്കൊണ്ട് നിയമം തിരുത്താൻ ഒരുങ്ങുകയാണ്. അമേരിക്കൻ സുരക്ഷാ വിഭാഗത്തിന്ന് മറ്റെതെങ്കിലും രാജ്യ ത്തെക്കുറിച്ച് അക്രമിയാണെന്നോ, ആയുധങ്ങളുണ്ടെന്നോ തോന്നിയാൽ സൈന്യത്തിനു തന്നെ അണുബോംബ് പ്രയോഗിക്കാനുള്ള അനുമതിക്കാണ് അമേരിക്കൻ ഭരണക്കൂടം തയ്യാറെടുക്കുന്നത്. പച്ചക്കള്ളം കെട്ടിച്ചമച്ച് ഇറാഖിനേയും അഫ്ഗാനിസ്ഥാനേയും ആക്രമിച്ചത് അമേരിക്കയുടെ വെറും തോന്നലുകളാണ് നാം ഓർക്കണം. ഇനി തോന്നലുകൾ ആറ്റംബോംബിന്റെ ഭീകരതയായി മാറാൻ എളുപ്പം സാധിക്കും. ലോകസമാധാനം എത്തിനിൽക്കുന്ന അരക്ഷിതാവസ്ഥ എത്ര ഭീകരം !!

## അമേരിക്കയും ആദ് സമൂഹവും

പ്രകൃതിയുടെ സ്രഷ്ടാവും നിയാമകനും നിയന്താവും ദൈവമാണ്. ധാർമ്മിക നിയമങ്ങളെ മനുഷ്യൻ അതിരുകവിഞ്ഞ നിലയിൽ അതിലംഘിക്കുമ്പോൾ ദൈവത്തിന്റെ അദൃശ്യഹസ്തങ്ങളിലൂടെ പ്രകൃതിശക്തികൾ ശിക്ഷയുടെ രൂപത്തിൽ ഉത്തേജിതമാവുന്നു. പണ്ടുകാലം മുതലേയുള്ള ഈ സനാതന നിയമം നാം മനസ്സിലാക്കേണ്ടതുണ്ട്. ലോകത്തെ വെല്ലാൻ അഹന്തയുടെ വെൺകൊറ്റകുടയുമായി അല്പനേരം വിലസിയ എത്രയെത്ര ക്ഷിത്യാധീശന്മാരും അവരുടെ സമൂഹങ്ങളുമാണ് പ്രകൃതിശക്തികളുടെ അശനിപാതമേറ്റ് മണ്ണോടുചേർന്നു നിതാന്ത വിസ്മൃതിലേക്ക് തള്ളപ്പെട്ടത്! ഖനനങ്ങളിൽ കണ്ടെടുക്കപ്പെടുന്ന അവരുടെ അരമനകളും, പ്രാകാരങ്ങളും, കോട്ടകൊത്തളങ്ങളും, അതു സംബന്ധിച്ച വിവരണങ്ങളും അക്കാദമീയ ചരിത്രം എന്നതിനേ ക്കാൾ ധാർമ്മിക പരിപ്രേക്ഷ്യത്തിൽ മനുഷ്യൻ വായിക്കപ്പെടുന്നില്ല എന്നു മാത്രം. ഖുർആൻ പറയുന്നു: 'അവരുടെ ചരിത്രവിവരണത്തിൽ ബുദ്ധിമാന്മാർക്ക് വലിയ പാഠമുണ്ട്' (12:112).

അപ്പോൾ ഓരോരുത്തരേയും അവരവരുടെ കുറ്റം നിമിത്തം നാം പിടിച്ചു ശിക്ഷിച്ചു. അവരിൽ ചില രുടെ മേൽ നാം ചരൽക്കാറ്റ് അയച്ചു. അവരിൽ ചിലരെ ഘോരശബ്ദം പിടികൂടി. അവരിൽ ചിലരെ നാം ഭൂമി യിൽ ആഴ്ത്തിക്കളഞ്ഞു. അവരിൽ ചിലരെ നാം മുക്കിക്കൊന്നു. അല്ലാ ഹു അവരോടു ദ്രോഹം ചെയ്യുന്നവ നായിരുന്നില്ല. നേരെമറിച്ച് അവർ തങ്ങളുടെ സ്വന്തം ആത്മാക്കളോടു സ്വയം ദ്രോഹം ചെയ്യുന്നവരായിരു ന്നു. (29:41)

പ്രാചീന അറേബ്യയുടെ തെക്ക് ഭാഗത്ത് ഇന്നത്തെ യെമനും, ഒമാനു മായി അതിർത്തി പങ്കിട്ട് നിലകൊ ള്ളുന്ന 'റുബുഉൽ ഖാലി' എന്ന സഊദി അറേബ്യയിലെ മരുഭൂമിയിൽ ഭീകരസ്മൃതികളുയർത്തുന്ന 'അഹ് ഖാഫ്' എന്ന അറിയപ്പെടുന്ന മണൽ ക്കൂനകൾക്കടിയിലേക്ക് തള്ളപ്പെട്ട ഒരു നാഗരികതയുടെ ചരിത്രത്തി ലേക്ക് ഖുർആൻ നമ്മുടെ ശ്രദ്ധ ക്ഷണിക്കുന്നു. അറേബ്യ കേന്ദ്രമാക്കി മെസപ്പൊട്ടോമിയ, ഫലസ്തീൻ, സിറി യ, കാൽദിയ എന്നീ പ്രദേശങ്ങളിൽ വ്യാപിച്ച അത്യുജ്ജ്വലമായ ഒരു സാമ്രാ ജ്യശക്തിയായിരുന്നു ആദ് സമുദായം ഖുർആൻ അവരെ വിശേഷിപ്പിക്കുന്ന വചനങ്ങൾ ശ്രദ്ധേയമാണ്.

'എന്നാൽ ആദ് സമുദായമാ കട്ടെ അവർ ഭൂമിയിൽ അന്യായമായി അഹങ്കരിച്ചു. അവർ പറഞ്ഞു: ശക്തി യിൽ ഞങ്ങളേക്കാൾ മികച്ചവർ ആരുണ്ട് അവരെ സൃഷ്ടിച്ച അല്ലാ ഹു ശക്തിയിൽ അവരെക്കാൾ മിക ച്ചവനാണെന്ന് അവർ കാണുന്നില്ലേ (41:16) അവർക്ക് (ആദ്) തുല്യമായി ആരും തന്നെ ആ നാടുകളിൽ സൃ ഷ്ടിക്കപ്പെട്ടിരുന്നില്ല (89:9). അപാര മായ ഭൗതികസമൃദ്ധി അവർക്ക് നൽകപ്പെട്ടു (7:70). നിങ്ങൾ ശാശ്വത നിവാസത്തിന്റെ കൂറ്റൻ കൊട്ടാരങ്ങൾ നിർമ്മിക്കുന്നു' (26:130) 'നിങ്ങൾ (ആ ദ്) വല്ലവരേയും പിടികൂടുമ്പോൾ നിഷ്ഠൂരമായി പിടികൂടുന്നു' (76:131). എല്ലാ ഓരോ സ്വേച്ഛാപ്രമത്തന്റേയും കല്പന അവർ പിന്തുടരുകയും ചെയ്തു (11:60).

അങ്ങിനെ അഹങ്കാരത്തിലും അതിക്രമത്തിലും അതിരുകടന്ന ആദ് സമൂഹത്തിനു മേൽ ദൈവം ശിക്ഷയിറക്കി. ഖുർആൻ പറയുന്നു: 'ആദ് ആവട്ടെ ഇരമ്പിയടിക്കുന്ന ഒരു കൊടുങ്കാറ്റു മുഖേനയും നശിപ്പിക്ക പ്പെട്ടു. അവരെ ഉന്മൂലനം ചെയ്യാനായി ആ കാറ്റിനെ അവൻ ഏഴു രാവും ഏഴുപകലും അവരുടെ മേൽ പ്രാവർത്തികമാക്കി. അപ്പോൾ ആ ജനം ദ്രവിച്ച ഈന്തപ്പനയുടെ തായ് ത്തടികൾ പോലെ നിലംപതിച്ചത് നിനക്ക് കാണാം (69:7–8) ആദിനെ നശിപ്പിച്ച കൊടുങ്കാറ്റിനെ 'റീഹൻ സ്വർസ്വറൻ' 'അർറീഹുൽ അഖീം' എന്നീ പദങ്ങൾ ഉപയോഗിച്ചാണ് ഖുർആൻ വിശേഷിപ്പിച്ചത്. കാറ്റിന്റെ സ്വഭാവത്തെ സംബന്ധിച്ച് സൂക്ഷ്മ മായി മനസ്സിലാക്കാൻ ഖുർആന്റെ സൂചനകളിൽ നിന്നും ഭൂമിശാസ്ത്ര പരവും കാലാവസ്ഥാപരവുമായ ഗവേഷണങ്ങൾ നടത്താവുന്നതാണ്. ഏതായാലും ഏഴുദിവസം പ്രചണ്ഡ മായി വീശിയടിച്ച കാറ്റിൽ ആ നാഗ രികത നിലംപരിശായി. ആനുഷംഗി കമായി ഒരു കാര്യം കൂടി പറയട്ടെ. ഖുർആൻ വിവരിച്ച ആദ് സമൂഹ ത്തിന്റെ അസ്തിത്വത്തെ ഓറിയന്റലി സ്റ്റുകളും ബൈബിൾ പണ്ഡിതന്മാരും അംഗീകരിക്കുന്നില്ല. ആദ് സമൂഹ ത്തെ പറ്റി ബൈബളിൽ പരാമർശങ്ങ ളില്ലാത്തതാണ് അതിന് കാരണം. അറേബ്യൻ നാടോടിക്കഥകളിൽ നിന്നും ഖുർആനിലേക്ക് പകർത്തിയ താണ് ആദിന്റെ ചരിത്രം എന്നതാണ് അവരുടെ ആക്ഷേപം – 'അഹ്ഖാഫ്' എന്ന് ഖുർആൻ വിശേഷിപ്പിച്ച തെ ക്കൻ അറേബ്യയിലെ മണൽകൂനക ളിൽ വിസ്മൃതമാംവിധം മൂടപ്പെട്ടു പോയ ഉജ്ജ്വലനാഗരികത കാഴ്ച വെച്ച ശക്തിശാലികളായ ആദ് സമൂ ഹത്തിന്റെ അസ്തിത്വത്തെ സാധൂക രിക്കുന്ന മറ്റു നിരവധി സാക്ഷ്യങ്ങളു ണ്ട്. 'റുബുഉൽ വാലി' എന്ന അറേ ബ്യയിലെ മണൽക്കൂനകൾക്കിടയിൽ (അഹ്ഖാഫ്) ഖനനം നടത്തിയാൽ ആദ് സമൂഹത്തെ സംബന്ധിച്ച് പുരാ വസ്തു ശാസ്ത്രപരമായ അനിഷേധ്യ ങ്ങളായ തെളിവുകൾ ലഭ്യമാകും. ആദ് ഒരു നാടോടിക്കഥയാണെന്ന ക്രിസ്ത്യാനികളുടെ ആക്ഷേപത്തിന് അറബികളുടെ ചരിത്രബോധമാണ് മറുപടി പറയേണ്ടത്.

ചുരുക്കത്തിൽ ആദ് സമൂഹ ത്തിന്റെ പല തിന്മകളോടും സാമ്യ മുള്ള പാപങ്ങൾ ഗ്രസിച്ച അമേരി ക്കക്ക് നേരെ കൊടുങ്കാറ്റുകൾ അയ ക്കപ്പെടുമ്പോൾ ദൈവശിക്ഷ അമേരി ക്കയെ പിടികൂടിയോ എന്ന് സന്ദേഹി ച്ചുപോകുകയാണ്. ജനസമൂഹങ്ങ ളുടെ പ്രവർത്തനങ്ങളെ നോക്കി പാർത്തുകൊണ്ടിരിക്കുന്ന സജീവ നായ ദൈവത്തിലേക്കും വിശുദ്ധ ഖുർആനിലെ ദിവ്യവചനങ്ങളിലട ങ്ങിയ ആവർത്തന സ്വഭാവമുള്ള ചരി ത്രപ്രതിഭാസങ്ങളിലേക്കുമാണ് നമ്മുടെ ശ്രദ്ധ ഈ അവസരത്തിൽ തിരിയുന്നത്. ഈ കാലഘട്ടത്തിൽ അയക്കപ്പെട്ട വാഗ്ദത്ത മസീഹ് ഹദ്റത്ത് അഹ്മദ് (അ) ലോകത്തെ ഗ്രസിച്ച ധർമ്മച്യുതിയെ നോക്കി ലോകരാഷ്ട്രങ്ങൾക്ക് നൽകിയ താ ക്കീത് ഇവിടെ നമുക്ക് വീണ്ടും സ്മരി ക്കാം.

''മനുഷ്യനുണ്ടായ നാൾ തുടങ്ങി നാളിതുവരെ സംഭവിച്ചിട്ടില്ലാ ത്തവിധം അത്യന്തം ഭയങ്കരമായ നാശം ഭൂമുഖത്തുണ്ടാകാൻ പോകു ന്നു. അധികമായ സ്ഥലങ്ങളും അവി ടങ്ങളിൽ ഒരിക്കലും ജനവാസം ഉണ്ടാ യിട്ടില്ലെന്ന് തോന്നുമാറുള്ള തരത്തിൽ അടിമേൽ മറിഞ്ഞു പോകും. ഇതോ ടുകൂടി ഭൂമിയിലും ആകാശത്തിലും ഭയങ്കരരൂപത്തിലുള്ള മറ്റു പലനാശ ങ്ങളും സംഭവിക്കും. ഇങ്ങേയറ്റം ബുദ്ധിയുള്ളവരുടെ ദൃഷ്ടിയിൽ ഈ സംഗതികൾ എത്രയും അസാധാരണ മായവയായിത്തീരും. അവയെ സംബ ന്ധിച്ച് യാതൊന്നും പ്രകൃതിശാസ്ത്ര ത്തിന്റെയോ തത്വജ്ഞാനത്തി ന്റെയോ ഗ്രന്ഥങ്ങളിലെ ഏടുകൾ പരി ശോധിച്ചാൽ കാണപ്പെടുകയില്ല*......

അല്ലയോ, യൂറോപ്പേ നീ രക്ഷ യിലല്ല! അല്ലയോ ഏഷ്യാ, നീയും രക്ഷയിലല്ല!! ഓ ദ്വീപുകളിൽ വസിക്കു ന്നവരേ, നിങ്ങളാൽ നിർമ്മിതമായ ഒരു ദൈവം ആ നാളിൽ നിങ്ങളെ സഹായിക്കുകയില്ല!!!!

(ഹഖീഖത്തുൽ വഹ്‌യ് പു. 256–257)


## കുറിപ്പുകൾ

**മുസാഫിർ**

# പാകിസ്താൻ ഇസ്രയേലുമായടുക്കുന്നു

**മു**സ്ലിം ലോകത്തെ ഏറ്റവും ശക്തിശാലിയായ പാകിസ്താൻ ഇസ്റായേലുമായി ബന്ധം സ്ഥാപിക്കുന്നു. ഇതിന്റെ ഭാഗമായി പാകിസ്താൻ വിദേശകാര്യമന്ത്രി ഖുർശിദ് അഹ്മദ് കസൂരി ഇസ്റായേൽ വിദേശകാര്യമന്ത്രി സിൽവാൻ ശാലോമുമായി ഇസ്താബൂളിൽ വെച്ച് കഴിഞ്ഞ സപ്തം. 1ന് ഒരു കൂടിക്കാഴ്ച നടത്തുകയുണ്ടായി. പാക്കിസ്താന്റെ ഈ നീക്കത്തിന് സഊദി അറേബ്യയിലെ അബ്ദുല്ലാ രാജാവിന്റേയും ഫലസ്തീൻ അതോറിറ്റിയുടേയും സമ്മതവും പിന്തുണയുമുണ്ട്. മുസ്ലിം സംഘടനകളുടെ എതിർപ്പ് ഭയന്ന് പാകിസ്താൻ ഈ പുതുബന്ധത്തിന് അത്രയൊന്നും പ്രചാരണം കൊടുക്കാനാഗ്രഹിക്കുന്നില്ല. ഈജിപ്ത്, തുർക്കി എന്നീ രാജ്യങ്ങൾക്ക് പുറമെ ജോർദാൻ മൗറിത്താനിയ എന്നീ മുസ്ലിം രാജ്യങ്ങളുമായും ഇസ്രയേലിനു നയതന്ത്രബന്ധമുണ്ട്. അതിൽ മൗറിത്താനിയ ഈയ്യിടെ ഒരു പട്ടാള അട്ടിമറിക്ക് സാക്ഷ്യം വഹിക്കുകയുണ്ടായി. അതിലൊരു മുഖ്യകാരണം ഭരണകൂട ത്തിന്റെ ഇസ്രായേൽ ബാന്ധവമായിരുന്നു.

ഐക്യരാഷ്ട്രസഭയിൽ പാകിസ്താൻ പ്രതിനിധിയായിരുന്ന സർ സഫറുല്ലാഹ്ഖാൻ ഇസ്രായേലിന്റെ രൂപീകരണത്തിനെതിരെ ലോക മുസ്ലിം രാജ്യങ്ങളുടെ നേതൃത്വമേറ്റെടുത്ത് നടത്തിയ ഐതിഹാസികമായ ഡിബേറ്റുകളുടേയും, സംവാദങ്ങളുടേയും അന്തഃസത്തയിൽ നിന്നുള്ള വ്യക്തമായ വ്യതിചലനമാണ് പാകിസ്താന്റെ ഇപ്പോഴത്തെ നീക്കങ്ങൾ. ഏതായാലും എണ്ണസമ്പന്നമായ ഇറാനെ ആക്രമിക്കാൻ അമേരിക്ക ഗ്രൗണ്ട് വർക്കുകൾ ആരംഭിച്ചിരിക്കുന്ന ഈ വേളയിൽ പാകിസ്താന്റെ ഇസ്രായേൽ ബന്ധം ആശങ്കകളുയർത്തുന്നു. പാകിസ്താൻ പ്രസിഡണ്ട് പർവേസ് മുശ് റഫ് ഇസ്റായേൽ പ്രധാനമന്ത്രിമാരിൽ ഏറ്റവും കഠിനചിത്തനായ എരിയൽ ഷാറോണെ വാഴ്ത്തി പറഞ്ഞത് നിരീക്ഷകരിൽ അത്ഭുതമുണർത്തിയിരിക്കുകയാണ്. മുശ്റഫ് ഷാറോണെപറ്റി പറഞ്ഞത് 'മഹാനായ പോരാളിയും ധീരനായ നേതാവു' മാണെന്നാണ്. (Great Soldier and Courageous leader) സാധാരണഗതിയിൽ ജോർജ് ബുഷ് പറയേണ്ട സ്തുതിയാണ് പ്രസിഡണ്ട് മുശ്റഫ്, ഷാരോണ് നൽകിയത്! പാകിസ്താന്റെ ഈ നീക്കത്തിനോട് 57 മുസ്ലിം രാജ്യങ്ങൾ അംഗമായുള്ള ഒ.ഐ.സി. (ഓർഗനൈസേഷൻ ഓഫ് ഇസ് ലാമിക് കൺട്രീസ്) സെക്രട്ടറി സ്ഥാനം അലങ്കരിക്കുന്ന മലേഷ്യയുടെ വിദേശകാര്യമന്ത്രി സയ്യിദ് അഹ്മദ് അൽ ബാർ പ്രതികരിച്ചത് ശ്രദ്ധേയമാണ്. 'ഇസ്രയേലിനെ കെട്ടിപുണരാൻ മുസ്ലിം രാജ്യങ്ങൾ ധൃതി കാണിക്കരുത്' എന്നാണ് അദ്ദേഹം പറഞ്ഞത്.



*പാകിസ്താൻ വിദേശകാര്യമന്ത്രി ഖുർഷിദ് അഹമ്മദ് ഖസൂരിയും ഇസ്രയേൽ വിദേശകാര്യമന്ത്രി സിൽവാൻ ശാലോമും ഇസ്താംബൂളിൽ വെച്ച് നടത്തിയ കൂടിക്കാഴ്ചാവേളയിൽ*

ഇറാനെ ഒറ്റപ്പെടുത്തി ആക്രമിക്കാനുള്ള പ്രവർത്തനത്തിന്റെ കരുക്കൾ അമേരിക്കയും ഇസ്രായേലും നീക്കിതുടങ്ങിയിരിക്കുകയാണല്ലോ. ശത്രുക്കളുടെ ആണവ - ജൈവ - രാസായുധകേന്ദ്രങ്ങളിൽ സിവിലിയൻ അധികാരികളുടെ അനുമതിയില്ലാതെ ഇനി മുതൽ അമേരിക്കൻ സൈന്യത്തിന് ആറ്റംബോംബ് വർഷിക്കാം എന്ന നിയമം അമേരിക്കൻ ഭരണകൂടം പാസാക്കാൻ പോവുകയാണ്. ഈ വസ്തുത കൂടി ഇതിനോടു ചേർത്ത് വായിക്കണം. പാകിസ്താനുമായി നയതന്ത്രബന്ധം സ്ഥാപിക്കുന്ന ഇസ്രയേലും അമേരിക്കയും ചേർന്ന് ഇന്ത്യയെ ഇറാനിൽ നിന്നും അകറ്റിയിരിക്കുകയാണ്. ഇന്ത്യയുടെ ഊർജ്ജാവശ്യങ്ങൾക്ക് ഗണ്യമായി സഹായകരമായ ഇറാനിൽ നിന്നുള്ള പ്രകൃതിവാതക ഇന്ധ

*(ശേഷം 40-ാം പേജിൽ)*

## കുറിപ്പുകൾ

**മുസാഫിർ**

# മൗലാനാ മൗദൂദിയുടെ ഫാഷിസ്റ്റ് സിദ്ധാന്തങ്ങൾ: സോളിഡാരിറ്റിക്കാർ പ്രതികരിക്കുമോ?

ജമാഅത്തെ ഇസ്‌ലാമിയുടെ പ്രബോധനം വാരികയിൽ പി. പി. അബ്ദുറഹിമാൻ പെരിങ്ങാടി എന്നയാൾ 'മൗലാനാ മൗദൂദിയുടെ വധശിക്ഷയും ഖാദിയാനീ പ്രശ്നവും' എന്ന പേരിൽ ഒരു കത്ത് പ്രസിദ്ധീകരിച്ചിരിക്കുന്നു. അതിൽ 'ഖാദിയാനികളെ അമുസ്‌ലിം ന്യൂനപക്ഷമായി പ്രഖ്യാപിക്കാൻ പാക് ഭരണകൂടം നിർബന്ധിതമായതിൽ മൗദൂദിയുടെ പ്രസംഗങ്ങളും കൃതികളും ജമാഅത്തെ ഇസ്‌ലാമി നടത്തിയ ബഹുമുഖ ശ്രമങ്ങളും വളരെ വലിയ പങ്കു വഹിച്ചിട്ടുണ്ട്' (പ്രബോധനം 2005 സെപ്റ്റംബർ17) എന്ന് കാണുന്നു.

വി. ഖുർആൻ, റസൂൽ തിരുമേനി (സ)യുടെ ചര്യ, ഹദീസ് എന്നീ എല്ലാ ഇസ്‌ലാമിക പ്രമാണങ്ങളിലും അടിയുറച്ച് വിശ്വസിക്കുന്ന അഹ്മദികൾക്കെതിരെ അബുൽ അഅ്‌ലാ മൗദൂദിയുടെ നേതൃത്വത്തിൽ നടത്തിയ ഭീകര കലാപത്തിന്റെ പേരിൽ അദ്ദേഹത്തെ പാകിസ്താൻ ഭരണകൂടം വധശിക്ഷക്ക് വിധിച്ചിരുന്നു. പിന്നീട് അത് തടവാക്കി മാറ്റുകയായിരുന്നു.

അബുൽ അഅ്‌ലാ മൗദൂദി സ്ഥാപിച്ച ജമാഅത്തെ ഇസ്‌ലാമി അവരുടെ സങ്കല്പ പ്രകാരമല്ലാത്ത ഭരണകൂടങ്ങളെല്ലാം പൈശാചിക ഭരണകൂടങ്ങളാണെന്ന് കരുതുന്നവരാണ്. അത്തരം ഭരണകൂടങ്ങളെ കഴിയുമെങ്കിൽ സായുധ ജിഹാദിലൂടെയോ, അതിനാവുന്നില്ലെങ്കിൽ മറ്റു ഭരണഘടനാനുസൃത മാർഗ്ഗങ്ങളിലൂടെയോ പിടിച്ചെടുക്കണമെന്ന് അവർ വിശ്വസിക്കുന്നു. ജമാഅത്തെ ഇസ്‌ലാമിയുടെ സിദ്ധാന്തങ്ങൾ സൂക്ഷ്മമായി പരിശോധിച്ചാൽ ആ സംഘടനയെ സ്വാധീനിച്ച ഏറ്റവും ശക്തമായ ഘടകം ഫാഷിസമാണെന്ന് എളുപ്പത്തിൽ മനസ്സിലാക്കാവുന്നതാണ്.

പാക്കിസ്താനിൽ അഹ്മദികൾക്കെതിരെ ജമാഅത്തെ ഇസ്‌ലാമി നടത്തിയ കലാപങ്ങളിലും ഈ ഫാഷിസ്റ്റ് തന്ത്രം കാണാവുന്നതാണ്. പി. പി. അബ്ദുറഹ്മാൻ, പറഞ്ഞ 'ജമാഅത്തെ ഇസ്‌ലാമിയുടെ ബഹുമുഖ ശ്രമങ്ങൾ' എന്നത് ഈ ഫാഷിസ്റ്റ് പരിപാടിയല്ലാതെ മറ്റൊന്നുമായിരുന്നില്ല. തൊള്ളായിരത്തി മുപ്പതുകളിൽ ഹിറ്റ്ലറുടെ നേതൃത്വത്തിൽ ജർമ്മനിയിൽ നാസിസം ഒരു ആവേശക്കൊടുങ്കാറ്റായി വീശിയിരുന്ന കാലത്താണ് മൗലാനാ മൗദൂദി ചിന്തിച്ചുതുടങ്ങിയത്. രാഷ്ട്രമെന്നാൽ ദൈവത്തിനു തുല്യം എന്നായിരുന്നല്ലോ നാസി - ഫാഷിസ്റ്റ് ദർശനം. ദൈവതുല്യമായ രാഷ്ട്രത്തെ അനുസരിക്കുന്നതിൽ കവിഞ്ഞൊരു ആനന്ദം ജർമ്മൻ പൗരനുണ്ടാകാൻ പാടില്ല എന്നായിരുന്നു ഹിറ്റ്ലറുടെ അനുശാസനം. ഫാഷിസ്റ്റ് സിദ്ധാന്തത്തിന് ദാർശനിക ഭൂമിക തയ്യാറാക്കിക്കൊടുത്ത ജർമ്മൻ ആശയവാദിയായിരുന്ന ഹെഗേലിന്റെ ശ്രദ്ധേയമായ വാക്യം State is the march of God on earth എന്നായിരുന്നു. അതായത് 'രാഷ്ട്രം എന്നാൽ ഭൂമിയിലെ ദൈവത്തിന്റെ പ്രസ്ഥാനമാണ്' എന്ന്. 'ഹുക്കൂമത്തെ ഇലാഹീ' (ദൈവിക ഭരണം) എന്ന അധികാരസ്വരൂപത്തെ അഥവാ രാഷ്ട്ര ത്തെ ദൈവികമെന്ന് വാഴ്ത്തുന്ന മൗദൂദിയു ടെ ആശയം നാമ്പെടുക്കുന്നത് ഈ ഫാഷിസ്റ്റ് സങ്കല്പത്തിൽ നിന്നാണ്.

'സ്ത്രീക്ക് പ്രസവമെങ്ങിനെയാണോ അതുപോലെയാണ് പുരുഷന് യുദ്ധം' എന്നാണ് ഫാഷിസത്തിന്റെ മറ്റൊരു സങ്കല്പം. സമാധാനം അടിമത്വത്തിന്റേയും ഭീരുത്വത്തിന്റെ തത്വശാസ്ത്രമാണന്നും മനുഷ്യന്റെ എല്ലാ തരത്തിലുള്ള ശക്തിയും സ്വഭാവ വൈശിഷ്ട്യങ്ങളും അവയുടെ ഔന്നത്യത്തിലെത്തുന്നത് യുദ്ധത്തിലൂടെയാണെന്നുമാണ് ഫാഷിസ്റ്റുകൾ വിശ്വസിച്ചിരുന്നത്. മൗലാനാ മൗദൂദി ഫാഷിസത്തിന്റെ ഈ യുദ്ധോത്സുകതയെ ഇസ്‌ലാമികവത്ക്കരിച്ചത് ജിഹാദ് സിദ്ധാന്തത്തിലൂടെയാണ്. ഖുത്ബാത്ത് എന്ന പുസ്തകത്തിൽ 'ജിഹാദിന്റെ പ്രാധാന്യം' എന്ന അദ്ധ്യായത്തിൽ മൗദൂദി എഴുതുന്നു. *'ഈ ദീൻ (രാഷ്ട്രം) സത്യമാണെന്ന് നിങ്ങൾ കരുതുന്നുണ്ടെങ്കിൽ സർവ്വ ശക്തിയും ഉപയോഗിച്ച് അതിനെ ഭൂമുഖത്ത് സുസ്ഥാപിതമാക്കുകയോ അല്ലാത്തപക്ഷം അതേ പരിശ്രമത്തിൽ ജീവൻ ബലിയർപ്പിക്കുകയോ അല്ലാതെ നിങ്ങൾക്ക് ഗത്യന്തരമില്ല"*
*(ഖുത്ബാത് പേജ് 404)*

അനിസ്‌ലാമിക പൈശാചിക ഭരണകൂടങ്ങളെ ഭൂമുഖത്ത് നിന്ന് നിഷ്കാസനം ചെയ്ത് മൗദൂദി

സാഹിബിന്റെ വിഭാവനയിലുള്ള ദീനിനെ അഥവാ ദൈവിക രാഷ്ട്രത്തെ ഭൂമുഖത്ത് സ്ഥാപിക്കുന്നത് വരെ മുസ്‌ലിമിന്ന് മൗദൂദി സാഹിബ് സമാധാന ജീവിതം വിധിച്ചിട്ടില്ല. ഈ അനിസ്‌ലാമിക ഭരണകൂടങ്ങളെ തകർക്കുന്ന ജിഹാദിൽ ചാവേറുകളായി ജീവിതം ത്യജിക്കാനാണ് മൗലാനയുടെ ആഹ്വാനം. ഈ അധികാര സമരത്തിനു വേണ്ടിയുള്ള സൈനിക ഡ്രില്ലാണ് മുസ്‌ലിംകൾ അഞ്ചു നേരം നടത്തുന്ന നമസ്കാരങ്ങൾ എന്ന് പോലും എഴുതാൻ മൗദൂദി ധൃഷ്ടനായി. അദ്ദേഹം ഖുത്ബാത്തിൽ നമസ്കാരത്തെപ്പറ്റി എഴുതുന്നു. *'തന്മൂലം അവരുടെ ഹൃദയത്തിൽ ഒരു സേനാ വിഭാഗത്തിനുണ്ടാകുന്ന മനോ വികാരമാണ് ഉൽഭൂതമാവുന്നത്. യോദ്ധാക്കൾ എവിടെയിരുന്നാലും കാഹളശബ്ദം കേൾക്കുന്ന മാത്രയിൽ സേനാ നായകൻ വിളിക്കുന്നുണ്ടെന്ന് അവർ മനസ്സിലാക്കുന്നു. അതോടെ എല്ലാവരുടേയും ഹൃദയത്തിൽ സേനാധിപന്റെ ശാസനകളനുസരിക്കുക എന്ന ഏക വിചാരവും ഐക്യരൂപവും ഉണ്ടായിത്തീരുന്നു. അവർക്ക് ദിനം പ്രതി അഞ്ചു പ്രാവശ്യമാണ് ഈ പരിശീലനം നൽകപ്പെടുന്നത്. കാരണം ലോകത്തിലെ ഏതൊരു സൈന്യത്തിനും നിർവ്വഹിക്കാനുള്ളതിനേക്കാൾ വമ്പിച്ച കർത്തവ്യമാണ് ഈ ദൈവിക സൈന്യത്തിനു നിർവ്വഹിക്കാനുള്ളത്.* (ഖുത്ബാത്ത് 190-191). നിരന്തര യുദ്ധത്തിന് തയ്യാറാക്കാൻ പാർട്ടി അനുയായികൾക്ക് പരേഡും ഡ്രില്ലും പഠിപ്പിക്കുന്ന നാസി-ഫാഷിസ്റ്റ് പരിപാടികളായിരുന്നു മൗദൂദി സാഹിബിന്റെ ഈ ചിന്തക്ക് പ്രചോദനമെന്ന് വ്യക്തം.

ജമാഅത്തെ ഇസ്‌ലാമിയുടെ ഇസ്‌ലാമികരാഷ്ട്ര സിദ്ധാന്തം എന്നത് ഇസ്‌ലാമിക സംജ്ഞകളുപയോഗിച്ചു കൊണ്ടുള്ള ഒരു ഫാഷിസ്റ്റ് ആവിഷ്കാരമാണെന്ന് ഈ വിഷയത്തിൽ ഗവേഷണം നടത്തുന്ന ആർക്കും മനസ്സിലാക്കാൻ പ്രയാസമില്ല. സാർവ്വജനീനമായി മുസ്‌ലിം ജനസഞ്ചയത്തെ മുഴുവൻ 'ഉമ്മത്ത്' എന്ന നിലക്ക് ഉദ്ഗ്രഥിച്ച ആഗോള വ്യവസ്ഥയായിരുന്നു ഇസ്‌ലാമിക ഖിലാഫത്ത്. മഹത്തായ ഇസ്‌ലാമിന്റെ വിശ്വസാമൂഹിക വ്യവസ്ഥയായ ഖിലാഫത്തിനെ മാത്രമല്ല ഇസ്‌ലാം മതം തന്നെ, നവോത്ഥാനത്തിന് ശേഷം ക്രിസ്തീയ യൂറോപ്പിൽ ഉദയം കൊണ്ട അധികാര കേന്ദ്രിതമായ ദേശീയ രാഷ്ട്രത്തിന് സമമാണ് എന്ന് പുനർവ്യാഖ്യാനം നടത്തിയ ഫാഷിസ്റ്റ് കാമുകനായിരുന്നു മൗലാനാ മൗദൂദി. പപ്പട വട്ടത്തിൽ പോലും ഭൂമിയിൽ ഇതുവരെ ഭരണം കയ്യാളാൻ സാധിച്ചിട്ടില്ലാത്ത ജമാഅത്തെ ഇസ്‌ലാമിയുടെ സ്വാധീനത്താൽ നിരാശ ബാധിച്ച ഒരു പറ്റം മുസ്‌ലിം യുവാക്കൾ ലോകം മുഴുവൻ പരിശുദ്ധ ഇസ്‌ലാമിനെ ഭീകരതയുടെ തത്വശാസ്ത്രമാക്കി മാറ്റിക്കൊണ്ടിരിക്കുകയാണ്. മുസ്‌ലിം രാജ്യങ്ങൾക്ക് മീതെ അമേരിക്കയുടെയും ജൂതായിസത്തിന്റെയും ഹീനമായ സാമ്രാജ്യത്വ ഭീഷണിയും അക്രമണവും നിലനിൽക്കുന്ന ഈ കാലഘട്ടത്തിൽ മൗദൂദിസം ആ പ്രക്ഷുബ്ധാവസ്ഥയോടുള്ള സ്വാഭാവികമായ ഇസ്‌ലാമിക പ്രതികരണമാണെന്ന് മുസ്‌ലിംകൾ തെറ്റിദ്ധരിച്ചിരിക്കുന്നു. മൗദൂദിസത്തിലടങ്ങിയിരിക്കുന്ന യഥാർത്ഥ വിപത്തും ഫാഷിസ്റ്റ് സ്വഭാവവും ഇതുവരെ മുസ്‌ലിം സമുദായത്തിന് വേണ്ടത് പോലെ തിരിച്ചറിയാൻ സാധിച്ചിട്ടില്ല എന്നതാണ് സത്യം.

ജമാഅത്തെ ഇസ്‌ലാമി പാകിസ്താനിൽ നടത്തിയ അഹ്മദിയ്യാ വിരുദ്ധ കലാപത്തെപറ്റി വിവരിക്കുന്ന പി. പി. അബ്ദുറഹിമാന്റെ കത്തിൽ മുനീർ കമ്മീഷനെ കുറിച്ചും പ്രതിപാദനമുണ്ട്. *അദ്ദേഹം എഴുതുന്നു: "ഖാദിയാനി വിരുദ്ധപ്രക്ഷോഭണത്തിനിടയാക്കിയ സ്ഥിതിഗതികൾ വിശദമായി പരിശോധിച്ച് റിപ്പോർട്ട് നൽകാൻ പാക് ഭരണകൂടം ലാഹോർ ഹൈക്കോടതിയിലെ ചീഫ് ജസ്റ്റീസുമാരായ മുഹമ്മദ് മുനീർ, എം.ആർ. കയാനി എന്നിവരുൾക്കൊള്ളുന്ന അന്വേഷണക്കോടതിയെ നിയമിച്ചു. മൗദൂദി ഉൾപ്പെടെ വിവിധ നേതാക്കളെയും ഗവൺമെന്റ് ഉദ്യോഗസ്ഥരെയും ഉത്തരവാദപ്പെട്ട മറ്റു പലരെയും ആ കോടതി വിചാരണ ചെയ്യുകയുണ്ടായി. ഏഴെട്ടു മാസക്കാലത്തെ അന്വേഷണത്തിന് ശേഷം 1019 പേജുള്ള ഒരു റിപ്പോർട്ട് കോടതി പഞ്ചാബ് ഗവൺമെന്റിന് 1952 ഏപ്രിൽ സമർപ്പിച്ചു. കോടതി മൗദൂദിക്ക് വധശിക്ഷ വിധിച്ചു... രണ്ടു വർഷത്തിനുശേഷം മൗദൂദി ജയിൽ മോചിതനായി."* - (പ്രബോധനം)

പി. പി. അബ്ദുറഹിമാൻ വേണ്ടത്ര പിടിപ്പാടുള്ള ജമാഅത്തെ ഇസ്‌ലാമിക്കാരനല്ല എന്നാണ് തോന്നുന്നത്. പഠിച്ച ജമാഅത്ത്കാരൻ മുനീർ കമ്മീഷനെപ്പറ്റി ഒരക്ഷരം പോലും ഉരിയാടാറില്ല. 50 വർഷങ്ങൾക്ക് മുമ്പ് തങ്ങളുടെ സ്ഥാപകനേതാവ് പാകിസ്താനിൽ വെച്ച് മുനീർ കമ്മീഷന് മുമ്പാകെ നൽകിയ തിരുമൊഴികൾ ഇവിടുത്തെ നാട്ടുകാരറിഞ്ഞാൽ തലയിൽ മുണ്ടിട്ട് മാത്രമേ ജമാഅത്തുകാരന് നടക്കാനൊക്കൂ. ഈ രഹസ്യം പുതുതലമുറയിലെ സോളിഡാരിറ്റിയിലെ കുട്ടികൾക്കറിയില്ലെങ്കിലും ജമാഅത്ത് നേതാക്കന്മാർക്കറിയാം. അവരുടെ ഭാഗ്യത്തിന് ഇവിടെ കുറച്ച് പേർക്ക് മാത്രമേ മുനീർ കമ്മീഷനെ കുറിച്ച് പിടിപാടുള്ളൂ. റിപ്പോർട്ടിനെക്കുറിച്ച് ആരെങ്കിലും പറഞ്ഞാൽ ഏത് റിപ്പോർട്ട് എന്ത് റിപ്പോർട്ട് എന്ന മട്ടിലാണ് ജമാഅത്ത് നേതാക്കന്മാരുടെ പ്രതികരണം. റിപ്പോർട്ടിനെ തമസ്കരിക്കാൻ ചിലപ്പോൾ ജമാഅത്തുകാരുടെ തന്ത്രപരമായ ഒരു ചോദ്യമുണ്ട്. 'റിപ്പോർട്ട് നിങ്ങൾ വായിച്ചിട്ടുണ്ടോ' എന്നാണ് ആ ചോദ്യം. 52 വർഷം മുമ്പ് പാകിസ്താനിലെ പഞ്ചാബ് സംസ്ഥാന ഗവൺമെന്റ് പ്രസിദ്ധീകരിച്ച അന്വേഷണ റിപ്പോർട്ട് ഇവിടെയാരും കാണാൻ സാദ്ധ്യതയില്ല എന്ന വിശ്വാസത്തിന്റെ ബലത്തിലാണ് ജമാഅത്തുകാർ ഇത്തരം ചോദ്യം തൊടുത്ത് വിട്ടു മുനീർ കമ്മീഷൻ റിപ്പോർട്ടിനെ പറ്റി പരാമർശിച്ച ആളെ ബേജറാക്കുന്നത്. ചിലപ്പോൾ

തഞ്ചംപോലെ ജസ്റ്റീസ് മുനിർ ഖാദിയാനിയാണെന്നും, റിപ്പോർട്ട് തനികള്ളമാണെന്നു വെച്ച് കാച്ചും. ഖാദിയാനിസം തീണ്ടിയ റിപ്പോർട്ടാണെന്ന് വരുത്തിത്തീർത്താൽ പിന്നെ സുന്നി - മുജാ - മുസ്‌ലിം ലീഗാദി കക്ഷികളൊന്നും റിപ്പോർട്ട് തൊടില്ല എന്ന് ജമാഅത്തുകാർക്കറിയാം. മൗലാനാ മൗദൂദിയോടു കമ്മീഷൻ ചോദിച്ച ചോദ്യങ്ങളും 'മഹാനവർകൾ' പറഞ്ഞ ഉത്തരവും റിപ്പോർട്ടിലുണ്ട്. മുനീർ റിപ്പോർട്ട് എന്ന് കേൾക്കുമ്പോൾ ജമാഅത്തുകാർക്കുണ്ടാകുന്ന ഉൾക്കിടിലത്തിന്റെ പൊരുൾ പിടികിട്ടണമെങ്കിൽ അതിലെ ചില സാമ്പിളുകൾ വായിച്ചാൽ മതി.

പാകിസ്താൻ ഭരണഘടന ഇസ്‌ലാം മത നിയമങ്ങളുടെ അടിസ്ഥാനത്തിലാക്കണമെന്ന മൗദൂദി സാഹിബിന്റെ അന്ത്യശാസനം പരിഗണിക്കാമെങ്കിൽ ഇന്ത്യയിലെ ഭരണഘടന ഹിന്ദുമതത്തിന്റെ അടിസ്ഥാനത്തിലായിരിക്കണമെന്ന് ഇന്ത്യയിലെ ഭൂരിപക്ഷ മതവിശ്വാസികൾക്കും ആവശ്യപ്പെടാൻ അവകാശമുണ്ടല്ലോ എന്ന് ചൂണ്ടിക്കാണിച്ചു കൊണ്ടു കമ്മീഷൻ ചോദിച്ച ചോദ്യവും മൗദൂദി പറഞ്ഞ ഉത്തരവുമാണ് ചുവടെ.

***ചോദ്യം: നമുക്ക് ഇത്തരത്തിലുള്ള ഒരു ഇസ്‌ലാമിക ഗവൺമെന്റാണ് പാകിസ്താനിലുള്ളതെങ്കിൽ ഇന്ത്യയിൽ ഹിന്ദുമതത്തിന്റെ അടിസ്ഥാനത്തിലുള്ള ഒരു ഭരണക്കൂടം നിലവിൽ വരാൻ താങ്കൾ അനുവദിക്കുമോ?***

***ഉത്തരം : തീർച്ചയായും. ഇന്ത്യയിലെ മുസ്‌ലിംകളോടും ഹീനജാതിക്കാരോടും ശുദ്രന്മാരോടും പെരുമാറുന്ന രീതിയിൽ പെരുമാറുന്നതായാൽ പോലും എനിക്കതിൽ യാതൊരു പരാതിയുമില്ല. ഗവൺമെന്റിൽ അവരുടെ പങ്കാളിത്തം ഇല്ലാതായാലും, അവരുടെ പൗരാവകാശങ്ങൾ ഇല്ലാതായാലും ശരി എനിക്കതിൽ പരാതിയില്ല. വാസ്തവത്തിൽ അത്തരമൊരവസ്ഥ ഇന്ത്യയിൽ നിലനിൽക്കുന്നുണ്ട്.***

***ചോദ്യം: ഇന്ത്യയും പാകിസ്താനും തമ്മിൽ യുദ്ധമുണ്ടായാൽ ഇന്ത്യയിലെ മുസ്‌ലിംകളുടെ കടമയെന്താണ്?***

***ഉത്തരം: അവരുടെ കടമ വളരെ വ്യക്തമാണ്. നമ്മോടൊപ്പം ചേരുക. ഇന്ത്യയുടെ ഭാഗ് നിന്ന് നമുക്കെതിരെ യുദ്ധം ചെയ്യാതിരിക്കുക.***

(Report of the Court of Enquiry constituted under Punjab Act II of 1954 to enquire into the Punjab disturbance of 1953.- Page 228, 229)

ജമാഅത്തെ ഇസ്‌ലാമിക്കാരായ സ്വന്തം അനുയായികളെ പോലും ഇന്ത്യയിൽ മാന്യമായി ജീവിക്കാനനുവദിക്കാത്ത നേതാവായിരുന്നു മൗലാനാ അബുൽ അഅ്ലാ മൗദൂദി. സ്ഥാപക നേതാവ് പറഞ്ഞ ഇത്തരം വൻ വങ്കത്തരങ്ങൾ മുനീർ കമ്മീഷൻ റിപ്പോർട്ടിലുണ്ട്. അതുകൊണ്ട് ജമാഅത്തുകാർ റിപ്പോർട്ടിനെ തള്ളിപ്പറയുന്നതിൽ അത്ഭുതമുണ്ടോ? ബോംബേ കലാപത്തിന്റെപേരിൽ, ബൽതാക്കറേയും ശിവസേനയേയും കുറ്റപ്പെടുത്തിയ ശ്രീകൃഷ്ണൻ കമ്മീഷനെതിരെ ശിവസേന നടത്തിയ ആക്രോശങ്ങളെപ്പോലെയാണ് ജമാഅത്തുകാരുടെ മുനീർ കമ്മീഷൻ വിരോധം.

അഹ്മദികൾക്കെതിരെയുള്ള ക്രൂരമായ ഭേദ്യങ്ങളും മാരണനിയമങ്ങളും, പള്ളിധ്വംസനവും ഇപ്പോഴും പാകിസ്ഥാനിൽ തുടരുന്നു. കാശ്മീരികളുടെ പ്രശ്നം ചർച്ച ചെയ്യാൻ കഴിഞ്ഞയാഴ്ച 2005 സപ്തംബർ 20-ാം തിയ്യതി ന്യൂഡൽഹിയിൽ വെച്ച് അധിനിവേശ കാശ്മീരിലേയും ജമ്മുകാശ്മീരിലേയും മതരാഷ്ട്രീയ നേതാക്കന്മാരും ബുദ്ധിജീവികളും ഒത്തുചേർന്നപ്പോൾ മുൻ ജമ്മുകാശ്മീർ മുഖ്യമന്ത്രി ഫാറൂക്ക് അബ്ദുള്ള പാകിസ്ഥാൻ അധിനിവേശ കാശ്മീരി നേതാക്കന്മാരോട് തുറന്നടിച്ച കാര്യം സോളിഡാരിറ്റിക്കാർ ശ്രദ്ധിക്കുമോ. 'നിങ്ങൾ അവിടെ അഹ്മദികളുടെ എല്ലാ പള്ളികളും കത്തിച്ച് ചാമ്പലാക്കുമ്പോൾ ഞങ്ങളത് സംരക്ഷിക്കുകയായിരുന്നു ഇവിടെ.' ('THE HINDU' 21th Sept. 2005)

ജമാഅത്തെ ഇസ്‌ലാമി അവരുടെ യഥാർത്ഥ പ്രത്യയശാസ്ത്രമായ മുല്ലാഫാഷിസം അരങ്ങേറാൻ പാകമായ മുസ്‌ലിം ഭൂരിപക്ഷ രാജ്യങ്ങളിൽ ഭീകര വിപ്ലവ പ്രസ്ഥാനമായും ഇന്ത്യയെപ്പോലെയുള്ള മുസ്‌ലിം ന്യൂനപക്ഷരാജ്യങ്ങളിൽ ജനാധിപത്യ മതേതര പ്രസ്ഥാനങ്ങളുടെ കപട വേഷത്തിലുമാണ് പ്രത്യക്ഷപ്പെടുക. പ്രബോധനം പ്രസിദ്ധീകരിച്ച പി. പി. അബ്ദുറഹിമാന്റെ പ്രസ്തുത കത്തിലേക്ക് തന്നെ നമുക്ക് തിരിച്ചുപോകാം.. "ഖാദിയാനികളെ അമുസ്‌ലിം ന്യൂനപക്ഷമായി പ്രഖ്യാപിക്കാൻ പാക് ഭരണകൂടം നിർബന്ധമായതിൽ മൗദൂദിയുടെ പ്രസംഗങ്ങളും കൃതികളും ജമാഅത്തെ ഇസ്‌ലാമി നടത്തിയ ബഹുമുഖ ശ്രമങ്ങളും വളരെ വലിയ പങ്കു വഹിച്ചിട്ടുണ്ട്' എന്നാണല്ലോ കത്തിൽ പറയുന്നത്. പാകിസ്താൻ ഭരണകൂടത്തെ അട്ടിമറിച്ച് അധികാരം പിടിച്ചെടുക്കാൻ ജമാഅത്തെ ഇസ്‌ലാമി ആവിഷ്കരിച്ച ഒരു ഫാഷിസ്റ്റ് പരിപാടിയായിരുന്നു 1953ലെ അഹ്മദിയ്യാ വിരുദ്ധ കലാപം. ജമാഅത്തെ ഇസ്‌ലാമിയുടെ രാഷ്ട്രീയ സിദ്ധാന്തങ്ങളോട് ആഭിമുഖ്യമില്ലാത്ത മതകക്ഷികളുടെ പിന്തുണ നേടുക എന്നതായിരുന്നു അഹ്മദിയ്യാ പ്രശ്നം മുഖ്യ അജണ്ടയായി സ്വീകരിക്കാനുള്ള ഒരു കാരണം. കലാപത്തിലൂടെ ഭരണം പിടിച്ചെടുക്കലായിരുന്നു ജമാഅത്തെ ഇസ്‌ലാമിയുടെ നിഗൂഢ ലക്ഷ്യം. അതിന്നായി അഹ്മദികളെ ബലിയാടുകളാക്കുകയായിരുന്നു. ഫാഷിസ്റ്റ് ആചാര്യനായിരുന്ന ബന്നറ്റ് മുസ്സോളനി 1922 ഒക്ടോബറിൽ ഭരണം പിടിച്ചെടുക്കാൻ ഇറ്റലിയിൽ നടത്തിയ അതിഭീകരമായ പ്രക്ഷോഭ പരിപാടികളോട് ഇതിനെ ഉപമിക്കാൻ കഴിയും. റോമിലേക്ക് മാർച്ച് ചെയ്ത ഫാഷിസ്റ്റ് കലാപകാരികളുടെ നേതാവായ മുസ്സോളനിക്ക് ഭരണമേൽപ്പിച്ച് ഭയവിഹ്വലനായ ഇമ്മാനുവൽ രാജാവ് സ്ഥാനമൊഴിയുകയായിരുന്നു. പക്ഷേ മുസ്സോളനി ഇറ്റലിയിൽ വിജ

യിച്ചുവെങ്കിൽ മൗദൂദി സാഹിബ് പാകിസ്താനിൽ ദയനീയമായി പരാജയപ്പെടുകയായിരുന്നു. ഈ രക്തരൂക്ഷിതമായ അഹ്മദിയ്യാ വിരുദ്ധ കലാപം നടത്തിയതിന്റെ പേരിൽ അദ്ദേഹത്തെ സൈനിക കോടതി തൂക്കിക്കൊല്ലാൻ വിധിക്കുകയാണുണ്ടായത്. അവസാനം അത് തടവ് ശിക്ഷയായി മാറ്റുകയായിരുന്നു. മൗലാനാ മൗദൂദി നേതൃത്വം നൽകിയ കുപ്രസിദ്ധമായ അഹ്മദിയ്യാ വിരുദ്ധ പ്രക്ഷോഭണത്തെ പറ്റി അന്വേഷിക്കാൻ പാകിസ്താൻ ഭരണകൂടം ഏർപ്പെടുത്തിയ ലോക പ്രശസ്തമായ 'മുനീർ കമ്മീഷൻ' മൗദൂദി സാഹിബിന്റെ മാത്രമല്ല മറ്റു മുസ്‌ലിം മത പാർട്ടികളുടെയും മുല്ലാ നേതാക്കന്മാരുടെയും രോഗബാധിതവും വികൃതങ്ങളുമായ ഇസ്‌ലാ മിക സങ്കല്പങ്ങൾ എന്തൊക്കെയായിരുന്നുവെന്ന് അവരെ ചോദ്യം ചെയ്തുകൊണ്ട് ലോകത്തിനു മുമ്പിൽ വെളിപ്പെടുത്തി എന്നതാണ് മുനീർ കമ്മീഷൻ റിപ്പോർട്ടിന്റെ പ്രാധാന്യം.

## സോളിഡാരിറ്റിയോട്

മതരാഷ്ട്രവാദത്തിന്റെ രഹസ്യ അജണ്ട ഹൃദയത്തിൽ താലോലിക്കുന്ന ജമാഅത്തെ ഇസ്‌ലാമി ജനാധിപത്യത്തിന്റെ വേഷം കെട്ടിച്ച് ഈയ്യിടെ പ്രബുദ്ധമായ കേരള രാഷ്ട്രീയത്തിലേക്ക് തൊടുത്തിവിട്ട രാഷ്ട്രീയ പാർട്ടിയാണല്ലോ സോളിഡാരിറ്റി. സ്ഥാപക നേതാവിന്റെ ഒരാശയവും നേരെചൊവ്വേ ജനങ്ങളുടെ മുമ്പിൽ അവതരിപ്പിക്കാൻ ജമാഅത്തുകാർക്ക് ഇതുവരെ ഭാഗ്യം ലഭിച്ചിട്ടില്ല. അതുകൊണ്ട് എവിടെയും കാപട്യത്തിന്റെ മുഖം മൂടി എടുത്തണിയാനുള്ള യോഗമേ അവർക്കുള്ളൂ.

ജമാഅത്തെ ഇസ്‌ലാമിയുടെ സോളിഡാരിറ്റി കേരളത്തിൽ നക്സലൈറ്റുകളേക്കാൾ വലിയ വിപ്ലവകാരികളും, ശാസ്ത്ര സാഹിത്യ പരിഷത്തിനെ കടത്തിവെട്ടുന്ന പരിസ്ഥിതി വാദികളും, യുക്തിവാദികളേക്കാൾ വലിയ മതേതരവാദികളുമാണ്. തെരുവ് നാടകങ്ങളും. ഗാനമേളയും പോസ്റ്റർ പ്രദർശനങ്ങളും ടേബിൾ ടോക്കുമൊക്കെയായി ജനങ്ങളെ അമ്പരപ്പിച്ച് മുന്നോട്ടു പോകുന്ന സോളിഡാരിറ്റിയോട് ഞങ്ങൾ ചോദിക്കുന്നു: ഒരു മതവിഭാഗത്തിന്റെ മതസ്വാതന്ത്ര്യങ്ങളും ജന്മാവകാവും പൗരാവകാശവും ഇല്ലാതാക്കാൻ പ്രക്ഷുബ്ധമായ സമരം നടത്തുകയും ഒരു വിഭാഗത്തെ അവരുടെ പ്രഖ്യാപിത മതത്തിൽ നിന്നും പുറത്താക്കാൻ നിയമം നിർമ്മിക്കുന്നതും ജനാധിപത്യത്തിനും മതേതരത്വത്തിനും സർവ്വോപരി മനുഷ്യത്വത്തിനും ചേർന്നതാണോ? പാകിസ്താനിൽ അഹ്മദികൾക്കെതിരെ അങ്ങിനെ ചെയ്യാൻ രക്തരൂക്ഷിതമായ പ്രക്ഷോഭണം നടത്തിയതിന്റെ യോഗ്യതയിൽ ജമാഅത്തുകാർ മൗദൂദിയെ പ്രകീർത്തിക്കുന്നു. നിങ്ങളുടെ മാതൃസംഘടനയുടെ സ്ഥാപക നേതാവിന്റെ മനുഷ്യത്വവിരുദ്ധവും ജനാധിപത്യസങ്കല്പത്തിന്നെതിരുമായ ഈ നിലപാടിനോടുള്ള സോളിഡാരിറ്റിയുടെ പ്രതികരണന്തൊണ്? അതുപോലെ ഇസ്‌ലാം മതത്തിൽ നിന്നും ആരെങ്കിലും പുറത്തുപോയാൽ അയാളെ വധിച്ചു കളയണം എന്ന ഭീകര സിദ്ധാന്തം സ്ഥാപിക്കാൻ 'മുർത്തദ് കി സസാ ഇസ്‌ലാമി ഖാനൂൻ മെ' എന്ന ഗ്രന്ഥമെഴുതിയയാളാണ് മൗലാനാ മൗദൂദി. മതം മാറുന്നവനെ വധിക്കണം എന്നത് ബജ്റങ്ങ്ദൾ പോലും പറയാൻ മടിക്കുന്ന കാട്ടാള സിദ്ധാന്തമാണ്. മൗദൂദി സാഹിബിന്റെ ഈ നിലപാടിനോട് സോളിഡാരിറ്റിക്കാരുടെ സമീപനമെന്താണ്? പെപ്സിക്കോളയും കൊക്കോക്കോളയും കുടിക്കുന്നതിനെതിരെ സോളിഡാരിറ്റിക്കാർ നടത്തുന്ന വിപ്ലവസമരങ്ങളേക്കാൾ നിങ്ങളുടെ പ്രതികരണം അർഹിക്കുന്ന മൗലികമായ ഒരു മനുഷ്യാവകാശ പ്രശ്നമാണിത്. കപട വേഷം ക്കെട്ടി ആയിരം വ്യാജമുഖങ്ങളിൽ ആളുകളെ വിഡ്ഢികളാക്കിക്കൊണ്ടിരിക്കുന്ന ജമാഅത്തെ ഇസ്‌ലാമിക്കാരോട് മനുഷ്യത്വത്തിന്റെ പക്ഷത്ത് നിന്ന് അഹ്മദികൾ ചോദിക്കുന്ന ചോദ്യങ്ങൾക്ക് ഉത്തരം പറയാതെ എക്കാലവും നാടകം കളി തുടരാനാവുമെന്ന് കരുതേണ്ട. ഇന്നല്ലെങ്കിൽ നാളെ പരിശുദ്ധ ദീനുൽ ഇസ്‌ലാമിനെ അപകീർത്തിപ്പെടുത്തുകയും യുവമനസ്സുകളെ മലീമസമാക്കുകയും ചെയ്യുന്ന നിങ്ങളുടെ കുറ്റകരമായ ആശയങ്ങളെ ചൂണ്ടിക്കാട്ടി ഉന്നയിക്കപ്പെടുന്ന ചോദ്യങ്ങൾക്ക് ഉത്തരം പറയേണ്ടി വരും. എന്നോർക്കുക. □

---

*(36 -ാം പേജിൽ നിന്ന് തുടർച്ച)*

നക്കുഴൽ കരാർ ഒപ്പിട്ടതു മുതൽ അതിനെ തുരങ്കം വെക്കാൻ ശ്രമിച്ചു കൊണ്ടിരിക്കുന്ന അമേരിക്ക ഇന്ത്യയെ സ്വാധീനിച്ചുകൊണ്ട് ഈ ശ്രമത്തിൽ ഏറെക്കുറെ വിജയിച്ചിരിക്കുകയാണ്. ഇറാന്റെ ആണവ പരിപാടിക്കെതിരായ പ്രമേയത്തെ രാജ്യാന്തര ആണവോർജ ഏജൻസിയിൽ പിന്താങ്ങിക്കൊണ്ട് ഇന്ത്യ വോട്ട് ചെയ്തത് അമേരിക്കയുടെ സമ്മർദ്ദഫലമാണെന്ന് ആക്ഷേപമുയർന്നിരിക്കുന്നു. ഉപഭൂഖണ്ഡത്തിൽ ഇറാനെ ഒറ്റപ്പെടുത്തി ആക്രമിക്കാനുള്ള ശ്രമത്തിന്റെ ഭാഗമാണോ ഇതെന്നറിയില്ല. ഇറാനു ചുറ്റുമുള്ള ഇറാഖ്, തുർക്കി, അഫ്ഗാനിസ്ഥാൻ, പാകിസ്ഥാൻ എന്നീരാജ്യങ്ങൾ ഇതിനകം അമേരിക്കയുടേയും ഇസ്രായേലിന്റെയും പിടിയിൽ ഒതുങ്ങിക്കഴിഞ്ഞു.

ഗാസയിലെ പിൻമാറ്റം ഇസ്രായേൽ ചെയ്ത വലിയൊരു വിട്ടുവീഴ്ചയായിട്ടാണ് പാകിസ്താൻ പ്രചരിപ്പിക്കുന്നത്. ഇത് ഇസ്രയേൽ ബാ സ്ഥവത്തിനെതിരെ ഉയരുന്ന വിമർശനത്തെ അതിജീവിക്കാനുള്ള പ്രചാരണതന്ത്രമാണെന്ന് നിരീക്ഷകർ കരുതുന്നു.

ഏതൊരു രാജ്യമായും ജനതയുമായും സൗഹാർദ്ദമുണ്ടാക്കുന്നത് ഏറ്റവും നല്ലത് തന്നെ. പക്ഷേ കിട്ടിയ സന്ദർഭങ്ങളിലെല്ലാം മുസ്‌ലിം ലോകത്തെ അക്രമിക്കാനും വഞ്ചിക്കാനുമാണ് ജൂതരാഷ്ട്രം ശ്രമിച്ചത്. കഴിഞ്ഞ ഗൾഫ് യുദ്ധം ആരംഭിക്കുന്നതിന് മുൻപുള്ള പ്രതിസന്ധിഘട്ടത്തിൽ വ്യാമോഹങ്ങൾക്കടിമപ്പെട്ട

*(ശേഷം 42-ാം പേജിൽ)*

# മജ്‌ലിസ് അൻസാറുല്ലാഹ് ദേശീയ ഇജ്തിമ സമാപിച്ചു കോഴിക്കോടിന് മൂന്നാം സ്ഥാനം

**മുബാറക് അഹ്മദ്, പഴയങ്ങാടി**



*അൻസാറുല്ലാഹ് ഉദ്ഘാടന സമ്മേളനം : വലത്തുനിന്ന് ഹസ്റത്ത് മിർസാ വസീം അഹ്മദ് സാഹിബ്, മുനീർ അഹ്മദ് ഖാദിം സാഹിബ്, ഹിനായത്തുള്ള സാഹിബ് മണ്ഡാശി, സുൽത്താൻ അഹ്മദ് സഫർ സാഹിബ്*

**ഖാദിയാൻ:** മജ്‌ലിസ് അൻസാറുല്ലാഹ് (40 വയസ്സിന് മുകളിലുള്ളവരുടെ വയോജന സംഘടന) ദേശീയ സമ്മേളനം സെപ്തംബർ 16, 17, 18 തീയതികളിൽ ഖാദിയാനിൽ വെച്ച് നടക്കുകയുണ്ടായി. അൻസാറുല്ലാ ദേശീയ സദർ മൗലാനാ മുനീർ അഹ്മദ് ഖാദിമിന്റെ അദ്ധ്യക്ഷതയിലും മൗലാനാ ഇനായത്തുല്ലാഹ് സാഹിബ്, മൗലാനാ സുൽത്താൻ അഹ്മദ് സഫർ, മൗലാനാ ഖാരി നവാബ് അഹ്മദ് സാഹിബ് എന്നിവരുടെ മഹനീയ സാന്നിദ്ധ്യത്തിലും അഹ്മദിയ്യാ ജമാഅത്തിന്റെ ഭാരതമേലദ്ധ്യക്ഷൻ ഹദ്റത്ത് മിർസാ വസിം അഹ്മദ് സാഹിബ് സമ്മേളനം ഉദ്ഘാടനം ചെയ്തു.

സമ്മേളനത്തിൽ ഹദ്റത്ത് ഖലീഫത്തുൽ മസീഹിന്റെ സന്ദേശം വായിക്കപ്പെടുകയുണ്ടായി. നമ്മുടെ കാര്യമാത്ര പ്രസക്തമായ എല്ലാ പ്രവർത്തനങ്ങളുടെയും കടിഞ്ഞാൺ ദുആയിൽ അധിഷ്ഠിതമാണെന്നും അല്ലാഹുവിന്റെ അനുഗ്രഹങ്ങൾ തുറക്കാനുള്ള ആദ്യപടി തന്നെ ദുആ ആണെന്നും ഹുസൂർ തിരുമനസ്സ് സമ്മേളനത്തെ ഉദ്ബോധിപ്പിച്ചു. ദുആയുടെ പ്രാധാന്യത്തെപ്പറ്റി ഹുസൂർ മസീഹ് മൗഊദിന്റെ (അ)ന്റെ ഒരു ഉദ്ധരണി കേൾപ്പിച്ചുകൊണ്ടു തുടർന്നു: വിശുദ്ധ ഖുർആനിലെ മുപ്പത് അദ്ധ്യായങ്ങളിലും ഉപദേശങ്ങൾ മാത്രമാണ് അടങ്ങിയിട്ടുള്ളത്. എന്റെ ഈ ഉപദേശവും 'വിശുദ്ധഖുർആന്റെ സാരസത്തായിട്ടാണ് ഞാൻ കരുതുന്നത്. വിശുദ്ധഖുർആൻ കല്പിച്ചിട്ടുള്ള ഉപദേശത്തിൽ പരമപ്രധാനമായിട്ടുള്ളത് ദുആയാണ്. ദുആയെ മുറുകെ പിടിക്കുക. എന്റെ വിശ്വാസത്തിന്റെയും അനുഭവത്തിന്റെയും അടിസ്ഥാനത്തിൽ ഞാൻ പറയുകയാണ്. എങ്കിൽ അല്ലാഹു എല്ലാ പ്രയാസങ്ങളും എളുപ്പമാക്കിത്തരുന്നതാണ്. ഏതാനും ദിവസങ്ങൾക്കുള്ളിൽ റമദാൻ ആരംഭിക്കുകയാണ്. ഈ പരിശുദ്ധമാസവും ദുആയും തമ്മിൽ ഗാഢമായ ബന്ധമാണുള്ളത്. ആയതിനാൽ നിങ്ങൾ ദുആയിൽ കൂടുതൽ മുഴുകി ജീവിക്കുക" എന്നും ഹുസൂർ സന്ദേശത്തിൽ പറഞ്ഞു.

ഇന്ത്യയിലെ ഏറ്റവും നല്ല പ്രവർത്തനം കാഴ്ചവെച്ച മജ്‌ലിസിനുള്ള മൂന്നാം സമ്മാനം മജ്‌ലിസ് അൻസാറുല്ലാഹ് കോഴിക്കോടിന് ലഭിച്ചു. ട്രോഫി കോഴിക്കോട് അൻസാറുല്ലാഹ് ജനറൽ സെക്രട്ടറി കെ. വി. ഹസ്സൻകോയാ സാഹിബ് ഹദ്റത്ത് മിയാൻ വസിം സാഹിബിൽ നിന്നും ഏറ്റുവാങ്ങി. ഖാദിയാൻ, ചെന്നൈ മജ്‌സിസുകളാണ് ഒന്നും രണ്ടും സ്ഥാനം കരസ്ഥമാക്കിയത്. കോഴിക്കോട് വെച്ച് അമീർ എ. പി. കുഞ്ഞാമുസാഹിബിന്റെ അദ്ധ്യക്ഷതയിൽ ചേർന്ന ജമാഅത്തിന്റെ ഒരു അനുമോദന യോഗം നടത്തുകയും കോഴിക്കോട് അൻസാറുല്ലാഹ് സയിം ടി. അഹ്മദ് സയീദ് സാഹിബിനേയും ഭാരവാഹികളേയും യോഗം അഭിനന്ദിക്കുകയും ചെയ്തു. □

## പള്ളി ഉദ്ഘാടനം ചെയ്തു

**എടപ്പാൾ** : അഹ്മദിയ്യാ മുസ്‌ലിം ജമാഅത്ത് എടപ്പാളിൽ പുതുതായി നിർമ്മിച്ച പള്ളി 2005 സെപ്തംബർ 30 ന് വെള്ളിയാഴ്ച ജുമുഅനമസ്കാരത്തോടെ ഉദ്ഘാടനം ചെയ്തു. ജുമുഅനമസ്കാരത്തിന് കേരളാ ചീഫ് മിഷനറി മൗലാനാ മുഹമ്മദ് ഉമർ സാഹിബ് നേതൃത്വം നൽകി. ഖലീഫത്തുൽ മസിഹ് നാലാമൻ പള്ളിയുടെ പ്രാധാന്യത്തെ സംബന്ധിച്ച് നടത്തിയ ഖുത്ബ ഓതിക്കൊണ്ടാണ് മൗലവി സാഹിബ് ജുമുഅ നിർവ്വഹിച്ചത്. തദനന്തരം ചേർന്ന യോഗത്തിൽ മല

## അനുസ്മരണം

# അസ്മാബീവി സാഹിബ

**പൊക്കുന്ന് :** ശാന്തിഭവനിൽ പരേതനായ കെ. മുഹമ്മദുകുഞ്ഞുമാസ്റ്ററുടെ ഭാര്യയും കരുനാഗപ്പള്ളിയിലെ ആദ്യകാല അഹ്മദി വാവാകുഞ്ഞ് സാഹിബിന്റെ പുത്രിയുമായ പി. അസ്മാബീവി (80) അന്തരിച്ചു. മക്കൾ : അഹമ്മദ് ബഷീർ സാഹിബ്, കോഴിക്കോട് ജമാഅത്ത് ജനറൽ സെക്രട്ടറി അഹമ്മദ് ഹസ്സൻ സാഹിബ് (റിട്ട. ഇൻകം ടാക്സ് ഓഫീസർ), റംലാ ബീവി സാഹിബ, താഹിറാ ബീവി സാഹിബ, സാജിത ബീവി സാഹിബ (എംപ്ലോയ്മെന്റ് എക്സ്ചേഞ്ച്), അഹമ്മദ് സലിം സാഹിബ്, അഹമ്മദ് നാസർ സാഹിബ്, അഹമ്മദ് കബീർ സാഹിബ്, അഹമ്മദ് കമാൽ സാഹിബ്. മരുമക്കൾ: അബ്ദുൽ റഹിമാൻ സാഹിബ് (അൽ അമീൻ കോളേജ്), കെ.എ. നൗഷാദ് സാഹിബ്(അസി. എക്സിക്യൂട്ടീവ് എഞ്ചിനീയർ, കെ.എസ്.ഇ.ബി.), അഹമ്മദ് നാസർ സാഹിബ് (അബുദാബി), സൽമാബീവി സാഹിബ (കരുനാഗപ്പള്ളി), ലൈല സാഹിബ (കോഴിക്കോട്), സയീദ സാഹിബ (കണ്ണൂർ) നജ്മ സാഹിബ (ആദിനാട് നസീറ സാഹിബ (കോഴിക്കോട്) ഹിന്ദ് സാഹിബ (മണ്ണാർക്കാട്). പരേതക്ക് അല്ലാഹു ജന്നത്തും മഗ്ഫിറത്തും നൽകി അനുഗ്രഹിക്കട്ടെ. (ആമീൻ)

പ്പുറം മേഖലാ അമീർ മുഹമ്മദലി മാസ്റ്റർ അദ്ധ്യക്ഷത വഹിച്ചു. കോഴിക്കോട് മേഖലാ അമീർ എ. പി. കുഞ്ഞാമുസാഹിബ് മൗലാനാ മുഹമ്മദ് ഉമർ എന്നിവർ പ്രസംഗിച്ചു. ജമാഅത്ത് പ്രസിഡണ്ട് സെയ്തലവി സാഹിബിന്റെ സജീവ സാന്നിദ്ധ്യവുമുണ്ടായിരുന്നു. പേര് വെളിപ്പടുത്താനാഗ്രഹിക്കാത്ത ഉദാരമതിയായ ഒരു അഹ്മദിയാണ് പള്ളിക്ക് വേണ്ടി 20 സെന്റ് ഭൂമി നൽകിയത്. അതുപോലെ പള്ളി നിർമ്മിച്ചതും പേരു വെളുപ്പെടുത്താനാഗ്രഹിക്കാത്ത വ്യക്തിയാണ്. ഇരുപേർക്കും പള്ളി നിർമ്മാണത്തിനു പിന്നിൽ പ്രവർത്തിച്ച എല്ലാവർക്കും അല്ലാഹു പ്രതിഫലം നൽകട്ടെ.

# മിഷൻഹൗസ് ഉദ്ഘാടനം ചെയ്തു

**കോഴിക്കോട് :** കാരപ്പറമ്പിൽ പുതുതായി ഒരു മിഷൻ ഹൗസ് കോഴിക്കോട് മേഖലാ അമീർ എ. പി. കുഞ്ഞാമുസാഹിബ് 2005 സെപ്തംബർ 2ന് ഉദ്ഘാടനം ചെയ്തു. മൗലാന മുഹമ്മദ് ഉമർ സാഹിബ് ഉപദേശ പ്രസംഗം നിർവ്വഹിച്ചു. തുടർന്ന് നടന്ന ചടങ്ങിൽ നായിബ് അമീർ എം. എ. മുഹമ്മദ് സാഹിബ്, ടി. അഹ്മദ് സയിദ് സാഹിബ് (സയിം) ഡോ. സലാഹുദ്ദീൻ സാഹിബ് (ഉത്തരമേഖലാ ഖായിദ്) എം. കെ. അഷ്റഫ് സാഹിബ് (ടൗൺ ഖായിദ്) ബി. യം. ഷൗക്കത്തലി (മാത്തോട്ടം ഖായിദ്) കെ. യം. അഹ്മദ് കോയാസാഹിബ്, മൊയ്തുണ്ണിസാഹിബ്, എം.പി. അബ്ദുറസ്സാക്ക് സാഹിബ്, എ. എം. മുഹമ്മദ് സലീം സാഹിബ് എന്നിവർ പ്രസംഗിച്ചു. യോഗത്തിൽ എം. കെ ഇമ്പിച്ചികോയ ടി. സാഹിബ് നന്ദി പറഞ്ഞു. സ്ത്രീകളും കുട്ടികളുമടക്കം ധാരാളം അഹ്മദികൾ പരിപാടിയിൽ സംബന്ധിച്ചു.

*(40 -ാം പേജിൽ നിന്ന് തുടർച്ച)*

സഊദി അറേബ്യയും ചില മുസ്ലിം രാജ്യങ്ങളും അമേരിക്കയെ സമീപിച്ചപ്പോൾ ഖലീഫത്തുൽ മസീഹ് നാലാമൻ ഹദ്റത്ത് മിർസാ ത്വാഹിർ അഹ്മദ് ഖുർആന്റെ അദ്ധ്യാപനങ്ങളുടെ വെളിച്ചത്തിൽ ചെയ്ത സുദീർഘമായ 17 ഖുത്ബകളിൽ ആ നീക്കം അരുതെന്നും ഭയാനകമായ വിപത്തുകളിൽ മുസ്ലിം ലോകം ആപതിക്കുമെന്നും താക്കീത് നൽകിയിരുന്നു. പാകിസ്താന്റെ ഇസ്രയേൽ ബന്ധം മുസ്ലിം ലോകത്തിന് ഗുണമോ അതല്ല വിപത്തോ? നമുക്ക് കാത്തിരുന്ന് കാണാം.

(അവലംബം: Frontline. 7 Oct. - 2005)

## നോമ്പിന്റെ മര്യാദ

അബുഹുറയ്റ(റ)യിൽ നിന്നും നിവേദനം: തിരുനബി(സ) അരുൾ ചെയ്തു. അല്ലാഹു പറയുന്നു. വ്രതം ഒഴികെയുള്ള മനുഷ്യന്റെ കർമ്മങ്ങളെല്ലാം അവനുള്ളതാണ്. കാരണം വ്രതം എനിക്കുള്ളതാകുന്നു. ഞാനാണ് അതിന് പ്രതിഫലം നൽകുന്നത്. വ്രതം (പാപത്തിനെതിരെയുള്ള) ഒരു പരിചയാണ്. അതുകൊണ്ട് നിങ്ങളിലാരെങ്കിലും വ്രതമനുഷ്ഠിക്കുകയാണെങ്കിൽ അയാൾ അനാവശ്യമായി സംസാരിക്കരുത്. അമിതമായി ശബ്ദിക്കുകയുമരുത്. ആരെങ്കിലും അയാളെ ശകാരിക്കുകയോ അയാളോട് ശണ്ഠകൂടുകയോ ചെയ്യുന്നുവെങ്കിൽ 'ഞാൻ നോമ്പുകാരനാണ്' എന്ന് അയാൾ പറയട്ടെ.

***(ബുഖാരി)***